THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | ഫെബ്രുവരി 1956 | No. 2

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക

FEB. 1956

അവനിൽ
ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ
ഗൂഢമായിരിക്കുന്നു.
കൊലൊ. ൨. ൩.

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതിമാസം 8 ൯ പ്രസിദ്ധപ്പെടുത്തുന്നതു്

The Diocesan Publication Department.
Rev. C. K. John, Managing Editor, C. M. S. Press, Kottayam

ബാലജനപ്രവർത്തനാർത്ഥം മിവസത്തെയും സണ്ടേസ്ക്കൂൾ ദിനത്തിലെയും സ്തോത്രകാഴ്ചകൾ ഇതുവരെയും ആഫീസിൽ അടച്ചിട്ടില്ലാത്തവർ ഇനിയും താമസിയാതെ അടയ്ക്കുണമെ. ഓരോ കൂട്ടിയും ഓരോ അണ വീതമെങ്കിലും സ്തോത്രകാഴ്ച അപ്പിക്കണമെന്നാണല്ലൊ ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ അന്നേദിവസം പിരിഞ്ഞു കിട്ടിയിട്ടില്ലാത്തവർ മറ്റു ദിവസങ്ങളിലെ സ്തോത്രകാഴ്ചയിൽനിന്നും എടുത്തു കുറവു നികത്തി മേല്പറഞ്ഞ നിരക്കിൽ തുക അയച്ചുതന്നെങ്കിൽ മാത്രമെ കാര്യങ്ങൾ നടക്കുകയുള്ളു. കൂടുതൽ കിട്ടിയിട്ടുള്ളവർ സ്തോത്രകാഴ്ച മുഴുവനും തന്നെ അയച്ചുകൊടുക്കണമെ. നാം സന്ധിക്കുന്നതായുള്ള നടിക്കൂട ഗ്രാമത്തെ സംബന്ധിച്ചുള്ള ചില വിവരങ്ങൾ അടുത്ത കത്തിൽ എഴുതാമെന്നു ആശിക്കുന്നു.

എന്ന്

പള്ളം,
20-12-1955.

സി. റ്റി. മാത്യു,
സണ്ടേസ്ക്കൂൾ ജനറൽ സെക്രട്ടറി.

കൂടുവിൽ കിട്ടിയതു്

ഫെബ്രുവരി 27നു ഡെപ്യൂട്ടി മോഡറേറ്റർ ബിഷപ്പു സൂബിഗിൻ കോട്ടയത്തു വരുമെന്നു പ്രതീക്ഷിക്കുന്നു. പ്രസ്ബിറ്റേറന്മാർക്കുള്ള ധ്യാനയോഗം നടത്തുകയും മാർച്ച് 1നു വ്യാഴാഴ്ച ഇവർക്കുള്ള പട്ടംകൊടുക്കുശുശ്രൂഷയിൽ അദ്ദേഹം പ്രസംഗിക്കയും ചെയ്യും.

I. S. S. U. SUMMER SCHOOLS

First: *21st April—8th May.*
Second: *12th May—29th May.*

AT ST. ANDREW TEACHER TRAINING INSTITUTION, COONOOR, NILGIRIS, S. INDIA.

Ideal surroundings and an exhilirating climate at an elevation of 6,000 ft. Well-furnished buildings, library and bookshop. The Course will combine *study* with *fellowship* and recreation—Christian Education, Methods of Teaching Scripture, Training in Worship, Sunday School Organization, Activity Programmes, Audio-Visual Aids etc. *Medium of instruction, English.* Accommodation limited to 35. *Open to both men and women. Application to reach not later than March 20.* Prospectus, application form, etc. may be had from:—

THE ADMINISTRATIVE SECRETARY,
India Sunday School Union,
Coonoor, Nilgiris, S. India.

മാസികവരിക്കാക്കു്

ജനുവരിമാസത്തിൽ അനേകർ തങ്ങളുടെ വരിസംഖ്യ അടച്ചു തീർത്തതിനായി നന്ദി പറയുന്നു. 1956 ലേക്കുള്ള മുമ്പേറായി തന്നവർ പലരുണ്ടു്. എന്നാൽ 1954 മുതൽ കുടിശികയാക്കിട്ടുള്ളവർ ഏതാനും പേരുണ്ടെന്നുള്ളതു കഷ്ടമാണു്. അവരുടെതന്നെ 1955 അവസാനംവരെയുള്ള തയ്യാറുതരണം. 1956 മുതൽ അദ്ധ്യാപകർക്കും പകുതിചാർജ്ജു് അനുവദിക്കുന്നതല്ല. ശമ്പളവും അലവൻസുംകൂടെ 30 രൂ യിൽ കവിയാത്ത മഹായിടവക സ്ഥിരം പ്രവർത്തകർക്കു മാത്രമാണു പകുതി ചാർജ്ജു് അതു മുമ്പേറായി അടയ്ക്കുയും വേണം.

C. M. S. P.—901—2300—7-2-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | FEBRUARY 1956 | No. 2

BISHOP'S LETTER

ബിഷോപ്പുതിരുമനസ്സിലെ കത്തു്

കത്താവിൽ വാത്സല്യമുള്ളോരേ,

നാം മിശിഹായുകയായി പ്രതിക്ഷയോടും പ്രത്യാശയോടും പ്രാർത്ഥനയോടുംകൂടെ നോക്കി പാർത്തുകൊണ്ടിരുന്ന ബില്ലിഗ്രഹാം മിശ്യൻ കഴിഞ്ഞു ഇന്നു ഏഴുമണിയോടെ അവർ പാലയം കോട്ടയ്ക്കു പുറപ്പെട്ടു. ഞായറാഴ്ചകൂടെ നമ്മുടെ അരുത്തിയുടെവകയായ പുതുവൽവരെ പോയിരുന്നു. അവിടെവച്ചു ഒൻപതുമണിക്കു മുമ്പായി അവർക്കു ക്ഷീണം കൊടുത്തു. അവിടെ ഏകദേശം അഞ്ഞൂറോളം ആളുകൾ വന്നിരുന്നു. പള്ളിവാതുക്കൽനിന്നു പ്രസംഗവും പ്രാർത്ഥനയും നടത്തി ശേഷം അവർ യാത്ര തുടർന്നു. ആ സംഘം 26നു വ്യാഴാഴ്ച പതിനൊന്നുമണി കഴിഞ്ഞപ്പോൾ കൊച്ചിയിൽ എത്തി. സംഘത്തിൽ ഫോട്ടോഗ്രാഫ് വിദഗ്ധന്മാരായ രണ്ടാളുകളെ ബോംബയിൽ നിന്നു കൂട്ടിയതു ഉൾപ്പടെ ഒൻപതു പേർ ഉണ്ടായിരുന്നു. ഇവർ എല്ലാവരുംകൂടെ മൂലേടത്തു ഗവണ്മെൻറു അതിഥി മന്ദിരത്തിൽ താമസിക്കുന്നതിനു ഗവണ്മെൻറു അനുവദിച്ചിരുന്നു എങ്കിലും അവിടെ വേറെ ഗവണ്മെൻറു അതിഥികൾ 28നു വരുന്നതിനാൽ സാധിക്കയില്ല എന്നു കാണിച്ചു ഒരു കമ്പി 24നു വൈകുന്നേരം ഏഴു മണിക്കു ക്ലേസി കൂട്ടിവു കുടിയിരിക്കുമ്പോൾ ലഭിച്ചതു തല്ക്കാലത്തേക്കു അല്പം നിരാശാജനകമായി തോന്നിയെങ്കിലും ദിവ്യവിചാരണയാൽ അതു അനുഗ്രഹപ്രദമായിത്തീർന്നു. ഡോക്ടർ ബില്ലിഗ്രഹാമും രണ്ടു സെക്രട്ടറിമാരും കൂടെ ഇവിടെ ഞങ്ങളുടെ കൂടെയും മറ്റുള്ളവർ മി. എ. വി. ജോർജ്ജിൻെറ വസതിയിലും താമസിച്ചു. പ്രസ്തുത ക്രമീകരണം കൂടുതൽ സൌകര്യപ്രദമായിത്തീർന്നു. ഇതേസമയത്തു തന്നെ റവ. ജെ. പോളോക്കും പത്നിയും ഇംഗ്ലണ്ടിൽ നിന്നു വന്നു ചേർന്നു. അവർ ബാലശുശ്രൂഷാസംഘത്തിൻെറ ഒരു ചരിത്രം എഴുതുന്നതിനു നിയമിക്കപ്പെട്ടവരാണ്. അവരും ഈ ദിവസങ്ങളിൽ ശ്രീ ജോർജ്ജിൻെറ കൂടെയാണ് താമസിച്ചതു. വ്യാഴാഴ്ച വൈകുന്നേരമുണ്ടായിരുന്ന ഉദ്യാനവിരുന്നു സ്വീകരണത്തിനു ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരും യൂറോപ്യന്മാരും ഉൾപ്പെടെ മുന്നൂറിൽഅൻപതിൽ പരം ആളുകൾ സന്നിഹിതരായിരുന്നു. അതിനെ തുടർന്നു പ്രാരംഭയോഗത്തിൽ ഡോ. പിയേഴ്സും ഡോ. ബില്ലിഗ്രഹാമും പ്രസംഗിച്ചു. ഏകദേശം 35000 ആളുകൾ അതിൽ സംബന്ധിച്ചു. പിന്നീടുള്ള വൈകുന്നേരത്തെ മൂന്നു യോഗങ്ങളിൽ ഏഴുപത്തയ്യായിരം, ഒരു ലക്ഷം, ഒരു ലക്ഷത്തി പതിനായിരം എന്നീ കൂട്ടങ്ങൾ കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും വന്നുചേർന്നിരുന്നു. ഏതാണ്ടു ക്രിസ്തേതരരുൾപ്പെടെ മൂവായിരത്തിനാനൂറ്റി അൻപത്തിരണ്ടു പേർ യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചതായി കടന്നുവന്ന ഏറുപറഞ്ഞു. ഇവരെ തുടർന്നു അന്വേഷിക്കുന്നതിനുള്ള പദ്ധതി ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ വെള്ളിയാഴ്ചയും ശനിയാഴ്ചയും ഭദ്രാസനപ്പള്ളിയിൽവച്ചു ക്രിസ്തീയപ്രവർത്തകർക്കായും ശനിയാഴ്ച രായിലെ വിദ്യാർത്ഥികൾക്കായി മാത്തോമ്മാ സെമ്മനാരി അങ്കണത്തിൽവച്ചും നടത്തപ്പെട്ട സമ്മേളനങ്ങൾക്കു വളരെപ്പേർ തടിച്ചുകൂടിയിരുന്നു. ഇതിനും പുറമെ വെള്ളിയാഴ്ചയും ശനിയാഴ്ചയും പത്തു മണിക്കു ശേഷം പൊതുയോഗങ്ങൾ മാത്തോമ്മാ സെമ്മനാരി അങ്കണത്തിൽ വെച്ചുണ്ടായി

രുന്നതിൽ ഡോ. പിയർസും, റവ. റിഗ്ഗ്സ്സ് എന്നിവർ പ്രസംഗിച്ചു. ശനിയാഴ്ച ഉച്ചതിരിഞ്ഞു നമ്മുടെ നാട്ടിലെ വെള്ളപ്രമേശങ്ങളുടെ സ്ഥിതിഗതികൾ കാണുന്നതിനായി വടക്കേ കൊമരകത്തു മി. റോബെർട്ട ബയിക്കറിന്റെ വസതിവരെ പോയിരുന്നു. ഞായറാഴ്ച രണ്ടു മണിക്കുശേഷം നമ്മുടെ പാവപ്പെട്ട സഭാംഗങ്ങളുടെ ജീവിതരീതികളെ മനസ്സിലാക്കുന്നതിനു മുട്ടപ്പലം സഭയിലെ ചില വേനൽ സന്ദർശിച്ചു അവിടത്തെ പള്ളിയിലെ ശുശ്രൂഷയിൽ സംബന്ധിച്ചു മടങ്ങുന്ന വേളയിൽ ശ്രീ കെ. ജി. തോമസ്സിന്റെ ചായസല്ക്കാരം സ്വീകരിക്കയും ചെയ്തു. ഇവിടെ ഇപ്രകാരം ആരംഭിച്ചിരിക്കുന്ന വലിയ വേല ഒരു വലിയ ഉണർവ്വിനും പ്രചോദനത്തിനും മുഖാന്തരമാകുന്നതിനു വേണ്ടി ഇനിയും നടത്തേണ്ട തുടർച്ചപ്രയത്നങ്ങളിൽ നമുക്കു താല്പര്യമായി പ്രാർത്ഥനാപൂർവ്വം സഹകരിക്കാം.

അടുത്ത മാസത്തിലാണല്ലോ നോമ്പു ആരംഭിക്കുന്നതു. നോമ്പിനു ഒരുങ്ങുന്നതിനു ആരംഭിക്കുന്ന എഴുപതാം ഞായറാഴ്ചയോടെ അവസാനിച്ച പ്രസ്തുത യോഗങ്ങൾ നൽകിയിരിക്കുന്ന പ്രചോദനവും പ്രയത്നവും തുടർന്നുപോകേണ്ടതിനു നമുക്കു കരുതുകയും പ്രാർത്ഥനയാലും മറ്റു ക്രമീകരിക്കപ്പെട്ട മുഖാന്തരങ്ങളാലും നമുക്കു അത്യുത്സാഹത്തോടെ ത്യാഗപൂർവ്വം യത്നിക്കയും ചെയ്യാം.

ഇക്കൊല്ലത്തെ ഡയോസിസൻ മിഷ്യനർ ആയി വന്നുചേർന്ന ഡോ. മക്ലസ്സർ അവർകൾ 14നു ഇവിടെ എത്തിയശേഷം കോട്ടയത്തും വാഴൂരും യോഗങ്ങൾ നടത്തി. പിന്നീടു ശരീരസൌഖ്യം വേണ്ടുംവണ്ണം ഇല്ലാഞ്ഞതിനാൽ മടങ്ങിപ്പോകുന്നതിനു നിർബ്ബന്ധിതനാകയും 21നു ശനിയാഴ്ച തിരികെ പോകയും ചെയ്തു. ദിവ്യവിചാരണയാൽ അതും നന്മയ്ക്കായി തിരുമനസ്സാശിക്കുന്നു.

ജനുവരി ഒന്നാം ആഴ്ചയിൽ സിനഡു മിഷ്യൻ ബോർഡു മദ്രാസിൽവച്ചും രണ്ടാം ആഴ്ചയിൽ സിനഡു തുടർന്നാപ്പള്ളിയിൽ വച്ചും മംഗളകരമായി നടത്തപ്പെട്ടു. അവയെപ്പറ്റി കൂടുതൽ വിവരങ്ങൾ ഞാൻ ഇപ്പോൾ എഴുതുന്നില്ല.

ദൈവം നമ്മെ കാണിച്ച വൻകാര്യങ്ങളെക്കുറിച്ചു ഓർത്തു സ്തോത്രം ചെയ്തുകൊണ്ടു തന്റെ നാമത്തിലും, മഹത്വത്തിനും രാജ്യത്തിനും വേണ്ടി നമ്മുടെ ജീവിതങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടു നമുക്കു അത്യുത്സാഹത്തോടെ പുരോഗമിക്കാം. പരിശുദ്ധാത്മാവു നിങ്ങൾ എല്ലാവരിലും തന്റെ അനുഗ്രഹമേറിയ കൃപയുടെ പ്രവർത്തിയെ തുടർന്നുകൊണ്ടിരിക്കട്ടെ. വീണ്ടും നിങ്ങളെ എല്ലാവരെയും ദൈവത്തിങ്കൽ ഭരമേല്പിച്ചുകൊണ്ടു എഴുതുന്ന

30-1-56.
Kottayam.

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,
C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

ഫെബ്രു. 1.	പാസ്റ്ററൽ ബോർഡു സഭ്യർ	14.	കോളജ് കമ്മറ്റി.
3.	ഇലപ്പള്ളി. കമ്മറ്റി.	17.	കാണക്കാരി.
5.	പൂവത്തൂർ.	18.	മല്ലപ്പള്ളി.
9.	ബഥേൽ—നെടുങ്ങാടപ്പള്ളി.	19.	പള്ളം.
10.	സി. എൽ. എസ്. കമ്മറ്റി.	22.	മാരാമൺ.
11.	ഇടക്കുന്നം.	23—24.	വെല്ലൂർ.
12.	ഉപ്പുതറ.	26.	കോട്ടയം.

ഡോ. ബില്ലിഗ്രഹാം മദ്രാസിൽ

ജനു. 21നു ശനിയാഴ്ച കാലത്തു ഡോ. ബില്ലിഗ്രഹാമും പാർട്ടിയും ബോംബെയിൽനിന്നും വിമാനത്തിൽ മദ്രാസിലെത്തി. വിമാനത്താവളത്തിൽവച്ചു പത്രപ്രതിനിധികളുമായിട്ട

ള്ള സംഭാഷണത്തിൽ ഇപ്രകാരം പറയുണ്ടായി. മദ്രാസിൽ വന്നെത്തിയതു മുതൽ വലിയ പരിവർത്തനമായി ഞാൻ ഗണിക്കുന്നു. മദ്രാസിൽനിന്നുള്ള പലരെ കണ്ടിട്ടുണ്ടു നിങ്ങളുടെ മഹാനഗരത്തെപ്പറ്റി പല കാര്യങ്ങളും കേട്ടിട്ടുണ്ടു. തന്റെ സന്ദർശനോദ്ദേശത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചു. ഞാൻ ഇവിടെ വന്നിരിക്കുന്നതു ദൈവരാജ്യത്തിന്റെ പ്രതിനിധിയും വഹിച്ചുകൊണ്ടും ആത്മാവിന്നുടുത്ത കാര്യങ്ങളെ പ്രതിപാദിക്കുന്നതിനുമാണു. എന്റെ സന്ദേശം വളരെ ലളിതമാണു. ഇനിക്കു നവീനമായിട്ടോ വിപ്ലവകരമായിട്ടോ ഒന്നും പറയാനില്ല. ക്രിസ്ത്യാനിത്വത്തിന്റെ ആത്മിക മൂല്യങ്ങളെ ശക്തീകരിക്കുകയും പ്രതിദിന ജീവിതത്തിൽ സുവിശേഷസത്യങ്ങളെ പ്രായോഗികമാക്കുന്നതിന്റെ പ്രാധാന്യത്തെ ബോദ്ധ്യപ്പെടുത്തുകയുമാണു എന്റെ ധർമ്മം. ഇന്ത്യയിലെ ക്രൈസ്തവസഭകൾ ശിഥ്രമായി മുരടിച്ചുകൊണ്ടിരിയുന്നതിൽ സംതൃപ്തിപ്പെടുന്നതായി വെളിപ്പെടുത്തി. ക്രൈസ്തവസന്ദേശം പാശ്ചാത്യരുടേതല്ല. ക്രിസ്തുമതത്തിന്റെ ഉത്ഭവം പൂർവ്വദേശത്താണു. അമേരിക്കയിൽ ക്രിസ്തുമതം ആവിർഭവിച്ചിട്ടു 200 വർഷങ്ങളായിരിക്കുമ്പോൾ ഇന്ത്യയിൽ അതിനു 1500 വർഷത്തെ പഴക്കമുണ്ടു. ഇന്നു ലോകത്തിന്റെ വിഷമപ്രശ്നം അണുബോംബല്ല പിന്നെയോ അതു പുറപ്പെടുവിക്കുന്നതിനിടയാക്കിയ മനുഷ്യസ്വഭാവമാണു.

ക്രിസ്തുയേശുവിൽ നമുക്കുള്ള പ്രത്യാശ

(By KOSHI JOHN)

പ്രത്യാശ എന്നതു വെറും ഒരു ആശ അല്ല. ഒടുവിൽ പറഞ്ഞതു സംഭവ്യമോ അസംഭവ്യമോ ആയ കാര്യങ്ങളെക്കുറിച്ചുള്ള ഒരു തോന്നൽ, അഥവാ, ആശ ആയേക്കാം. എന്നാൽ പ്രത്യാശ അടിസ്ഥാനപ്പെട്ടിരിക്കുന്നതു സംഭവ്യം എന്നു തോന്നുന്ന മനോനിശ്ചയങ്ങളിന്മേൽ അത്രെ. "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൌമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" എന്നു വിശുദ്ധ പത്രൊസു പറയുമ്പോൾ (1 പത്രൊ. 3. 15). സംഭവ്യമായ ക്രിസ്തീയ മനോനിശ്ചയത്തെ അത്രെ അവ സൂചിപ്പിക്കുന്നതു.

ക്രിസ്തീയ മനോനിശ്ചയം എന്നു പറയുന്നതു ദൈവത്തെയും മനുഷ്യനെയും ഉൾക്കൊളളുന്ന വിസ്തൃതമായോരു വിഷയം ആകുന്നു. അവ വാസ്തവങ്ങളോ അവാസ്തവങ്ങളോ ആയേക്കാം. എന്നാൽ വാസ്തവങ്ങളായ കാര്യങ്ങളെപ്പറ്റി മാത്രം ഇവിടെ പ്രതിപാദിക്കേണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ക്രിസ്ത്യാനിമാർഗ്ഗം പ്രത്യാശകളുടെ ഒരു മാർഗ്ഗം ആകുന്നു. ഈ മതം പ്രദർശിപ്പിക്കുന്നതു പോലെ മറെറാരു മതവും ദൈവം മനുഷ്യനു നല്കിയിരിക്കുന്ന പ്രത്യാശയെപ്പറ്റി ഖണ്ഡിതമായി ഒന്നും തന്നെ വിവരിക്കുന്നില്ല. ലോകമാകുന്ന മരുഭൂമിയിൽ പാപമാകുന്ന ചുഴലിക്കാറ്റു അടിച്ചതിന്റെ ഫലമായി ആശയാകുന്ന വൃക്ഷങ്ങൾ എല്ലാം വേരോടെ പിഴുതു മറിച്ചിടപ്പെട്ടു—ആശയുടെ സന്തോഷാധിക്യം കായിച്ചുകൊണ്ടുനിന്ന ഫലവൃക്ഷങ്ങളെല്ലാം പാടെ മറിഞ്ഞു വീണു! ഇനിയും എന്താണു നിവൃത്തി? സർവ്വജ്ഞാനിയായ ദൈവം കണ്ടതു, പ്രത്യാശയാൽ മനുഷ്യനെ വീണ്ടും എഴുന്നേല്പിക്കണമെന്നാകുന്നു. "പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു" എന്നാകുന്നു വിശുദ്ധ പൌലൊസു പറയുന്നതു (റോമ. 8. 24).

1. പ്രത്യാശയാലുള്ള രക്ഷ സാവകാശത്തിലുള്ള രക്ഷ ആകുന്നു. ഒരു മനുഷ്യൻ കാലുതെറ്റി വീഴുന്നു എന്നു വിചാരിക്കുക. എന്നാൽ അവന്റെ വീഴ്ച സാരമില്ലാത്തതെങ്കിൽ അവൻ ഉടനെ എഴുന്നേറ്റു ചിരിച്ചുംകൊണ്ടു നടക്കും. നേരെ മറിച്ചു ആ വീഴ്ചയാൽ അവന്റെ കാലോ കൈയ്യോ ഒടിയുകയും മറേറതെങ്കിലും അപായകരമായ കേടുപാടുകൾ ഉണ്ടാകയും ചെയ്താൽ അവൻ സുഖം പ്രാപിക്കുന്നതു കുറെ ദിവസങ്ങൾകൊണ്ടും സാവധാനത്തിലും ആയിരിക്കും. പാപത്താൽ വീണുപോയ മനുഷ്യനെ ദൈവം പ്രത്യാശയാൽ വീണ്ടും എഴുന്നേല്പിക്കുന്നതിന്റെ രഹസ്യം അത്രെ നാം ഇവിടെ കാണുന്നതു. പാപത്താലുള്ള വീഴ്ച എത്ര ഭയങ്കരമായോരു വീഴ്ചയായിരുന്നു എന്നു ദൈവത്തിനു മനുഷ്യനെ ബോദ്ധ്യപ്പെടുത്തണം—

പെട്ടെന്നു സുഖം പ്രാപിച്ചു പരിശുദ്ധനാകാവുന്ന ഒരു വിശ്വയല്ലായിരുന്നു അതു. അങ്ങനെ നയമാനെ രക്ഷിച്ചു സുഖപ്പെടുത്തിയതുപോലെ ഒരു പാപിയെപ്പൂർണ്ണൻ ആക്കുവാൻ സർവ്വശക്തനായ ദൈവത്തിനു കഴിവുണ്ട്. എങ്കിലും അങ്ങനെ ചെയ്യാൻ ദൈവം പാപത്തെ നിസ്സാരമായി എണ്ണുന്നു എന്നും വരികയില്ലയോ? അതിനാൽ രക്ഷയുടെ പൂർണ്ണത പ്രത്യാശയുടെ സുഖകരവുമായ തണലിൽക്കൂടെ മെല്ലവെ വേണമെന്നു ദൈവം നിശ്ചയിച്ചതു സർവ്വശക്തനായ ദൈവത്തിന്റെ അഗാധജ്ഞാനം അത്രെ! "പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു" എന്നു പൌലൊസു പറയുന്നതു എത്ര ശരിയാകുന്നു!

2. ജഡശരീരം ധരിച്ചു നാം ലോകത്തിൽ ഇരിക്കും കാലത്തോളം പ്രത്യാശയുടെ ജീവിതം അത്യന്താപേക്ഷിതമാകുന്നു. നാം വസിക്കുന്നതു ശത്രുവിന്റെ മദ്ധ്യത്തിലാകുന്നു. ലോകവും പിശാചും ജഡവും ക്രൂടെക്കൂടെ നമ്മെ ആക്രമിക്കുന്നു. നാം വീഴുകയും പ്രത്യാശ നമ്മെ എഴുന്നേല്പിക്കയും ചെയ്യുന്നു. വാഴ്ത്തപ്പെട്ട പ്രത്യാശ നമുക്കു സഹായകരമായിനിന്നു നമ്മെ പ്രോത്സാഹിപ്പിക്കാത്തപക്ഷം ഒരിക്കൽ വീണാൽ പിന്നെ നാം എഴുന്നേല്ക്കയില്ല—"സിയോന്റെ പടിവാതിലുകളെയും നമ്മുടെ ഓട്ടം നോക്കിക്കൊണ്ടു നമുക്കു ചുറ്റും നില്ക്കുന്ന സാക്ഷിയുടെ വലിയൊരു സമൂഹത്തെയും നാം കാണുമ്പോൾ പ്രത്യാശ നമ്മെ എഴുന്നേല്പിക്കയും വിണ്ടും ദൈവസിംഹാസനത്തോടു അടുപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ വിശുദ്ധ പൌലൊസു പറയും പ്രകാരം "കാണപ്പെടാത്ത പ്രത്യാശയ്ക്കായി നാം ക്ഷമയോടെ കാത്തിരിക്കുന്നു"—ക്ഷമയോടുകൂടിയ ഒരു കാത്തിരിപ്പാകുന്ന പ്രത്യാശയുടെ അന്തം. നമ്മുടെ ദിനംപ്രതിയുള്ള ജീവിതത്തിൽ ലോകത്തോടും ജഡത്തോടും പോരാടി നില്ക്കുന്നതിനുള്ള ശക്തിയ്ക്കായി നാം ക്ഷമയോടെ കാത്തിരിക്കുന്നു. പ്രത്യാശയുടെ കൊടിക്കീഴിലത്രെ ഈ അനുഗ്രഹങ്ങളെ എല്ലാം ദൈവം ഉൾപ്പെടുത്തിയിരിക്കുന്നതു.

അതുകൊണ്ടു ക്ഷീണിച്ചുപോയ കൈകളെ നമുക്കു വിണ്ടും ഉയർത്തുകയും തളർന്നുപോയ മുഴങ്കാലുകളെ വിണ്ടും മടക്കുകയും ചെയ്യാം. അങ്ങനെ നമ്മുടെ എല്ലാ കഷ്ടതകളിലും പ്രയാസങ്ങളിലും പ്രത്യാശയുടെ ശാന്തമായ ശബ്ദം നമ്മെ എപ്പോഴും ഉണർത്തുമാറാകട്ടെ!

3. പ്രത്യാശയുടെ മകുടം കർത്താവായ യേശുവിന്റെ വരവാകുന്നു. ഈ വരവിനെപ്പറ്റിയുള്ള പ്രത്യാശ അനേകരെയും വിശ്വാസികളാക്കിട്ടുള്ള ഒരു പ്രധാനമാകുന്നു. പഴയലോകത്തെ നീക്കി "പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിക്കുന്ന കാര്യം ദൈവത്തിനുള്ളതും അതിനുള്ള സമയം വരുമ്പോൾ അതിനോടു അടുത്തു ആലോചിക്കാതെ താൻ തന്നെ അതു നിവൃത്തിക്കുന്നതുമായിരിക്കും. അതുകൊണ്ടത്രെ "നാളും നാഴികയും പിതാവല്ലാതെ മറ്റാരും അറിയുന്നില്ല" എന്നു പുതുനായ കർത്താവു പറഞ്ഞതു—ഇന്നത്തെ ഈ ലോകത്തെ സൃഷ്ടിച്ചപ്പോൾ "ഭൂമിക്കു അടിസ്ഥാനമിട്ടതും മൂലക്കല്ലു സ്ഥാപിച്ചതും അവരുടെ പേർ പിടിപ്പിച്ചതും" ആരെയും അറിയിക്കാതെയും ആരോടും ആലോചന ചോദിക്കാതെയും ആയിരുന്നു എന്നാണല്ലോ ദൈവം യോബിനോടു പറഞ്ഞതു—അവണ്ണംതന്നെ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്ന നാളും നാഴികയും പിതാവിന്റെ ഇഷ്ടത്തിൽ മാത്രം ഇരിക്കുന്ന സംഗതിയാകുന്നു. എങ്കിലും അതു നമ്മുടെ പ്രത്യാശയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു അതിനായുള്ള കാത്തിരിപ്പു നമ്മുടെ ക്രിസ്തീയ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനത്രെ. യേശു വരും, നിശ്ചയമായിട്ടും വരും, ലോകം പുതുതാക്കപ്പെടുകയും ചെയ്യും—ഈ പ്രത്യാശയുള്ളവൻ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.

ഇന്ത്യയിലെ പ്രൊട്ടസ്റ്റന്റു മിഷ്യനെറ കാൽ സഹസ്രാബ്ദജൂബിലി

മിശ്യനറിയത്തിനായി ആദ്യം ഇന്ത്യയിൽ മിശ്യനറിമാർ വന്നിറങ്ങിയതു 1706 ജനുവരിയിലായിരുന്നതിനാൽ ഇയ്യാണ്ടോടുകൂടെ 250 വർഷമാകുന്ന കാൽ സഹസ്രാബ്ദജൂബിലി കയുന്ന ജൂബിലിമഹാവത്സരമാണല്ലോ. അതു സംബന്ധിച്ചുള്ള ആലോചനകൾ ആദ്യ മിശ്യനറിമാരായിരുന്ന സീഗൻബാൽഗ്, ഹെന്റി പ്ലൂട്ട്ഷോ എന്നിവർ വന്നിറങ്ങിയ ട്രാൻക്വിബാറിലും, മദ്രാസിലും വച്ചു വളരെ മംഗളമായി നടത്തപ്പെട്ടിരിക്കുന്നു. ആലോചനസമ്മേളന

ത്തിൽ ജർമ്മനി, സ്വിറ്റ്സർലണ്ട്, സ്വീഡൻ, ഡൻമാർക്ക്, അമേരിക്ക, ആസ്ത്രേലിയാ, ഇണ്ടോനേക്ക്യാ, മഡഗാസ്കർ, ഹോംഗ്കോങ്ങ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള 70 പ്രതിനിധികളും ഇന്ത്യയിലെ വിവിധ പ്രോട്ടസ്റ്റൻ മിഷ്യൻസിൽപ്പെട്ട 1000 ക്രൈസ്തവരും ഉൾപ്പെട്ടിരുന്നു. പ്രസ്തുത സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചതു ഡോ. പി. വി. ചെറിയാൻ അവർകളായിരുന്നു. അദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ക്രൈസ്തവസമുദായം ഇന്ത്യയുടെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി നല്കീട്ടുള്ള സംഭാവനകളും അവർക്ക് ഇന്ത്യാഗവർമ്മെന്റിന്റെ ഉദ്ദേശശുദ്ധിയിലുള്ള വിശ്വാസവും അവരവർക്ക് ബോദ്ധ്യമാകുന്ന മതം അംഗീകരിക്കുന്നതിനും അവലംബിക്കുന്നതിനും അറിയിക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും ഭാരതത്തിൽ അവരനുഭവിക്കുന്ന സൈരതയും മാന്യതയുമെല്ലാം ഊന്നിപ്പറകയുണ്ടായി. ലൂതറൻ സഭയുടെ ബിഷോപ്പായി ഒരിന്ത്യനെ ആദ്യമായി നിയമിച്ചതു ഒരു പ്രധാന ഘട്ടമായി സൂചിപ്പിക്കയും അതു ന്യായവും ഉചിതവുമായ ഒരു പുരോഗമന നടപടിയെന്നു ചൂണ്ടിക്കാണിക്കയും ചെയ്തു.

ജൂബിലി പ്രസംഗം ചെയ്തതു അഖിലലോക ലൂതറൻ സഖ്യത്തിന്റെ പ്രസിഡണ്ടു് ജർമ്മനിയിൽ ഹാനോവറിലെ ഹാൻഡ് ലിൽ ജി ബിഷോപ്പവർകളായിരുന്നു. പ്രഥമ മിഷ്യനറിയായിരുന്ന സീഗൻബോൾഗിന്റെ വീരോദ്യമത്തെ പ്രശംസിക്കുകയും തന്മൂലം ദൈവത്തിങ്കലേക്കു തിരിച്ചു, ധൈര്യവും വിശ്വാസവുമുള്ളവരായി പ്രവർത്തിക്കുന്നതിനു ക്രൈസ്തവജനത്തെ പ്രബോധിപ്പിക്കയും ചെയ്തു. ഡൻമാർക്കിലെ ക്രിയോളിയർ ബിഷോപ്പു അവരുടെ രാജാവിനേയും മിഷ്യൻ കൌൺസിലിനേയും പ്രതിനിധീകരിച്ചു പ്രസംഗിക്കയും 10,000 രൂപയുടെ ഒരു സംഭാവന പ്രസ്താവിക്കയും ചെയ്തു. സ്വീഡനിലെ സ്ഥാനാപതി മിസ്സസ്സ് അൻവാ മിർഡോൽ അവരുടെ രാജാവിന്റെ മംഗളാശംസകൾ അറിയിക്കയും അവിടെനിന്നുള്ള സംഭാവനയിൽ ആഹ്ലാദിക്കയും ചെയ്തു. സിഗൻബോൾഗിന്റെ സ്മാനത്തൊട്ടി തമിഴ്സഭയ്ക്കു സമ്മാനിച്ചതായി ലിൽജി ബിഷോപ്പു പ്രസ്താവിച്ചു. ഇണ്ടോനേക്ക്യായിലെ ബട്ടാക്ക് സഭാപ്രതിനിധികൾ ബിഷോപ്പന്മാരെയെല്ലാം അവർ കൊണ്ടുവന്നിരുന്ന രേന്തഹാരങ്ങൾ അണിയിക്കയുണ്ടായി. സ്ഥാനമൊഴിയുന്ന സാണ്ട്റിംഗൻ ബിഷോപ്പിനും പുതുതായി നിയമിക്കപ്പെട്ട മാണിക്യം ബിഷോപ്പിനും മംഗളോപഹാരങ്ങൾ സമർപ്പിച്ചു. ഇണ്ടോനേക്ക്യൻ പാർലിമെൻറിന്റെ ഡപ്യൂട്ടി സ്പീക്കർ മി. ടാമുനാൻ ഇന്ത്യൻ ക്രൈസ്തവരെ ആഹ്വാനം ചെയ്തു പറഞ്ഞതു നിങ്ങൾ സഭയ്ക്കു സേവനം ചെയ്യുവിശ്വാസം കാത്താൽ മാത്രം പോരാ, മാതൃരാജ്യത്തിന്റെ പൊതുജീവിതത്തിൽ നിങ്ങളുടെ കർത്തവ്യം നിവൃത്തിക്കയും വേണം.

മഹാസഭയിനെ അഭിമുഖീകരിച്ചു പുതിയ ബിഷോപ്പു ഡോ. മാണിക്യം ഒരു പ്രസംഗം ചെയ്തു. ഇന്ത്യയിലുള്ള ക്രിസ്തീയ പ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നതെന്നു ബോധപ്പെടാം. കഴിഞ്ഞ കാല മഹത്വകരമെങ്കിലും പഴയ ക്രമം നീങ്ങുന്നതിനുള്ള കാലമായി. പാശ്ചാത്യസഭകളുടെ മിഷ്യനറിസംരംഭം ഒരു പുതിയ ലോകത്തെയാണ് ഇന്നു അഭിമുഖീകരിക്കുന്നതു്. ഏതായാലും നമ്മുടെ രാജ്യം ഒരു നവഭാരതം തന്നെ. നമ്മുടെ സകല ഇന്നഭിമുഖീകരിക്കുന്നതു രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും രൂപാന്തരപ്പെട്ടിരിക്കുന്ന ഒരു പരിതസ്ഥിതിയാണ്. രാഷ്ട്രീയസ്വാതന്ത്ര്യവും പുരാതനപാരമ്പര്യവുമുള്ള ബലവത്തായ അടിസ്ഥാനത്തിന്മേൽ ഉറച്ചുനിന്നുകൊണ്ടു ക്രിസ്തുനിത്യത്തെ വെല്ലുവിളിക്കുന്ന ഒരു ജനതതിയെ ആണ് നാം അഭിമുഖീകരിക്കുന്നതു്. ഒരു നൂറ്റാണ്ടിനു മുമ്പുപയോഗയോഗ്യമായിരുന്ന രീതികൾ ഇന്നത്തെ സാഹചര്യത്തിൽ ഫലകരമല്ല. ക്രിസ്തുവിൽ വേരുന്നിയ സഭ ദേശത്തിനു പറ്റിയ വിധത്തിൽ ജീവിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ജനസാമാന്യത്തിന്റെ ഭാഷയിലും ചിന്താഗതിയിലും സുവിശേഷം വെളിപ്പെടുത്തുകയാണാവശ്യം.

അഖിലലോക ലൂതറൻ സഖ്യത്തിന്റെ ഏഷ്യാവിഭാഗസമ്മേളനം ജനുവരി 20—22നു മദ്ധ്യാർജ്ജുനത്തിൽവച്ചു നടത്തി ലൂതറൻ സഭകളുടെ ഐക്യത്തെപ്പറ്റി പര്യാലോചിക്കയും ചെയ്തുണ്ടായി.

അഖിലലോക ലൂതറൻ ഫെഡറേഷ്യൻ—മദ്രാസ് (തുടർച്ച)

പ്രസ്തുത ഫെഡറേഷ്യന്റെ നിർവ്വാഹകകമ്മറ്റി സമ്മേളനം ജൂബിലിയാഘോഷത്തിന്റെ പിൻചടങ്ങായി നടത്തപ്പെട്ടു. ഫെഡറേഷ്യൻ സെക്രട്ടറി ഡോ. കാൽമുങ്കിസ്റ്റ് ഇപ്രകാരം പ്രസ്താവിച്ചു. ലൂതറൻ സഭകളുടെ ആദ്യമായി റഷ്യ ഉൾപ്പടെയുള്ള എല്ലാ ഗവർമ്മെൻറുകളോടും കാരാർ തത്ത്വത്തിൽ ഇതരരാജ്യങ്ങളുമായിട്ടുള്ള തങ്ങൾ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പറഞ്ഞു തീർക്കുന്നതിനുള്ള ആഹ്വാനം പുറപ്പെടുവിച്ചിട്ടുള്ളതു. മാത്രവുമല്ല ആറ്റം ബോംബും ഹൈഡ്രജൻ ബോംബും നിരോധിക്കുന്നതിനുള്ള ലോകസഭ കൌൺസിലിന്റെ പ്രമേയവും എല്ലാ ഗവർമ്മെൻറുകൾക്കും അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്താവിക്കയുണ്ടായി. സഭകൾ മുഖാന്തരം ഏഷ്യൻ ജനതയുടെ പ്രശ്നങ്ങളെപ്പറ്റി പരിഗണിക്കയും സഭകളുടെ യോജിപ്പിനുവേണ്ടിയത്നിക്കയും ചെയ്തിട്ടുണ്ട്. പതിനാകോടി ഡോളർ സാധുജനസഹായാർത്ഥം അയച്ചുകൊടുക്കയും ചെയ്തു. തങ്ങളുടെ മുഖത്തെ മൈവത്തിങ്കലേക്കു തിരിക്കുന്നതിൽ ക്രൈസ്തവലോകത്തോടെല്ലാം അഭ്യർത്ഥിക്കയും ചെയ്തു.

അഖിലലോക ഫെഡറേഷ്യൻ 29 രാജ്യങ്ങളിൽ നിന്നുള്ള 56 സഭകളുടെ ഒരു സംയുക്തസഹകരണസംഘടനയാണു. 4 കോടി 70 ലക്ഷം സഭാംഗങ്ങളാണു അവയിലെല്ലാം കൂടിയുള്ളതു. ഈ അഖില ലോകകമ്മറ്റി ഇന്ത്യയിൽ കൂടിയതാദ്യമായിട്ടാണു. ഏഷ്യൻ പ്രാദേശിക കമ്മറ്റി ജനു. 20 മുതൽ മദ്രാസിൽ കിൽപോക്കിലുള്ള ലൂതറൻ സെമ്മനാരിയിൽ വെച്ചു നടത്തപ്പെട്ടു. ഇന്ത്യൻ പ്രതിനിധികളായ 25 പേരും ഏഷ്യയിലെ ഇതര രാജ്യങ്ങളിൽ നിന്നുള്ള 25 പേരും വിദേശികളായ 20 പേരും അതിൽ അംഗങ്ങളായി സംബന്ധിച്ചു. ജർമ്മനിയിലെ ലൂതറൻ സഭയിൽ 2 കോടി അംഗങ്ങളുണ്ടു. അതു രാജ്യത്തെ ജനസംഖ്യയുടെ 78 ശതമാനമാണ്.

ശക്തിയേറിയ ആത്മീയ ഉണർവ്വു

കവിയൂർ ഇടവകയിൽ

മനുഷ്യർ ആത്മീയജീവിതത്തിൽ അധഃപതിക്കുമ്പോൾ ദൈവം തന്റെ ദിവ്യവിചാരണയിൽ ആത്മീയ ഉണർവ്വിനെ അയയ്ക്കുന്നു എന്നുള്ളതു ഈ ഇടവകയിൽ യഥാർത്ഥമായിത്തീർന്നിട്ടുണ്ടു. ഇടവകയുടെ പല ഭാഗങ്ങളിലായി ക്രമീകരിക്കപ്പെട്ടിരുന്ന പ്രാർത്ഥനാകൂട്ടങ്ങളിലൊന്നു ശക്തിപ്പെടുകയും അവരിൽ ചിലർക്കു പരിശുദ്ധാത്മാവിന്റെ നിറവു, ഭാക്യവരം, വ്യാഖ്യാനവരം, ദർശനങ്ങൾ മുതലായവ ലഭിക്കയും മൈനംദിനം ഈ കൂട്ടങ്ങൾ ശക്തി പ്രാപിച്ചു ക്രമേണ ഇടവകയുടെ ഇതര ഭാഗങ്ങളിലേക്കു വ്യാപിക്കുകയും അങ്ങനെ ഇടവകയിൽ ഉള്ള എല്ലാ ഭവനങ്ങളും ഉണർത്തപ്പെടുകയുമാണു ചെയ്തിട്ടുള്ളതു. അത്ഭുതമേറിയ ആത്മീയാനുഭവങ്ങൾ പലർക്കും ഇതിനകം ഉണ്ടായിട്ടുണ്ടു. കുടുംബകലഹങ്ങൾ ശമിക്കയും വ്യക്തിവിദ്വേഷങ്ങൾ യാതൊരു പരപ്രേരണയും കൂടാതെ പറഞ്ഞുതീർത്തു നിരപ്പിന്റെ ശുശ്രൂഷ സാധിച്ചുപോരുന്നു. പ്രാർത്ഥനാകൂട്ടങ്ങളിലും പള്ളിയാരാധനയിലും വലിയ തീക്ഷ്ണതയും വളരെ വ്യത്യസ്തങ്ങളായ അനുഭവങ്ങളും ഉളവായിട്ടുണ്ടു. ദൈവം ശക്തിയേറിയ ഉണർവ്വിനെ ഇവിടെ ആരംഭിക്കയും സഹോദരീസഭകളിലേക്കു വ്യാപിപ്പിക്കയും ചെയ്യുന്നതിൽ ദൈവത്തെ സ്തുതിക്കയും ബില്ലിഗ്രഹാം മിഷ്യന്റെ അനുഗ്രഹത്തിന്റെ പ്രാരംഭപടിയായി ഇതിനെ ഞങ്ങൾ കരുതുകയും ചെയ്യുന്നു. മഹായിടവകയുടെ എല്ലാഭാഗത്തും ഇതുപോലെയുള്ള ഒരു ആത്മീയ ഉണർവ്വു ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കയും ഉണർത്തപ്പെട്ട ഈ സഭയ്ക്കുവേണ്ടി ഏവരുടെയും പ്രാർത്ഥനയെ അഭ്യർത്ഥിക്കയും ചെയ്യുന്നു.

ഐ. ഇട്ടിമാസ്റ്ററവർകളുടെ ഒരു പിറന്നാൾ സന്ദേശം

എന്റെ ഈ എഴുപതാമത്തെ പിറന്നാളിൽ എന്റെ പൂർവ്വവിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും ബന്ധുക്കൾക്കും എന്റെ ഹൃദയംഗമമായ സല്ക്കാരങ്ങളും ആശംസകളും അറിയിച്ചുകൊള്ളു

ന്നും ദൈവം നമ്മെ ഒരുമിച്ചു ചേർത്തിരുന്ന നാളുകളിൽ നിങ്ങൾ എന്നോടു കാണിച്ച സ്നേഹവും ദയയും ഇപ്പോഴും ഞാൻ സസന്തോഷം സ്മരിക്കുന്നു. അതിനെക്കുറിച്ചുള്ള ഓർമ്മ എന്റെ വിരമിവസങ്ങളിൽ എനിക്കു അതിയായ പ്രസന്നതയും പ്രചോദനവും നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

എന്റെ ജീവിതകാലത്തിൽ നെടുകെ എനിക്കു പ്രേരകമായിത്തീർന്ന രണ്ടു ചിന്താഗതികൾ നിങ്ങളുടെ മുമ്പിൽ വെക്കട്ടെ. ഒന്നാമത്തേതു ഒരു പേർക്യൂൻ പഴഞ്ചൊല്ലാണ്. മതിൽ പണിക്കുപയോഗമുള്ള ഒരു കല്ലു വഴിയരികെ കിടക്കാനിടവരികയില്ല. എന്നാൽ മതിൽ നിർമ്മാണത്തിൽ അതിന്റെ സ്ഥാനം കണ്ടെത്തുന്നതുവരെ ചെത്തി മിനുസ്സപ്പെടുത്തി ഉപയോഗയോഗ്യമാക്കപ്പെടേണ്ടിയിരിക്കുന്നു. ജീവിതത്തെ സംബന്ധിച്ചും അങ്ങനെ തന്നെ ആരംഭദശമുതൽ ഒരു സജ്ജീകരണയത്നമാവശ്യമാണ്. അതാശ്ചര്യകരമായിരിപ്പാൻ തരമില്ല. ഏതു ശിക്ഷയും തല്ക്കാലം സുഖകരമല്ല ദുഃഖകരമത്രെ എന്നു തോന്നും. കഷ്ടത കഠിനമെങ്കിലും അതിന്റെ പിന്നിലായി ശിക്ഷണവും സംസ്കരണവും സാല്യുതയുമുള്ളതും നമ്മെ ഉൽകൃഷ്ടരാക്കി പരസഹായാർഹം പൂർണ്ണതയിലേക്കു പ്രാപിക്കുന്നതുമാകുന്നു. പ്രാചീനരായിരുന്ന യൌസേഫ്, മോശെ, ദാവീദ് എന്നിവരേയും നവീന കാലത്തെ മഹാത്മഗാന്ധിയേയും ഓർക്കുക. അവരുടെ തലമുറകളിൽ ദൈവോദ്ദേശം നിവൃത്തിക്കപ്പെടുന്നതിനു ദൈവകൃപയുടെ തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളായിരുന്നു അവർ. അപ്രകാരമുള്ള ജീവിതസജ്ജീകരണം അവരിൽ എന്തു ഉവാക്കിയെന്നു നോക്കുക. യൌസേഫ് സഹോദരന്മാരോടു എന്തു പറഞ്ഞു "നിങ്ങൾ എന്നെ വിറ്റുകളഞ്ഞതിൽ സങ്കടപ്പെടേണ്ട; ജീവസംരക്ഷണത്തിനുവേണ്ടി ദൈവം എന്നെ നിങ്ങൾക്കു മുമ്പായി അയച്ചതാണ്." മോവീദ് എന്തു പറഞ്ഞു. "നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നതു എനിക്കു ഗുണമായി." സൽസ്വഭാവത്തിന്റെ വേരുകൾക്കുള്ള വളമാണ് കഷ്ടാനുഭവം.

രണ്ടാമത്തെ ചിന്ത ഇപ്രകാരം പ്രകടമാക്കാം. കൊടുങ്കാറ്റിനെതിരായുള്ള ഭദ്രതയല്ല. ലോകത്തിൽ നിങ്ങൾക്കു കഷ്ടതയുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ അവൻ നമുക്കു അടുത്ത തുണയാണ്. ജീവിതസമുദ്രത്തിലൂടെ യാത്ര ചെയ്യുന്ന നമുക്കു സുഖകരമായ സഞ്ചാരമല്ല ക്ഷേമമായ യാത്രാന്ത്യമാണ് ദൈവം നല്കുന്നതു്. നാം അവിശ്വാസുരെങ്കിലും ദൈവം വിശ്വസ്തനാകുന്നു. അതുകൊണ്ടു പരിപൂർണ്ണമായി അവനിൽ ആശ്രയിക്കുക. അവനു സമ്പൂർണ്ണമായി കീഴ്പ്പെടുക. ഉറമുഖത്തു അവൻ നമ്മെ ക്ഷേമമായെത്തിക്കും. ഈ ശുഭദിനത്തിൽ എന്നോടു ചേർന്നു ദൈവത്തെ സ്തുതിപ്പിൻ. എൻ മനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു്. മിനന്തോറും നമുടെ ഭാരങ്ങളെ ചുമക്കുന്ന ദൈവം നമ്മുടെ രക്ഷയാം ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ. പ്രസന്നതയോടിരിപ്പിൻ; ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മല്ലപ്പള്ളി, ജനു. 18, 1956.

ബില്ലിഗ്രഹാം സംഘം

വ്യാഴാഴ്ച മൂന്നര മണിയോടുകൂടി കോട്ടയത്തു എത്തിയ ബില്ലിഗ്രഹാം സുവിശേഷസംഘത്തിൽ ഡോ. ബില്ലിഗ്രഹാമിനെ കൂടാതെ വേറെ ഒൻപതുപേർ കൂടിയുണ്ടു. സംഘത്തിന്റെ സെക്രട്ടറി ഡോ. ബെവിൻ, അമേരിക്കയിലെ ബോസ്റ്റൺ നഗരത്തിലെ ഒരു വലിയ ബിസ്സിനസ്സുകാരനായ മി. ജോൺ ബോൾട്ടൻ, ഡോ. റോബർട്ട പിയേഴ്സ് ഇന്ത്യയിലെ പല രംഗങ്ങളിലും ഇതിനു മുമ്പു പ്രവർത്തനം നടത്തീട്ടുള്ള മി. ജെ. ഡെയിൻ, ഡോ. മാഡോക്സ്, മി. ജോജ്ജ് ബർനാം മി. ചാർൽസിറിഗ്സ്, മി. ജോൺ ബോൾറൻ എന്നിവരും, സംഘത്തിന്റെ ഔദ്യോഗിക ഫോട്ടോ ഗ്രാഫറായ മി. മാർകോണി (ഇറാലിയൻ) അറ്റേഹത്തിന്റെ അസിറ്റൻറായ മി. കോൾ എന്നിവരാണു പ്രസ്തുത സംഘാംഗങ്ങൾ. ഡോ. ഗ്രഹാം ഡോ. മാഡോക്സ്, ഡോ. ബെവിൻ (സെക്രട്ടറി) എന്നിവർ നമ്മുടെ ബിഷപ്പ് തിരുമേനിയുടെ അതിഥികളായി തിരുമേനിയുടെ അരമനയിലും മറ്റുള്ളവർ മി. എ.വി. ജോജ്ജിന്റെ അതിഥികളായി അദ്ദേഹത്തിന്റെ വസതിയായ പേൾഹില്ലിലും താമസമാക്കിയിരുന്നു.

ഇവരെക്കൂടാതെ ടൈം, ലൈഫ് എന്നീ പ്രസിദ്ധ അമേരിക്കൻ മാസികകളുടെ പ്രത്യേക പ്രതിനിധിയായ മി. ടി. എസ്സ്. സത്യൻ എന്ന പത്രപ്രവർത്തകനും സംഘത്തോടൊന്നിച്ചു സഞ്ചരിക്കുന്നുണ്ട്. പ്രസ്തുത മാസികകളുടെ ഡൽഹി ആഫീസിലെ അംഗമായ മി. സത്യൻ ഇവിടെ നടക്കുന്ന യോഗങ്ങളുടെ വിശദവിവരങ്ങൾ ഫോട്ടോകൾ സഹിതം അന്നന്നു ഡൽഹിലേക്കയയ്ക്കുന്നതും അവിടെനിന്നു അമേരിക്കയിൽ എത്തിക്കുന്നതുമാണു. വ്യാഴാഴ്ച ഉച്ചയോടുകൂടി മദ്രാസിൽനിന്നും വിമാനമാർഗ്ഗം കൊച്ചിയിലെത്തിയ ബില്ലിഗ്രഹാം സംഘത്തെ നമ്മുടെ ബിഷപ്പ് തിരുമേനി കൊച്ചി വിമാനത്താവളത്തിൽവച്ചു സ്വീകരിക്കുകയും മലബാർ ഹോട്ടലിൽ ഉച്ചഭക്ഷണം കഴിഞ്ഞശേഷം അനേകം മോട്ടോറുകളിലായി കോട്ടയത്തേക്കു ആനയിക്കുകയും ചെയ്തു. വിമാനം 15 മിനിറ്റു താമസിച്ചാണു കൊച്ചിയിൽ എത്തിയതു്.

ഉദ്യാനവിരുന്നു

വ്യാഴാഴ്ച മൂന്നര മണിയോടുകൂടി കോട്ടയത്തെത്തിയ ഡോ. ബില്ലിഗ്രഹാമിനെയും സംഘത്തെയും സ്വീകരിക്കുന്നതിനുവേണ്ടി ബില്ലിഗ്രഹാം എക്സിക്യൂട്ടീവു കമ്മറ്റിയുടെ വകയായി ബിഷപ്പ് തിരുമേനിയുടെ ഭരണത്തിലുള്ള വിശാലവും രമണീയവുമായ അങ്കണത്തിൽവച്ചു നാലരമണിയോടുകൂടി കേമമായ ഒരു ഉദ്യാനവിരുന്നു നടത്തുകയുണ്ടായി. സമയമായപ്പോഴേയ്ക്കും തിരുകൊച്ചിയുടെ നാനാഭാഗങ്ങളിൽനിന്നും ഉദ്ദേശം 350 പ്രശസ്തരായ അതിഥികൾ ഉദ്യാനത്തിൽ സന്നിഹിതരായി. അനേകം യൂറോപ്യന്മാരും യൂറോപ്യൻ വനിതകളും ഉൾപ്പെട്ടിരുന്ന ഈ സദസ്സിൽ വൈദികമേലദ്ധ്യക്ഷന്മാർ, വൈദികർ, ക്രിസ്തീയപ്രവർത്തകർ, ഉദ്യോഗസ്ഥന്മാർ, അനുദ്യോഗസ്ഥർ, മുനിസിപ്പൽ കൗൺസിലറന്മാർ എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാത്തുറകളിലുമുള്ളവരുടെ പ്രതിനിധികളെ കാണുവാൻ കഴിഞ്ഞു. മദ്ധ്യാഹ്ന സഭയിലെ എല്ലാ തിരുമേനിമാരും സന്നിഹിതരായിരുന്നു.

അരമനയുടെ പുരോഭാഗത്തു അതിഥികളെ അഭിമുഖീകരിക്കത്തക്കവണ്ണം സജ്ജമാക്കിയിരുന്ന പ്ലാറ്റ്ഫോറത്തിൽ സുസ്മേരവദനനായി ആഗതനായ ഡോ. ബില്ലിഗ്രഹാമിനെ ബിഷപ്പ് തിരുമേനി സദസ്സിനെ പരിചയപ്പെടുത്തുകയും ബില്ലിഗ്രഹാം കമ്മറ്റിയുടെ സെക്രട്ടറിയായ റവ. സി. ഐ. ഏബ്രഹാം കസവുമാല അണിയിക്കുകയും ഉണ്ടായി. ഡോ. ചർച്ചു വാർഡ് ഗ്രഹാം സംഘത്തിനു സ്വാഗതമാശംസിച്ചു കൊണ്ടു പ്രസംഗിച്ചു. ഈ മഹത്തായ സന്ദർഭത്തിനുവേണ്ടി ഈ നാട്ടിലെ ജനങ്ങൾ കാത്തിരിക്കുകയായിരുന്നുവെന്നും ഡോ. ഗ്രഹാം ഏറ്റവും അധികസമയം കോട്ടയത്താണു വിനിയോഗിക്കുന്നതെന്നുള്ളതു പ്രത്യേകം ചാരിതാർത്ഥ്യജനകമാണെന്നും ഡോ. ചർച്ചിൽ വാർഡ് പ്രസ്താവിച്ചു. തദനന്തരം ശ്രീ. പി. എസ്സ്. ജോർജ്ജ് ബി. എ., ബി. എൽ (മാർത്തോമ്മാസഭ) ചെയ്ത ഉത്തേജകമായ പ്രസംഗത്തിൽ ക്രിസ്താബ്ദം രണ്ടാം ശതകത്തിൽ തന്നെ സമാരംഭിക്കപ്പെട്ട മലങ്കരയിലെ ക്രിസ്തീയസഭ ആദ്യശതകങ്ങളിൽ അറിയപ്പെടാതെ മുമ്പോട്ടു നീങ്ങി എങ്കിലും ഈ ഇരുപതു നൂറ്റാണ്ടുകളെ അതിജീവിച്ചു എന്നും ബൈബിൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു അച്ചടിക്കപ്പെട്ടതോടെ ഒരു മഹാകാര്യം സാദ്ധ്യമായെന്നും മറ്റും വിവരിച്ചിരുന്നു.

അനന്തരം ഡോ. ഗ്രഹാം മറുപടി പറയുന്നതിനെഴുന്നേറ്റു. ഒരു വലിയ കസവുമാല അണിഞ്ഞുകൊണ്ടു മൈക്കിന്റെ മുമ്പിൽ സുസ്മേരവദനനായി എഴുന്നേറ്റു നിന്ന ദീർഘകായനായ ഡോ. ഗ്രഹാം യഥാർത്ഥത്തിൽ ചൈതന്യത്തിന്റെ ഒരു പ്രതിരൂപമായിരുന്നു. അദ്ദേഹം 15 മിനിട്ടോളം ചെയ്ത പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം.

ഇന്ത്യയിൽ വന്നതിനുശേഷം ഞങ്ങൾ വളരെ ആനന്ദചിത്തരാണു. നിങ്ങൾ എല്ലാവരും കാണിക്കുന്ന അമിതിയമായ അതിഥിസല്ക്കാരം സുദ്ധമായ സ്നേഹം ഭാവുകാശംസാസമന്വിതമായ അഭിവാദനം എന്നിവമൂലം ഇന്ത്യയിൽ വന്നതിനുശേഷമുള്ള ഓരോ മിനിറ്റും ഞങ്ങളെ ആഹ്ലാദഭരിതരാക്കി. ഇന്ത്യയിലെ ക്രിസ്തീയ സഭയെപ്പറ്റി—ഈ മലയാള നാട്ടിലെ അതിപുരാതനമായ ക്രിസ്തീയ സഭയെപ്പറ്റി—ലോകത്തിന്റെ ഇതരഭാഗങ്ങളിലുള്ളവർ ഇപ്പോൾ ചിന്തിച്ചുകൊണ്ടാണിരിക്കുന്നതു. നിങ്ങളെ എന്തെങ്കിലും പഠിപ്പിക്കുന്നതിനല്ല ഞാൻ വന്നതു. എനിക്കാണു നിങ്ങളിൽനിന്നും പലതും പഠിക്കുവാനുള്ളതു. ക്രിസ്തുവിന്റെ സ്നേഹം

എന്ന മനുഷ്യനും നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നതിനു മാത്രമേ എനിക്കുദ്ദേശമുള്ളൂ. ക്രിസ്തീയ സഭകൾ ഭിന്നിച്ചു നില്ക്കുന്നതു ഒരു ഖേദകരമായ കാര്യമാണെന്നു ഞാൻ ഈ സുവർണ്ണാവസരത്തിൽ നിന്നും എല്ലാവരും ഒന്നിച്ചു മുമ്പോട്ടു വന്നിരിക്കുന്നു. നമ്മുടെ ധാർമ്മിക കഴിവുകളെ നമുക്കു ഏകീകരിക്കാം. എനിക്കു നിങ്ങൾ ഒരു പ്രാധാന്യവും അനുമോദനവും നല്കുന്നതിലല്ല യേശുക്രിസ്തുവിനെ ഉയർത്തിക്കാണിക്കുക മാത്രമാണു ഞാൻ ചെയ്യുന്നതു. ലോകത്തിലെങ്ങുമുള്ള അനേകലക്ഷം ജനങ്ങൾ കോട്ടയത്തെ ഈ യോഗങ്ങൾക്കായി അനുസ്യൂതം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അതു മഹത്തായ കൂട്ടായ്മയുടെ ഒരു ലക്ഷണമാണു. നിങ്ങളിൽനിന്നു പഠിക്കുന്ന കാര്യങ്ങൾ അമേരിക്കയിലും പാശ്ചാത്യരാജ്യങ്ങളിലും ഞങ്ങൾ സസന്തോഷം ചെന്നറിയിക്കാം.

ഡോ. ഗ്രഹാം തന്റെ സംഘത്തിൽപെട്ട ആളുകളെ സദസ്സിനു പരിചയപ്പെടുത്തിയതിനുശേഷം ചുരുങ്ങിനടന്നു അതിഥികളുമായി പരിചയപ്പെടുകയും അതിഥികളെ തൊഴുകൈയോടെ അഭിവാദനം ചെയ്യുകയുണ്ടായി.

ഡോക്ടർ ബില്ലിഗ്രഹാം കോട്ടയത്തെ പ്രാരംഭയോഗത്തിൽ

ബില്ലിഗ്രഹാം മിക്കവാറും പ്രാരംഭയോഗം കോട്ടയം സി. എം. എസ്സ്. കോളേജ് വളപ്പിൽ ഇതിനായി പ്രത്യേകം സജ്ജീകരിച്ചിരുന്ന മൈതാനപ്രദേശത്തുവച്ചു വ്യാഴാഴ്ച വൈകുന്നേരം 7 മണിക്കു നടന്നു. അരലക്ഷത്തോളം വരുന്ന വമ്പിച്ച സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ടു ഡോ. ബില്ലിഗ്രഹാം ചെയ്ത ഗംഭീരമായ പ്രാരംഭപ്രസംഗത്തിൽ പറഞ്ഞതു "ഞാൻ പഠിപ്പിക്കുവാനല്ല പഠിക്കുവാനാണു ഭാരതത്തിലേക്കു—വിശിഷ്യ തിരു—കൊച്ചിയിലേക്കു വന്നതു" എന്നാണു. ഇരുപത്തഞ്ചു മിനിറ്റുനേരം നീണ്ടുനിന്ന പ്രസംഗം ബില്ലിഗ്രഹാം കമ്മറിയുടെ സെക്രട്ടറിയായ മിസ്സ് ശ്രീ. സി. ഐ. ഏബ്രഹാം ബി. എ., എൽ. റ്റി. (സി. എസ്സ്. ഐ. ലച്ച്) പരിഭാഷപ്പെടുത്തി. ഡോ. ഗ്രഹാം ഇങ്ങനെ തുടർന്നു, "ദീർഘകാലമായി ഞാൻ കാത്തിരുന്ന ആ സുദിനം—ഭാരതത്തിലെ ക്രിസ്ത്യാനികളെ—പ്രത്യേകിച്ചു അതിപുരാതനമായ മലങ്കരയിലെ ക്രിസ്ത്യാനികളെ അഭിമുഖീകരിക്കുന്ന ആ സുവർണ്ണദിനം ഇന്നു സമാഗതമായതിൽ ഞാൻ അതീവ സന്തുഷ്ടനാണു. യൂറോപ്യന്മാരുടെ ക്ഷണമനുസരിച്ചല്ല ഞാൻ വന്നതു. ഇന്ത്യയിലെ ക്രിസ്തീയ സഭയുടെ ക്ഷണമനുസരിച്ചാണു. അമേരിക്കയിലും പാശ്ചാത്യരാജ്യങ്ങളിലും ആദ്ധ്യാത്മികമായ ഒരു നവോത്ഥാനം ഉണ്ടായിട്ടുണ്ടു. തിരു—കൊച്ചിയിൽ അനേകായിരം ക്രിസ്ത്യാനികളുണ്ടു. അവർ അതിപുരാതനമായ ക്രൈസ്തവസഭയിലെ അംഗങ്ങളാണെന്നു കായും ലോകത്തിലെല്ലാം തന്നെ അറിയപ്പെടുന്നു. ഞങ്ങൾ അമേരിക്കയിലേക്കും യൂറോപ്പിലേക്കും തിരിച്ചുപോകുന്നതു നിങ്ങളിൽനിന്നു പലതും പഠിച്ചുകൊണ്ടായിരിക്കും. ഭാരതത്തിലെ ജനങ്ങളുടെ പ്രയാസങ്ങളും പ്രശ്നങ്ങളും നിങ്ങൾക്കു തന്നെ പ്രത്യേകമുള്ളവയല്ല ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉള്ള വിഭിന്ന ജനസമൂഹങ്ങളുടെയും നിങ്ങളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ഐകരൂപ്യമുള്ളവയാണു. കഴിഞ്ഞയാഴ്ചയിൽ മദ്രാസ് നഗരിയിൽ അനേകം പേർ പുതിയ ക്രിസ്തീയ അനുഭവത്തിലേക്കു വന്നിട്ടുണ്ടു. തിരു—കൊച്ചിയിലെ ക്രിസ്ത്യാനികളും ഒരു പുതിയ അനുഭവത്തിലേക്കു ഒരു നവോത്ഥാനംമൂലം വന്നുചേരണമെന്നു ദൈവം അനുഗ്രഹിക്കുന്നു.

ഇവിടത്തെ സ്ത്രീകളുടെ ലളിതവും മനോഹരവുമായ വസ്ത്രധാരണരീതി അഭിനന്ദനീയമാണു. എന്റെ ഭാര്യ (മിസ്സസ് ഗ്രഹാം) ചൈനയിൽ ജനിച്ചു വളർന്ന ഒരു സ്ത്രീയാണു. ഇവിടത്തെ സ്ത്രീകളുടെ ലളിതമനോഹരമായ വസ്ത്രധാരണരീതികണ്ടപ്പോൾ അവരെ ഒരു ഇന്ത്യാക്കാരിയാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെനിന്നും ഇത്തരം ഒരു വസ്ത്രം വാങ്ങി ഞാൻ എന്റെ ഭാര്യയ്ക്കയയ്ക്കുന്നുണ്ടു. ഇത്രയും വലിയ ഒരു ജനക്കൂട്ടം ഞാൻ ലോകത്തിൽ മറെറാരിടത്തും കണ്ടിട്ടില്ല. ഇതൊരു പ്രാരംഭയോഗം മാത്രമായ സ്ഥിതിക്കു അടുത്ത മിസയത്തെ യോഗത്തിൽ സംബന്ധിക്കുന്നവരുടെ സംഖ്യ എത്ര വിപുലമായിരിക്കും?

നിങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിന്റെ രഹസ്യം എന്താണെന്നു പലരും എന്നോടു ചോദിച്ചിട്ടുണ്ടു. "ദൈവം"—അതാണു എന്റെ മറുപടി കോട്ടയത്തെ ഈ യോഗങ്ങൾക്കുവേണ്ടി അനേകായിരം സ്ത്രീപുരുഷന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലായി നിര

ന്തരം പ്രാർത്ഥിക്കുന്നുണ്ട്. ജനങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കും. ദൈവം ഇവിടെ— ഈ കോട്ടയത്തു—ഈ തിരു—കൊച്ചിയിൽ വങ്കായ്മയിൽ പ്രവർത്തിക്കുവാൻ പോകുന്നുണ്ട്. ഞാൻ ദൈവത്തിന്റെ ദൂത നിങ്ങളുടെ മുമ്പിൽ വയ്ക്കുന്ന ഒരുപകരണം മാത്രമാണു.

ഒരു ക്രിസ്ത്യാനി എന്നാൽ എന്തു? ഒരു ക്രിസ്തീയ രാജ്യത്തു ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടു ഒരു വ്യക്തി യഥാർത്ഥ ക്രിസ്ത്യാനി ആകുന്നില്ല. ഒരു കുട്ടി ഒരു മോട്ടോർഷെഡിൽ ജനിച്ചതുകൊണ്ടു ഒരു മോട്ടോർ വാഹനമായിത്തീരുന്നില്ല. പള്ളിയിൽ പോകുകയും കർമ്മാനുഷ്ഠാനങ്ങൾ നിർവഹിക്കുകയും ചെയ്യാലും ഒരു വ്യക്തി ഒരു യഥാർത്ഥ ക്രിസ്ത്യാനിയല്ലാതെ ജീവിച്ചെന്നും വരും. ആത്മാർത്ഥതയും ശരിയായ മനസ്സാക്ഷിയും ഉണ്ടായാൽപോരെ എന്നു ചോദിക്കുന്നവരുണ്ട്. പോരാ, പോരാ. നിങ്ങളുടെ മനസ്സാക്ഷി നിർജ്ജീവമായതായിരിക്കും. നിങ്ങൾക്കു ആത്മാർത്ഥതയുണ്ടെങ്കിലും തെറ്റു പറ്റിക്കുടെന്നില്ല. "എന്റെ അമ്മ ഒരിക്കൽ മരുന്നാണെന്നു തെറ്റിദ്ധരിച്ചു ഒരു വിഷസാധനം കുടിക്കുവാൻ തന്നു. അമ്മയുടെ ആത്മാർത്ഥതയെ ഒരിക്കൽ പോലും ചോദ്യം ചെയ്യാൻ പാടില്ല. പക്ഷെ തെറ്റു പറ്റിപ്പോയി. ക്രിസ്തു ആരിൽ അധിവസിക്കുന്നുവോ, അവർക്കു അതിനെപ്പറ്റി സുദൃഢമായ നിശ്ചയമുണ്ടോ? അപ്പനാണെ ക്രിസ്ത്യാനി.

ക്രിസ്ത്യാനിക്കു തന്റെ പാപത്തെപ്പറ്റി ബോദ്ധ്യമുണ്ടാകുന്നു. പക്ഷേ താൻ ഒരു പാപിയാണെന്നുള്ള ബോദ്ധ്യം ഒരു വ്യക്തിയിൽ ഉണ്ടാകുന്നതു അത്ര എളുപ്പമല്ല. അങ്ങനെയൊരു ബോദ്ധ്യം ഉണ്ടാകുന്നതിനു നമ്മുടെ ഗർവ്വം നമ്മെ അനുവദിക്കുന്നില്ല. ആ അഹന്ത തച്ചുടയ്ക്കുമ്പോഴാണ് നമ്മുടെ യഥാർത്ഥ നില നമുക്കു മനസ്സിലാകുന്നതു. പാപം—അതു കല്പനലംഘനമാണ്. ലോകത്തിലെ സകല മനുഷ്യരും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ, കല്പനലംഘനക്കാരും തൽഫലം പാപികളുമാണ്. പാപത്തിന്റെ ശമ്പളം മരണമാകയാൽ, ഓരോ പുരുഷനും സ്ത്രീയും താൻ പാപിയാണ് എന്നു ഏറ്റുപറയണം. അങ്ങനെയാണ് ആത്മാർത്ഥികമായ ഒരു നവോത്ഥാനത്തിനു സ്വയം വഴിതെളിക്കുന്നതു. ഒരു പാപി അവന്റെ പാപം ഏറ്റുപറഞ്ഞേ മതിയാകൂ. അങ്ങനെ പറയണമെങ്കിൽ പാപത്തിൽ നിന്നു പിന്തിരിയുവാൻ അവൻ മനസ്സുള്ളവനായിരിക്കണം. പക്ഷേ സ്വയശക്തികൊണ്ടു പാപത്തിൽനിന്നു രക്ഷപെടാൻ സാദ്ധ്യമല്ല. ക്രിസ്തുവിനെ കൈക്കൊള്ളുകതന്നെ വേണം. ക്രിസ്തു, യാതനകളുടെ അങ്ങേഅറ്റമായ കഷ്ടമായ ക്രൂശുമരണം സഹിച്ചു—ആ ക്രിസ്തുവിനെ നിങ്ങൾ കൈക്കൊള്ളണം. ക്രിസ്തുവിനെ നിങ്ങൾ കൈക്കൊണ്ടുവെന്നും, അവൻ നിങ്ങളിൽ അധിവസിക്കുന്നുവെന്നും സുനിശ്ചിതമാക്കുന്നതിനു, ഇതാ ഈയുള്ള ദിവസങ്ങൾ നിങ്ങൾ ഉപയോഗിക്കണം. ക്രിസ്തുവിനെ നിങ്ങൾ അനുസരിക്കുക—അപ്പോൾ നിങ്ങൾ സന്തോഷം കൊണ്ടു നിറഞ്ഞവരായിരിക്കും. നിങ്ങൾ മനസ്സലിവും ആർദ്രതയുമുള്ള കൂട്ടായ്മയിൽ ജീവിക്കും. "ദൈവാത്മാവു നിങ്ങളിലേക്കു കടക്കുമ്പോൾ നിങ്ങൾ തനിയെ ശുചീകരിക്കപ്പെടുന്നു. നിങ്ങളുടെ അന്തസ്സത്തതന്നെ ഒരു പുതിയ രൂപം കൈക്കൊള്ളുന്നു. അതിനുവേണ്ട ധൈര്യവും ബലവും ക്രിസ്തു നിങ്ങൾക്കു തരട്ടെ. നിങ്ങളുടെ പാപത്തിന്റെ ഭൂതകാലം, മാറിക്കിട്ടും. അതു മാറിക്കിട്ടിയെന്നു സ്വയം ബോദ്ധ്യപ്പെടുന്നതു നിങ്ങൾക്കു സന്തോഷകരമല്ലേ? യൂറോപ്പിലും, അമേരിക്കയിലും ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞതായ ഒരു ആത്മാർത്ഥിക നവോത്ഥാനം ഈ ഭാരതഭൂമിയിലും ഉണ്ടാകുന്നതിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം."

വൈകുന്നേരം കൃത്യം 7 മണിക്കാണ് ഡോ. ബില്ലിഗ്രഹാമും സംഘവും പ്ലാറ്റുഫോറത്തിലെത്തിയതു. ആറടി നാലിഞ്ചു പൊക്കമുള്ള ഡോ. ഗ്രഹാം പ്രസന്നവദനത്തോടും ആത്മാർത്ഥിക ചൈതന്യം തുളുമ്പുന്ന വദനശ്രീയോടുംകൂടി ബഹുജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഗംഭീരമായ സദസ്സു പരമനിശ്ശബ്ദമായി.

മാർത്തോമ്മാസഭയിലെ ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ പ്രാർത്ഥനയ്ക്കുശേഷം കോട്ടയം സി. എസ്സ്. ഐ. കത്തീഡ്റൽ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ "ജയിക്കുമേ സുവിശേഷം ലോകം ജയിക്കുമേ" "കാടിവാ കൃപയാം നദിയരികിൽ" എന്ന ഗാനങ്ങൾ ആലപിച്ചു തദവസരത്തിൽ കാണിക്കുശേഖരം നടന്നു. തദനന്തരം ബിഷപ്പു സി. കെ. ജേക്കബു തിരുമേനി ഡോ. ബില്ലിഗ്രഹാമിനെ ജനങ്ങൾക്കു പരിചയപ്പെടുത്തി.

7. 20-നു ബില്ലിഗ്രഹാം സംഘത്തിലെ ഒരംഗമായ ഡോ. റോബർട്ട് പിയേഴ്സു പ്രസംഗമാരംഭിച്ചു. മുക്കാൽ മണിക്കൂറോളം നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഉജ്ജ്വലമായ പ്രസംഗം, മിസ്സിസ്സി. വി. ജോൺ ഭാക്ഷാന്തരപ്പെടുത്തി. ഡോ. റോബർട്ട് പിയേഴ്സിന്റെ പ്രസംഗത്തിൽ കോട്ടയത്തെ ഈ യോഗത്തിനുവേണ്ടി 6000 ദേവാലയങ്ങളിൽ ഇപ്പോൾ പ്രാർത്ഥന നടന്നുകൊണ്ടിരിക്കുന്നുവെന്നും, പ്രാർത്ഥനസ്സിദ്ധ അഭ്യർത്ഥന അമേരിക്കയിലെ 600 റേഡിയോസ്റ്റേഷനുകളും, യൂറോപ്പിലെയും അമേരിക്കയിലെയും അനേകം പത്രങ്ങളും നല്കിക്കൊണ്ടിരിക്കുന്നുവെന്നും പ്രസ്താവിച്ചു. ലോകത്തിലെ വ്യാകീർണ്ണമായ പ്രശ്നങ്ങൾക്കു ഇന്ത്യയിലെ ചിന്താശീലരും ഉന്നതരായ സാംസ്കാരിക മാനദണ്ഡമുള്ളവരുമായ യുവജനങ്ങൾ ഒരു പരിഹാരം കണ്ടുപിടിക്കുമെന്നുള്ള പ്രത്യാശയോടെയാണ് തങ്ങൾ ഇവിടെ വന്നിരിക്കുന്നതെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ ലോകപര്യടനത്തിനിടയിൽ ആഫ്രിക്കയിലെ ഒരു ഗ്രാമത്തിൽ തിരുവിതാംകൂറുകാരനായ ഒരു കച്ചവടക്കാരനെ കാണുവാൻ കഴിഞ്ഞു. അല്പം പണമുണ്ടാക്കുന്നതിനാണ് ഈ കച്ചവടക്കാരൻ ആഫ്രിക്കയിൽ ചെന്നതു്. 20 നൂറ്റാണ്ടു പഴക്കമുള്ള ഇവിടത്തെ ക്രൈസ്തവ സഭയിൽനിന്നും എല്ലാ പൗരസ്ത്യരാജ്യങ്ങളിലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ക്രിസ്തുവിന്റെ സ്ഥാനാപതികളായ മിഷനറിമാരേയാണ് പ്രതീക്ഷിക്കുന്നതു്. അങ്ങനെ തിരു-കൊച്ചിയിലെ ക്രിസ്ത്യാനികളുടെ പാവനമായ കർത്തവ്യം നിർവ്വഹിക്കണമെന്നുള്ള വെല്ലുവിളിയും അദ്ദേഹം ശ്രോതാക്കളുടെ മുമ്പിൽ അവതരിപ്പിച്ചു.

ഡോ. റോബർട്ട് പിയേഴ്സന്റെ പ്രസംഗത്തിനുശേഷം "ജീവനായകാ" എന്നുള്ള മധുരഗാനാലാപത്തിനുശേഷമാണ് ഡോ. ബില്ലിഗ്രഹാം തന്റെ പ്രാരംഭപ്രസംഗം നടത്തിയതു്. സുശിക്ഷിതരായ കോട്ടയം കത്തീഡ്രൽ ഗായകസംഘം പ്രത്യേകം പരിശീലനം കഴിച്ചുശേഷം നല്കുന്ന നേതൃത്വം പൊതുയോഗത്തിന്റെ ആകർഷണീയമായ ഒരു ആദ്ധ്യാത്മിക വശമാണ്. ശ്രോതാക്കളിൽ പകുതിയോളം സ്ത്രീജനങ്ങളായിരുന്നു.

ഇന്നലെ (ശനിയാഴ്ച) രാത്രി ഏഴുമണിക്കു ഏതാണ്ടു ഒരുലക്ഷത്തോളം വരുന്ന ജനങ്ങളെ അഭിവീക്ഷിച്ചു അത്ഭുതസത് ബ്ധനായ ഡോ. ബില്ലിഗ്രഹാം ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ മുഖവുരയായി പറഞ്ഞു.

"ഞാൻ ലോകത്തിന്റെ പല ഭാഗങ്ങളിൽ നടത്തിയിട്ടുള്ള പ്രസംഗമഹായോഗങ്ങളിലെങ്ങും ഇതു വമ്പിച്ച ജനക്കൂട്ടം കണ്ടിട്ടില്ല. ക്രൈസ്തവലോകത്തിൽ ചരിത്രം സൃഷ്ടിക്കുന്ന ഒരു മഹാസമ്മേളനമാണിതു. ഞാൻ സഞ്ചരിച്ച രാജ്യങ്ങളിലെങ്ങും നിങ്ങളുടേതുപോലെ ഇത്ര മനോഹരവും അത്ഭുതകരവുമായ രാജ്യവും കണ്ടിട്ടില്ല. ഇതു ദൈവം നിങ്ങൾക്കു തന്നിട്ടുള്ള ഒരു മഹാഭോഗമാണ്"

ജനക്കൂട്ടം വെള്ളിയാഴ്ചത്തേക്കാൾ വളരെ വർദ്ധിച്ചിരുന്നു. കോട്ടയം മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ ഉദ്ദേശം അരലക്ഷമാണു. അതിന്റെ ഏതാണ്ടിരട്ടിയോളം വരുന്ന ഒരു ജനക്കൂട്ടമാണു ഇന്നലെ കോളജ് മൈതാനങ്ങളിൽ തിങ്ങിക്കൂടിയതു. നഗരവീഥികളിൽക്കൂടി ജനങ്ങളും വാഹനങ്ങളും അഞ്ചുമണിമുതൽ അങ്ങനെ പ്രവഹിക്കുകയായിരുന്നു പരമശാന്തമായ ഒരു മനുഷ്യമഹാസമുദ്രത്തോടാണു ഡോ. ബില്ലിഗ്രഹാം പ്രസംഗിച്ചതെന്നു ചുരുക്കിപ്പറയാം.

വിശുദ്ധ മത്തായിയുടെ സുവിശേഷം പതിനാറാം അദ്ധ്യായം 24-ാം വാക്യം "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ....." അടിസ്ഥാനമാക്കിയായിരുന്നു ഇന്നലത്തെ പ്രസംഗം. ശനിയാഴ്ച വൈകിട്ടു അഞ്ചുമണിക്കാരംഭിക്കുന്ന സമാപന സമ്മേളനം ഇന്നത്തേതിനേക്കാൾ വളരെയധികം ജനങ്ങൾ സന്നിഹിതരാകുമെന്നാണു പ്രതീക്ഷിക്കപ്പെട്ടതു്. ഒരു ലക്ഷത്തി ഇരുപതിനായിരം പേർക്കിരിക്കത്തക്ക സ്ഥലസൗകര്യമാണു സജ്ജീകരിച്ചിട്ടുള്ളതു്.

ബ്രദറൻ സഭയിലെ മി. കെ. ജി. തോമസായിരുന്നു ഇന്നലത്തെ പരിഭാഷകൻ.

ഇന്നു കൊട്ടാരക്കര ഭാഗത്തുനിന്നു മുപ്പതു ടാൻസ്പോർട്ടു ബസ്സുകളും വടക്കുഭാഗത്തുനിന്നു പത്തു ബസ്സുകളും പതിവിൽ കൂടുതലായി ഓടത്തക്കവണ്ണം ഭാരവാഹികൾ ഏർപ്പാടുചെയ്തിരുന്നു.

ഞായറാഴ്ച രാവിലെ താഴെക്കാണുന്ന ദേവാലയങ്ങളിൽ പ്രസംഗങ്ങൾ നടത്തിയതു പാർട്ടിയിൽ പെട്ടവരായിരുന്നു.

1. മാങ്ങാനം സെൻറ് പിറേറഴ്സ്—9 മണി പ്രസംഗകൻ ഡോ. റോബർട്ട പിയേഴ്സ്.

2. കഞ്ഞിക്കുഴി ചാപ്പൽ—എട്ടരമണി പ്രസംഗകൻ—മി. ഡെയിൻ.

3. യറുശലേം പള്ളി—9 മണി—ഡോ. ബർണാം.

4. ബ്രദറൻ അസംബ്ലി കോളജ് ഹോളിൽവെച്ചു പത്തുമണിക്ക ജോൺബോൾട്ടൺ.

5. സി. എസ്സ്. ഐ. കത്തിഡ്റൽ—9. 30 മണി—ഡോ. മാഡോക്സ്.

6. സെന്തോമസ് (പഴയചന്ത മാത്തോമ്മാപ്പള്ളി) 9 മണി—ചാറൽ സിറിംഗ്സ്.

ശനിയാഴ്ച രാവിലെ എട്ടരമണിക്ക ഡോ. ബില്ലിഗ്രഹാം എം. ററി. സിമ്മനാരിയിൽവച്ചു പ്രസംഗിച്ചു. അവിടെയും വലിയ ജനക്കൂട്ടമുണ്ടായിരുന്നു.

പ്രതിദിനവേദവായന കുറിപ്പുകൾ—ഫെബ്രുവരി 1956.

ഫെബ്രു. (ശ). മത്താ. ക്ര. ക—ൻ. യാതൊരു സ്ഥാപിത താല്പര്യവും ക്രൂടാതെ മൈവത്തിൻെറ നീതി മാത്രം ഏക ലക്ഷ്യമാക്കി ജീവിക്കുകയും പ്രസംഗിക്കുകയും ചെയ്ത യോഹന്നാൻ പ്രവാചകരിൽ ഏററവും മികച്ചവനായിട്ടാണ കർത്താവു എണ്ണുന്നതു. എന്നാൽ മശിഹായെന്ന താൻ തന്നെ മുമ്പു സാക്ഷ്യം പറഞ്ഞിട്ടുള്ളതായ (മത്താ. ൩. ക്ര, ക്വ) യേശു മശിഹാ തന്നെയാണോയെന്ന യോഹന്നാൻ ഇപ്പോൾ സംശയിക്കുകയാണ. ഭയങ്കരമായ ന്യായവിധി നടത്തുന്ന മശിഹായെയാണ യോഹന്നാൻ പ്രതീക്ഷിച്ചതു. എന്നാൽ യേശുവിൻെറ ധാരണ അതിൽ നിന്നു വിത്യസ്തമായിരുന്നു. പഴയനിയമ പ്രത്യാശയാണ യേശുക്രിസ്തു നിറവേററിയതു (യെശ. ൫൩. ൫, ൧൧; ൫൪. ക—ര വായിക്കുക). 'ബലാല്ക്കാരം ചെയ്യുക' എന്നതിൻെറ പിമ്പിലുള്ള അരമേയ വാക്കിൻെറ അർത്ഥം വിസ്മിഷ്ണുപ്പെടുത്തുക എന്നും 'ബലാല്ക്കാരികൾ' എന്നതിൻേറതു മൈവരാജ്യം വിസ്മിഷ്ണുപ്പെടുത്തുന്ന മശിഹായുടെ അനുയായികൾ എന്നും ആണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഹന്നു മുതൽ ഹൻ വരെ യോശിയായിരംഗപ്രവേശം ചെയ്ത മൈവത്തിൻെറ അനുഗ്രഹപ്രവാഹങ്ങൾ പ്രസാവിച്ച യോഹന്നാനെയും മനുഷ്യരുടെ സ്നേഹിതനായി മൈവസ്നേഹത്തെ അറിയിച്ച യേശുവിനെയും തിരസ്കരിക്കുന്ന തലമുറയിലാണോ നമ്മൾ ഉൾപ്പെട്ടിരിക്കുന്നതു?

ഫെബ്രു. (ഞ). മത്താ. ക്ര. ൩—൫. ഗലീലാ പ്രദേശത്തെ പട്ടണങ്ങളായ കോരസിൻ, ബത്സയിദാ, കപ്പർന്നഹും ആദിയായ പ്രവർത്തികളും മൈവശക്തികളും അവിടെ നടന്നു. എങ്കിലും അവ തങ്ങളുടെ വിശ്വാസം യേശുക്രിസ്തുവിൽ പരിപൂർണ്ണമായി അർപ്പിച്ചില്ല. അന്ത്യന്യായവിധിയിൽ നാമെല്ലാം മൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നുള്ളതു കുറെ കെട്ടുകഥയല്ല, വാസ്തവസംഭവം ആണു. പണ്ഡിതവരേണ്യന്മാരായ പരീശന്മാരും ശാസ്ത്രിമാരും യേശുക്രിസ്തുവിനോടു അവർ പ്രകടിപ്പിക്കുന്ന മനോഭാവം നിമിത്തം മൈവരാജ്യത്തിൽ നിന്നകലുകയാണ. അവർ തിന്നു ശിശുക്കളെപ്പോലെ ആയെങ്കിലേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളൂ (മത്താ. ൧൮. ൩), മൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനു പ്രമാണിക്കുവാൻ പ്രയാസമുള്ള ന്യായപ്രമാണവും, പൂർവ്വന്മാരുടെ ആചാരങ്ങളും സാധാരണക്കാരുടെ മേൽ പരീശന്മാർ കെട്ടിവെയ്ക്കുകയാണ (മത്താ. ൨൩. ൪). എന്നാൽ അവർ വെയ്ക്കുന്നതായ ധാർമ്മിക നിലയെക്കാൾ ഉയർന്ന ധാർമ്മികനില ആവശ്യപ്പെടുന്നതായ നമ്മുടെ കർത്താവു (മത്താ. ൫. ൨൦) ഏറെറം ഉദ്ദേശമായ നമുക്കേ നല്കുന്നുള്ളൂ. സ്വന്ത ശ്രമങ്ങൾ മൂലം ക്ലേശിക്കുന്നവർ ക്രിസ്തുവിനെ സമീപിക്കുമ്പോൾ അവൻ നമുക്കു ക്ഷീണം തീർത്തു നല്ല വിശ്രമം തന്നു, പ്രയാസം കുറഞ്ഞ വഴിയെ നമുക്കു കാണിച്ചു തരുന്നു.

ഫെബ്രു. (തി.) മത്താ. ക്ര. ക—ക. നീതിയുടെയും ന്യായത്തിൻെറയും കാവല്ക്കാരായി തങ്ങളെക്കുറിച്ചു കരുതിപ്പോന്ന പരീശന്മാർ അവരുടെ നീതിയെ പിമ്പിലാക്കുന്ന അതിശ്രേഷ്ഠമായ നീതിയെ കണ്ടപ്പോൾ അതിനെ ഭീഷണീകരിക്കുന്നതിനുപകരം അതിനെ നശിപ്പിക്കുവാൻ ശ്രമിക്കുകയാണ. അതിനാൽ യേശുക്രിസ്തുവിൻെറയും ശിഷ്യന്മാരുടെയും പെരുമാറ

ത്തിൽ എന്തെങ്കിലും ന്യൂനത കണ്ടുപിടിക്കുവാൻ അവർ പരിശ്രമിക്കുന്നു. ജീവൻ അപകടത്തിലാണെങ്കിൽ ശബ്ബത്തിൽ അതിനെ രക്ഷിക്കുവാൻ അനുവാദമുണ്ട് മക്കാ. നു. രു വായിക്കുക. പരിശുദ്ധന്മാരാകട്ടെ. യേശുക്രിസ്തുവിനെ നിഗ്രഹിക്കുവാൻ പരിശ്രമിക്കുന്നതിൽ കൊലയും ശബ്ബത്തുലംഘനവും ഒരേ സമയം നടത്തുകയാണു. കല്പനകൾ അന്ധമായി ആചരിക്കുന്ന നിലപാടിൽ നിന്നും ദൈവനീതി ഗ്രഹിച്ചു പ്രവർത്തിക്കുന്ന നിലയിലേക്കു യേശുക്രിസ്തുവിനു നമ്മെ ഉയർത്തുവാൻ കഴിയും.

കൊരു-. (ഒചാ.) മത്താ. കവ. ഫമ—നമ്പ. സാത്താൻ ബന്ധിച്ചിരുന്ന ഒരുവനെ കർത്താവു വിടുവിച്ചു. സാത്താനെ പിടിച്ചു കെട്ടി ദൈവത്തിന്റെ ഭരണത്തിനു അവനെ വിധേയനാക്കി. ദൈവശക്തിയുടെ പ്രവർത്തനം അവിടെ സ്പഷ്ടമായി വെളിപ്പെട്ടെങ്കിലും പരിശുദ്ധന്മാർ ആ പരമാർത്ഥം മറച്ചു പൈശാചിക ശക്തിമുഖാന്തരമാണു യേശുക്രിസ്തു ഈ രോഗിയെ സൌഖ്യമാക്കിയതെന്നുള്ള കള്ള ആരോപണം പുറപ്പെടുവിക്കുകയാണു. ഒന്നാമതു ആ പ്രസ്താവനയുടെ യുക്തിയില്ലായ്മ അവരെ മനസ്സിലാക്കുന്നു (വ൫ മുതൽ വ൯ വരെ). രണ്ടാമതു അവർ അകപ്പെട്ടിരിക്കുന്നതായ ഭയങ്കരമായ അപകടം (നമ വാ) ദൈവവെളിച്ചം യേശുക്രിസ്തുവിൽ കൂടെ പ്രകാശിക്കുന്ന എന്ന പരമാർത്ഥത്തെ മനഃപൂർവ്വം നിരസ്സിക്കുന്നതിനാൽ അവർ ക്രിസ്തുവിനെ സ്വീകരിക്കുകയും പാപക്ഷമ ലഭിക്കുകയും ചെയ്യുവാൻ കഴിവുള്ള സാഹചര്യത്തിൽ നിന്നകലുകയാണു. നിത്യമായ പാപത്തിന്റെ ഫലം നിത്യമായ ശിക്ഷയാണ്.

കൊനു-. (ബു.) മത്താ. കവ. നവ—ഒം. യേശുക്രിസ്തു വാക്കിലും പ്രവർത്തിയിലുംകൂടെ നല്കിയതായ ദൈവസാക്ഷ്യത്തിൽ വിശ്വസിക്കാത്തവർ കുറെ അടയാളങ്ങൾ മാത്രം ആകർഷിക്കപ്പെട്ടുമെങ്കിൽ ആ വിശ്വാസം ആഴമുള്ള ഒന്നായിരിക്കയില്ല. യോനാ പ്രവാചകന്റെ പ്രസംഗത്താൽ നിനവേക്കാർ മാനസാന്തരപ്പെട്ടതുപോലെ സുവിശേഷത്തിന്റെ കേൾവിയാൽ ജാതികൾ രക്ഷിക്കപ്പെടുകയും, സുവിശേഷം സ്വീകരിക്കാത്തതായ യെഹൂദന്മാർ തള്ളപ്പെടുകയും ചെയ്യുമെന്ന അടയാളം മാത്രമെ പരിശുദ്ധാത്മം ശാസ്ത്രിമാർക്കും ലഭിക്കുവാൻ പോകുന്നുള്ളൂ. യേശുക്രിസ്തു ജഡികബന്ധങ്ങൾക്കു ഒരു പുതിയ അർത്ഥം കൊടുക്കുന്നു. യേശുക്രിസ്തുവിന്റെ സഹോദരസഹോദരിമാർ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാണു. ദൈവഹിതത്തിനു എല്ലായ്പോഴും മുഖ്യസ്ഥാനം കൊടുത്തു കൊണ്ട് നമ്മുടെ ബന്ധത്തിലും ചുറ്റുപാടിലും പെട്ടവരെ ഉയർന്ന ആത്മിക നിലയിലേക്കുയർത്തുവാൻ നമുക്കു എത്രമാത്രം സാധിക്കുന്നുണ്ട്?

കൊനു-. (വ്യാ.) മത്താ. കമ. ക—കൃ. പുളയത്തെ പിടിച്ചെടുത്തു ദൈവിക സത്യങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നതിനു കർത്താവു ഉപയോഗിച്ച ഒരു സംഭാഷണമാത്രമാണു ഉപമാരീതി. ദൈവവചനത്തെ നാം സ്വീകരിക്കുന്ന മനോഭാവത്തെ ആശ്രയിച്ചാണു അതിന്റെ വ്യക്തയും നിലകൊള്ളുന്നതു. കടാം വാക്യം മർമ്മം എന്നാൽ ദൈവികരഹസ്യം എന്നാണർത്ഥം. യേശുക്രിസ്തുവിൽകൂടെ സകലവും രക്ഷ പ്രാപിക്കുന്നുയെന്നതാണു ഈ മർമ്മം. (കമ വാ). ഏതെങ്കിലും ഒരു വിഷയം നാം പഠിക്കാതിരിക്കുമ്പോൾ അതിലുള്ള ജ്ഞാനം നഷ്ടപ്പെടുന്നതുപോലെതന്നെയാണു ആത്മികജീവിതത്തിലും, ദൈവസത്യം ഗ്രഹിച്ചു അതു തുടർന്നു അനുസരിക്കുന്നോറും ക്രിസ്തീയ ജീവിതത്തിൽ വികസനവും, ദൈവാനുഗ്രഹവും കൂടുതൽ ലഭ്യമാകുന്നു.

കൊനു-. (വെ). മത്താ. കവ. കവ—നം. കവ മുതൽ വസ വരെയുള്ള വാക്യങ്ങളിൽ വിതെക്കുന്നവന്റെ ഉപമയുടെ പൊരുൾ വിശദീകരിച്ചിരിക്കുന്നു. ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ദൈവവചനം നമ്മിൽ എത്രമാത്രം ശക്തിയായി വർത്തിക്കുന്നുണ്ടു എന്നു നമ്മെത്തന്നെ പരിശോധിക്കാം. വസ-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന അനുഭവത്തിലായിത്തീരുവാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. എന്നാൽ അതിനുള്ള വിലകൊടുക്കുവാൻ—ദൈവവചനത്തെ മാത്രം സ്വീകരിച്ചു മറ്റുള്ളവയെ എല്ലാം ഉപേക്ഷിക്കുവാൻ നാം സന്നദ്ധരാകുക എന്നതു അതിനാവശ്യമാകുന്നു. ദൈവത്തിന്റെ ഭരണം സ്വീകരിച്ചവരും ഭൂമിയായ വിശ്വാസിന്റെ ഭരണം സ്വീകരിച്ചവരും ലോകത്തിൽ ഇപ്പോൾ സൈ്വരമായി കഴിയുകയാണു. എന്നാൽ കൂടെ പറിച്ചുകൂട്ടി ചുട്ടുകളയുന്നതായ കൊയ്ത്തുകാലം അതിശീഘ്രം നമ്മെ സമീപിക്കുന്നുണ്ട്.

ഫ്വനം. (ശ.) മത്താ. ഫമ. ന.ഫ—രന. ദൈവരാജ്യത്തിന്റെ ആരംഭം വളരെ നിസ്സാരമെങ്കിലും വളച്ച അത്ഭുതകരം തന്നെ. ചുരുക്കം ചില വ്യക്തികൾ ദൈവഭരണം സ്വീകരിക്കുന്നപക്ഷം അതു മറ്റുള്ളവരിലേക്കും വളരുന്ന വ്യാപിക്കുന്നു. പുളിച്ച മാവിന്റെ ഉപമയിൽ ദൈവ ഭരണം എപ്പോഴും ബാഹ്യമായി സ്പഷ്ടമല്ലെങ്കിലും അതിന്റെ പ്രവർത്തനം ഏറ്റവും യഥാർത്ഥമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ദൈവരാജ്യം ലോകസാമ്രാജ്യത്തെ കാലക്രമത്തിൽ പൂർണ്ണമായി രൂപാന്തരപ്പെടുത്തുമെന്നു ഇതിനർത്ഥമില്ല. അന്ത്യന്യായവിധിയൊടുക്കുടെയാണു ഈ ലോകരാജ്യം ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യമായിത്തീരുന്നതു. എന്നാൽ ഒരുത്തൻ നിറഞ്ഞ ലോക ജീവിതത്തിൽ ദൈവരാജ്യം സ്വീകരിച്ചവർ എല്ലായ്പോഴും ക്രിസ്തിയ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കേണ്ടതത്രേ.

ഫൻനം. (ഞാ.) മത്താ. ഫമ. രര—ളവ. ദൈവരാജ്യത്തിൽ പ്രവേശിക്കുക വളരെ ചെലവുള്ള ഒരു കാര്യം തന്നെ. ഒരാൾ അന്വേഷണം കൂടാതെ ദൈവരാജ്യത്തെ കണ്ടു സകലതും ഉപേക്ഷിച്ചു അതു സ്വീകരിക്കുന്നു (രര വാ). മറ്റൊരാളാകട്ടെ മിഷ്ടാന്നത്തെ അന്വേഷണത്തിനു ശേഷമാണു യേശുക്രിസ്തുവുമായി ഏറ്റുമുട്ടുന്നതു (രള, രന്ന). അവനും തനിക്കുള്ള ഇതര താല്പര്യങ്ങളെയെല്ലാം ത്യജിച്ചു ക്രിസ്തുവിനെ രാജാവായി അംഗീകരിക്കുന്നു. സുവിശേഷവേല ചെയ്യുമ്പോൾ ആഴമായ വിശ്വാസമില്ലാതെ ബാഹ്യമായി ആകർഷിക്കപ്പെട്ട ചിലർ സഭയിൽ ചേരുന്നെങ്കിൽ അതെക്കുറിച്ചു ശിഷ്യന്മാർ വിഷമിക്കേണ്ട ആവശ്യമില്ല. ന്യായവിധി ദിവസത്തിൽ ഒരുത്തന്മാരും ശിഷ്യന്മാരും എന്നന്നേക്കുമായി വേർതിരിക്കപ്പെടും (ന—ളവ വാ. ഏറ്റവും സൂക്ഷ്മബുദ്ധനായ ഒരാൾ നമ്മോടു ദൈവസത്യം അറിയിക്കുമ്പോൾ ആ ആളിനു മാക്കിട്ടു ദൈവാനുഗ്രഹം നിരസിക്കപ്പെടുന്ന അപകടത്തിൽ നാം അകപ്പെടാറില്ലേ?

ഫംനം. (തി.) മത്താ. ഫര. ഫ—ഫമ. ഭീതികൂടാതെ ദൈവനീതി ജനങ്ങളെ അറിയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്കെല്ലാം യോഹന്നാൻ ഒരു ആദർശപുരുഷൻ തന്നെ. എല്ലാ സുവിശേഷകരും ദൈവത്തെമാത്രം ഭയപ്പെടുകയും മറ്റാരേയും ഭയപ്പെടാതിരിക്കുകയും വേണം. തെറ്റു എവിടെ കണ്ടാലും സങ്കോചം കൂടാതെ ദൈവശക്തിയിൽ ആശ്രയിച്ചുകൊണ്ടു അതിനെ ശകാരിക്കേണ്ടതാണു. രാജാക്കന്മാരെ ജനങ്ങൾ വളരെ ഭയപ്പെട്ടിരുന്ന പ്രാചീനകാലത്തും യോഹന്നാൻ പ്രദർശിപ്പിച്ച ധൈര്യം നോക്കുക. പക്ഷപാതം കൂടാതെ നീതി കൈക്കൊള്ളുവാൻ കൃപയുള്ളായി അപേക്ഷിക്കാം.

ഫഫനം. (ചൊ.) മത്താ. ഫര. ഫമ—ഫഫ. യോഹന്നാൻ സ്നാപകന്റെ മരണവാർത്ത യേശുക്രിസ്തുവിനെ പ്രാർത്ഥനയുള്ളായി നിർജ്ജന പ്രദേശത്തേക്കു നടത്തുന്നു. എന്തെല്ലാം സംഭവിച്ചാലും ദൈവസന്നിധിയിൽ അഭയം തേടുവാൻ നാം ശീലിക്കേണ്ടതാണു. തന്റെ പിന്നാലെ ചെന്നവർക്കു ഭക്ഷണം നല്കുവാനുള്ള ചുമതല യേശുക്രിസ്തു ഏറ്റെടുക്കുന്നു. ശിഷ്യന്മാർക്കും ഈ ചുമതലയുണ്ടു. ഫനാം വാക്യത്തിൽ 'നിങ്ങൾ' പൂർണ്ണമായും വളരെ ശക്തീകരിച്ചാണു ഉപയോഗിച്ചിരിക്കുന്നതു, പുരുഷാരം തിന്നു തൃപ്തരായെന്നു മാത്രമല്ല, ധാരാളം ശേഷിപ്പിക്കയും ചെയ്തു. തന്റെ അടുക്കൽ ചെല്ലുന്നവർക്കെല്ലാം ആവശ്യംപോലെ ഏകാടുക്കുവാൻ കർത്താവിനു കഴിയും.

ഫഫനം. (ബു.) മത്താ. ഫര. ഫഫ—ന.ന്ന. യേശുക്രിസ്തു ചെയ്ത ഈ വലിയ അതിശയപ്രവൃത്തികൾ ഇഹികിയ ജനക്കൂട്ടം തന്നെ രാജാവാക്കുവാൻ പരിശ്രമിക്കാതിരുന്നില്ല (യോഹ. ന്ന. ഫള). ശിഷ്യന്മാർ അതിൽ ചേരാതിരിക്കുവാൻ കർത്താവു അവരെ നിർബ്ബന്ധിച്ചയച്ചതിനുശേഷം തനിച്ചു പ്രാർത്ഥിക്കുവാൻ പോയി. ഭൂമിമുഴുവൻ രാത്രിയും, കാറ്റും, പിശറും, ഭീതിയും അനുഭവിച്ചുവന്നു എങ്കിലും കർത്താവു തങ്ങളോടുകൂടെയുണ്ടെന്നു തങ്ങളെ അറിയിക്കുന്നതായ ഈ സംഭവം അവർക്കു ഏറ്റവും പ്രിയംകരമായിരുന്നു. പത്രോസ് വിശ്വാസക്കുറവു പറയുമെങ്കിലും (ലൂക്കൊ. ഫഫ. ന.ന) തോൽവിയിലവസാനിക്കുന്നതായി നമുക്കു റിയാം (ലൂക്കൊ. ഫഫ. രര—ന്യഫ) എന്നാൽ കർത്താവു അവനെ ഉറപ്പിക്കുകയും (യോഹ. ഫഫ. ഫള—ഫ൭) ദൈവാത്മാവിന്റെ നടത്തിപ്പിനു അവൻ വിധേയനാകുകയും ചെയ്തു.

ഫന്നനം. (വ്യാ.) മത്താ. ഫള. ഫ—ഫര. ന്യായപ്രമാണപുസ്തകങ്ങളിൽനിന്നും വ്യക്തമാ

മായ ഉത്തരം കിട്ടുന്നതിനു പ്രയാസമുള്ള സംഗതികളിൽ എന്താണു ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ചു റബ്ബിമാർ തിരുമാനങ്ങൾ പറഞ്ഞുകൊടുക്കുന്നതായ പതിവുണ്ടായിരുന്നു. കാലക്രമേണ പലതലമുറകളിലായി പല റബ്ബിമാരാൽ നല്കപ്പെട്ട തിരുമാനങ്ങളുടെ വെളിച്ചത്തിൽ ബലമായ പാരമ്പര്യങ്ങൾ നിലവിലിരുന്നു. അവയെയാണു 'പൂർവ്വന്മാരുടെ സമ്പ്രദായങ്ങൾ' എന്നു ഇവിടെ പറഞ്ഞിരിക്കുന്നതു. ഈ സമ്പ്രദായങ്ങൾ മിക്കതും ദൈവകല്പനയ്ക്കു വിരുദ്ധമായിരുന്നു. ദൈവവചനത്തിന്റെ ആത്മാവു ഗ്രഹിക്കാതെ ഹൃദയത്തെ കഠിനവും അന്ധവുമാക്കിത്തീർക്കുന്നതിനെയാണു കർത്താവു അധിക്ഷേപിക്കുന്നതു്.

൬൯൯. (വെ.) മത്താ. ൧൫. ൧൫—൨൨. ബാഹ്യമായ ശുദ്ധീകരണമല്ല, ആന്തരികമായ ഹൃദയ ശുദ്ധിയാണു ഏറ്റവും പ്രധാനപ്പെട്ടതു. പരിശേമന്മാരുടെയും ശാസ്ത്രിമാരുടെയും ആരോപണത്തിന്റെ സൂനത യേശുക്രിസ്തു മനസ്സിലാക്കുന്നു. മനുഷ്യരെ അശുദ്ധരാക്കിത്തീർക്കുന്നതു അവരുടെ ഹൃദയത്തിൽ കുടികൊണ്ടിരിക്കുന്ന ദുഷ്ടതയാണു. കനാന്യസ്ത്രീയോടു യേശുക്രിസ്തു പ്രകടിപ്പിക്കുന്ന മനോഭാവം അത്ഭുതാവഹമായി തോന്നിയേക്കാം. തന്റെ പ്രവർത്തനോദ്ദേശം കുറെ അതിശയ പ്രവൃത്തികൾ ചെയ്യുക എന്നതല്ലായിരുന്നു. സ്വന്തജനമായ യിസ്രായേലിലേക്കാണു ദൈവം തന്നെ അയച്ചിരുന്നതു. എന്നാൽ ആ സ്ത്രീയുടെ ആഴമായ വിശ്വാസം മൂലം കർത്താവു അവളോടു കരുണ കാണിക്കയും അവളുടെ മകൾക്കു സൌഖ്യം നല്കുകയും ചെയ്തു.

൬൯൩. (ശ.) മത്താ. ൧൫—൨൧. യേശുക്രിസ്തുവിന്റെ ജീവിതം ഏറ്റവും തിരക്കു പിടിച്ച ഒന്നായിരുന്നു. എങ്കിലും മറ്റുള്ളവരുടെ ആവശ്യങ്ങൾക്കുവേണ്ടിയാണു താൻ ജീവിച്ചതു. ശാരീരികമായും ആത്മികമായും മനുഷ്യർ അനുഭവിച്ചുവരുന്നതായ വ്യഥകളെല്ലാം കർത്താവിനെ സമീപിക്കുമ്പോൾ നിങ്ങിപ്പോകുന്നു. ഈ അതിശയപ്രവൃത്തികൾമൂലം ജാതികൾ ദൈവത്തെ പുകഴ്ത്തുന്നു. അയ്യായിരം പേരെ പോഷിപ്പിച്ചതായ അതിശയത്തോടു (൧൪. ൧൩—൨൧). ഇവിടെ വിവരിച്ചിരിക്കുന്ന അതിശയത്തിനു വളരെ സാമ്യമുണ്ട്. യേശുക്രിസ്തു മനുഷ്യരുടെ ആവശ്യങ്ങൾ എല്ലാം മനസ്സിലാക്കി അവയെ നിറവേറ്റുന്നു. യേശുക്രിസ്തു നമ്മുടെ ഹൃദയത്തിൽ പ്രവേശിച്ചു നമ്മുടെ മൌലികമായ ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടോ?

൬൯൪. (ഞാ.) മത്താ. ൧൫. ൧—൨൨. ഇപ്പോൾ സദ്ധൈര്യം യേശുക്രിസ്തുവിനെ എതിർക്കുവാൻ തുടങ്ങിയിരിക്കുകയാണു. കാലലക്ഷണങ്ങൾ എങ്ങനെയിരിക്കുമെന്നു മുൻകൂട്ടി പറയുവാൻ അവർക്കു കഴിയുമെങ്കിലും പഴയവ്യവസ്ഥിതികൾ മാറി ദൈവരാജ്യം യേശുക്രിസ്തുവിൽക്കൂടെ വന്നുകഴിഞ്ഞിരിക്കുന്നുയെന്നു അവർ അറിയുന്നില്ല. സാക്ഷാൽ മൂല്യങ്ങളെ ദൈവിക സത്യങ്ങളെ എല്ലായ്പ്പോഴും മനസ്സിലാക്കി പ്രവർത്തിക്കുവാൻ ദൈവകൃപയ്ക്കായി നമുക്കു അപേക്ഷിക്കാം. 'പുളിച്ചമാവു' എന്നതു മനുഷ്യനിലുള്ള മോശതാല്പര്യങ്ങളെ കുറിക്കുന്നതിനായി ഉപയോഗിച്ചിരുന്ന ഒരു പ്രയോഗമാണു. (൧ കൊരി. ൫. ൬—൮; ഗലാ. ൫. ൯ വായിക്കുക). കരുണ അശേഷം പോലുമില്ലാതെ സംശയവും വിരോധവും വളർത്തുന്നതായ പരിശോപദേശത്തിന്റെ ആകെപ്പുടെ തെറ്റിപ്പോയ വീക്ഷണഗതിയെയാണു കർത്താവു ഇവിടെ പരാമർശിക്കുന്നതു.

൬൯൫. (തി.) മത്താ. ൧൬. ൧൩—൨൦. 'ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'വാണു യേശുക്രിസ്തു എന്നു പത്രൊസു പറഞ്ഞതു ശരിതന്നെ. യേശുക്രിസ്തു ആരാണെന്നുള്ളതു ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണു. ക്രിസ്തു സാക്ഷാൽ ദൈവമെന്നു വിശ്വസിക്കുമ്പോൾ മാത്രമേ പരിപൂർണ്ണമായി തന്റെ അനുസരണത്തിനു നാം കീഴ്പ്പെട്ടുകയുള്ളൂ. യേശുക്രിസ്തു ഒരു അവതാരപുരുഷനല്ല, ദൈവത്തിന്റെ സാക്ഷാൽ വെളിപ്പാടാണെന്നുള്ള വിശ്വാസത്തിലേക്കു ഹൈന്ദവരെ നയിക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ? യേശുക്രിസ്തുവിനെ അനുഗമിക്കുന്നവൻ യേശുക്രിസ്തുവിന്റെ ജീവിതവും മരണവും ദൃഷ്ടാന്തമായി സ്വീകരിക്കണം. ൨൪—൨൫ വാക്യങ്ങൾ വായിക്കുക.

൬൯൬. (ചൊ.) മത്താ. ൧൭. ൧—൧൩. യേശു ശിഷ്യന്മാരെ തനിച്ചു കൂട്ടിക്കൊണ്ടു പ്രാർത്ഥിക്കുന്നവേളയിൽ (ലൂക്കൊ. ൯. ൨൯). തന്റെ രൂപം അത്ഭുതകരമാംവണ്ണം വ്യത്യാസ

പ്പെട്ട. ന്യായപ്രമാണകർത്താവായ മോശെയും പ്രവാചക ശ്രേഷ്ഠനായ ഏലിയാവും പ്രത്യക്ഷരായി, യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചും മരണത്തെക്കുറിച്ചും സംഭാഷിച്ചുകൊണ്ടിരുന്നു (ലൂക്കൊ. ൯. ൩൧). എങ്ങനെയാണു മരണത്തിനായി ഏല്പിച്ചുകൊടുക്കേണ്ടതെന്നതിനെക്കുറിച്ചു യേശുക്രിസ്തുവിനു പൂർണ്ണനിശ്ചയം ആവശ്യമായിരുന്നു. മരണത്തിനായി ഏല്പിച്ചുകൊടുക്കുവാൻ പോകുന്ന ഈ യേശു സാക്ഷാൽ മശിഹാ ആണെന്നു ശിഷ്യന്മാരെ ഉറപ്പിക്കുന്നതിനു മശിഹായുടെ സ്ഥാനപ്പേരായ 'പ്രിയപുത്രൻ' എന്ന യേശുക്രിസ്തുവിനെക്കുറിച്ചു ദൈവശബ്ദം ഉണ്ടാകുന്നു.

൨൯. (ബൃ.) മത്താ. ൧൭. ൧൩—൨൩. യേശുവിന്റെ ലോകജീവിതാന്തം എങ്ങനെയായിരിക്കുമെന്നു വീണ്ടും വീണ്ടും ശിഷ്യന്മാരെ അനുസ്മരിപ്പിക്കയാണു (൨൨, ൨൩). അവർക്കു മനസ്സിലാക്കുന്നതിനു ഏറ്റവും പ്രയാസമുള്ള ഒരു ചിന്തയാണിതു. വിശ്വാസികൾ വളരെ പീഡാനുഭവിച്ചെങ്കിൽ മാത്രമെ മറ്റുള്ളവർ രക്ഷപ്പെടുകയുള്ളു എന്നുള്ള സത്യം സ്വീകരിക്കുന്നതിൽ നാം വളരെ വിമുഖത പ്രദർശിപ്പിക്കാറുണ്ടു. നമുക്കുണ്ടാകുന്ന കഷ്ടതകളിൽ മറ്റുള്ളവരുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നതുകൊണ്ടു മാത്രം ഉണ്ടാകുന്നതു എത്രമാത്രമെന്നു കണക്കുനോക്കുന്നതു കൊള്ളാം.

൩൨. (വ്യാ.) മത്താ. ൧൭. ൧൪—൧൭. ഭക്തിയുള്ള യെഹൂദന്മാരെല്ലാം ദൈവരാജ്യത്തിൽ തങ്ങൾക്കു പ്രത്യേക സ്ഥാനങ്ങൾ ലഭിക്കുമെന്നു പ്രതീക്ഷിച്ചിരുന്നതുപോലെ ശിഷ്യന്മാരുടെയും ചിന്ത സ്ഥാനമാനങ്ങളിലേക്കു തിരിഞ്ഞിരിക്കുകയാണു. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനു തന്നെ ശിശുക്കളെപ്പോലെ ആയിത്തീരേണ്ടതുണ്ടു. യേശുക്രിസ്തുവുമായുള്ള ബന്ധം നിമിത്തം ഏറ്റവും നിസ്സാരനെന്നു തോന്നുന്നവനും ഏറ്റവും വിലയുള്ള ഒരുവൻതന്നെ. ഇടച്ചു വരുന്നതിനിടയുള്ള ഒരു ലോകത്തിലാണു ജീവിക്കുന്നതെന്നുള്ള കാരണം പറഞ്ഞുകൊണ്ടു ഇടച്ചു വരുത്തുന്നതിനെ നിസ്സാരമായി ഗണിക്കുന്നതു അപകടകരമാണെന്നു കർത്താവു പറയുന്നു (൭—൯ വാ). ദൈവജീവൻ ലഭിക്കേണ്ടതിനും എന്തു ത്യാഗവും ക്ലേശവും സഹിക്കേണ്ടിവന്നാലും അതിനെ നാം ഒരുക്കമായിരിക്കണം (൱, ൯ വാ).

൩൩. (വെ.) മത്താ. ൧൮. ൧൫—൨൪. പരിപൂർണ്ണമായ ആത്മാർത്ഥതയോടുകൂടെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടാണു ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ ജീവിക്കേണ്ടതു (എഫെ. ൪. ൧൫). അപ്പോൾ ആത്മീയ വളർച്ചയും ഉണ്ടാകുന്നു. ക്രിസ്തേതര ലോകത്തെ സംബന്ധിച്ചിടത്തോളം നമുക്കു അനിഷ്ടങ്ങൾ നേരിട്ടാൽ ശാന്തമായി സഹിക്കയാണു വേണ്ടതു (മത്താ. ൫. ൩൯ മുതൽ). എന്നാൽ ക്രിസ്തീയ വിശ്വാസികൾ തമ്മിൽ പ്രയാസങ്ങൾ ഉണ്ടായാൽ മൈത്രമാവിൽ അവ പറഞ്ഞു തീർക്കേണ്ടതു കൂട്ടായ്മയുടെ നിലനില്പിനു ആവശ്യമാകുന്നു. മറ്റുള്ളവരെക്കുറിച്ചു നമുക്കുള്ള ആവലാധികൾ സ്നേഹത്തിൽ സത്യം സംസാരിച്ചു ക്രമപ്പെടുത്താതെ അവയെ നമ്മുടെ ഹൃദയത്തിൽ അടക്കി ആത്മാർത്ഥതയില്ലാത്തതായ മുഖഭാവം പ്രദർശിപ്പിക്കുന്ന രീതിയാണു നാം സാധാരണയായി അനുവർത്തിക്കാറുള്ളതു. ഇതു കൂട്ടായ്മ ബോധത്തെ നശിപ്പിക്കുന്നു.

൩൫. (ശ.) മത്താ. ൧൯. ൫—൧൦. ജഡികമായ താല്പര്യങ്ങൾക്കായി മാത്രം ജീവിക്കുന്നവർ ക്രിസ്തീയ സന്തോഷം കുടുംബജീവിതത്തിൽ കണ്ടെത്തുകയില്ല. മക്കൊസിന്റെയും ലൂക്കൊസിന്റെയും സുവിശേഷങ്ങളിൽ യാതൊരു കാരണവശാലും വിവാഹജീവിതത്തിൽ വേർപാടു വരുത്തരുതെന്നാണു പറഞ്ഞിരിക്കുന്നതു (മർക്കൊ. ൧൦. ൧—൧൨, ലൂക്കൊ. ൧൬. ൧൮). ജഡികബന്ധത്തിൽ മാത്രം ആശ്രയിക്കാതെ ദൈവസ്നേഹവും ദൈവസഹായത്താൽ പണിയപ്പെടുന്ന ക്രിസ്തീയ കുടുംബവുമാണു ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ ലക്ഷ്യമായികരുതേണ്ടതു. അവിവാഹിതരായി ജീവിക്കുന്നതു അതിൽതന്നെ ഒരു മേന്മ അല്ലെങ്കിലും പ്രാർത്ഥിക്കുന്നതിനും ദൈവരാജ്യത്തിനായി അദ്ധ്വാനിക്കുന്നതിനും കൂടുതൽ സമയവും അവസരവും അതു മൂലം ലഭ്യമാകുന്നു.

൩൬. (ഞാ.) മത്താ. ൧൯. ൧൬—൩൦. ധനവാനായ യുവപ്രമാണിയുടെ കാര്യം വിശുദ്ധ മത്തായിലും വിശുദ്ധ ലൂക്കൊസിലും പറഞ്ഞിരിക്കുന്നതു വായിക്കുന്നതു കൊള്ളാം. (മർക്കൊ. ൧൦. ൧൭—൩൧; ലൂക്കൊ. ൧൮. ൧൮—൩൦). അതിതാല്പര്യത്തോടെ ഓടി വന്ന

യുവാവിനെ രക്ഷിക്കുവാൻ കർത്താവിന്നാഗ്രഹമുണ്ട്. എന്നാൽ അവൻ തന്റെ ധനത്തെ ദൈവമായി കരുതിയിരുന്നതിനാൽ യേശുക്രിസ്തുവിനു അവനെ നേടുവാൻ കഴിഞ്ഞില്ല. നമ്മിൽ ചിലർക്കെങ്കിലും ധനവുമായുള്ള നമ്മുടെ അടുപ്പം ക്രിസ്തുവിൽനിന്നു നമ്മെ അകറ്റുന്ന കെന്നായിത്തീരുന്നില്ലേ? യേശുക്രിസ്തുവിനു വേണ്ടി ധനത്തെയും ബന്ധുമിത്രാദികളെയും ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ കർത്താവു തന്നെ നമുക്കു നല്ല പ്രതിഫലം നല്കും (മർ—൧൦).

൫൩. (തി) മത്താ. ൬. ൯—൧൩. ദൈവരാജ്യത്തിന്റെ പ്രമാണങ്ങൾ ലോകപ്രമാണങ്ങളിൽനിന്നു വ്യത്യസ്തമാണു. സമ്പ്രദായങ്ങളെ പരിഗണിച്ചു ഉദ്യോഗകയറ്റം കൊടുക്കുന്നതുപോലെ കേവലം യാന്ത്രികമായ ഒരു വ്യവസ്ഥയല്ല. മുമ്പേ വിളിക്കപ്പെട്ടവർ പിമ്പന്മാരായി എന്നു വന്നേക്കാം. ൧൦, ൧൨, ൧൩ വാക്യങ്ങളിൽനിന്നു കൂലിയുടെ കാര്യം എങ്ങനെയാണു പറഞ്ഞൊക്കുന്നതെന്നു സൂക്ഷിച്ചു മനസ്സിലാക്കുക. ഉപമ വായിച്ചുവസാനിക്കുമ്പോൾ യജമാനന്റെ നീതി ബോധത്തെക്കുറിച്ചു നമുക്കു പരിഭവം തോന്നുന്നുണ്ടെങ്കിൽ നമുക്കു ദൈവത്തിന്റെ നീതി എന്താണെന്നു അറിവില്ല എന്നാണർത്ഥം. നമ്മുടെ നീതിബോധം ഇനിയും വളരെയധികം തിരുത്തുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതല്ലേ?

൫൪. (ചൊ.) മത്താ. ൬. ൧൭—൨൧. ദൈവരാജ്യത്തിന്റെ സാക്ഷാൽ സ്വഭാവത്തെക്കുറിച്ചു പലർക്കും തെറ്റിദ്ധാരണയുണ്ട്. യോഹന്നാന്റെയും യാക്കോബിന്റെയും അമ്മയ്ക്കു ക്രിസ്തുവിന്റെ രാജ്യത്തെക്കുറിച്ചു യാതൊരു ഗ്രാഹ്യവുമില്ല. സ്ഥാനമാനങ്ങൾ ആഗ്രഹിക്കുകയെന്നതു ദൈവരാജ്യത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരു കാര്യമാണ്. ദൈവരാജ്യത്തിന്റെ സ്ഥാനമാനം ശൂശ്രൂഷയത്രെ. മറുവില എന്നതു ഒരു അടിമയെയൊ, തടവുകാരനെയൊ മോചിപ്പിക്കുന്നതിനു കച്ചേരിയിൽ കെട്ടിവയ്ക്കുന്ന തുകയാണ്. നമ്മെ രക്ഷിക്കുന്നതിനു കർത്താവിനു വളരെ വിലകൊടുക്കേണ്ടിവന്നു. അതായതു തന്നെത്തന്നെ ചെലവഴിക്കേണ്ടി വന്നുയെന്നു സാരം.

൫൫. (ബു.) മത്താ. ൬. ൨—൭. യുദ്ധത്തിൽ ജയം പ്രാപിച്ച ഒരു രാജാവു കുതിരപ്പുറത്താണ് പട്ടണത്തിലേക്കു പ്രവേശിക്കുന്നതു. എന്നാൽ യേശുവാകട്ടെ മശിഹായെന്ന സ്ഥാനത്തോടുകൂടെയാണ് ദേവാലയത്തിലേക്കു പ്രവേശിക്കുന്നതെങ്കിലും, സൗമ്യനായി സാധാരണ യാത്രയ്ക്കുപയോഗിച്ചുവന്ന കഴുതയെയാണ് വാഹനമാക്കിയിരിക്കുന്നതു. കർത്താവു തന്റെ രാജത്വം വെളിപ്പെടുത്തുന്നതു വലിയ പ്രഭാവത്തോടുകൂടിയല്ല, ഏറ്റവും എളിയ വഴികളിൽ കൂടെയാണ്. നാണയമാറ്റവും, പ്രാവു വില്പനയും നടത്തുന്നതിനെ പ്രതിഷേധിച്ചല്ല, അമിതമായ ലാഭേച്ഛയേയും, തൽഫലമായി ജാതികൾക്കു പ്രാർത്ഥിക്കുന്നതിനായി വേർതിരിച്ചിരിക്കുന്ന ഭാഗംകൂടെ ചന്തയായി ഉപയോഗിച്ചതിനേയും ആണ് കർത്താവു ശാസിക്കുന്നതു. ദേവാലയത്തിന്റെ ഉദ്ദേശം ജാതികളെ അതിലേക്കു ആനയിക്കുകയെന്നുള്ളതാണ്. യെഹൂദന്മാരാകട്ടെ ഈ ഉദ്ദേശം പാടെ മറന്നുകളഞ്ഞു.

൫൬. വ്യാ. മത്താ. ൬. ൮൮—൪൬. അത്തിയെ ശപിച്ച കഥയിൽ യെഹൂദസഭയുടെ ചിത്രമാണ് നാം കാണുന്നതു. ദൈവത്തിന്റെ വഴികൾ ജാതികളെ ഗ്രഹിപ്പിച്ചു അവരെ വെളിച്ചത്തിലേക്കു നടത്തി. അവരുടെ പ്രത്യാശയായിരുന്ന മശിഹായേയും അവന്റെ വചനത്തേയും സന്തോഷത്തോടെ സ്വീകരിക്കുന്നതിനു പകരം ആത്മീയാന്ധതയിലേക്കു യെഹൂദജനത്തിന്റെ അധികപങ്കും നീങ്ങിക്കൊണ്ടിരിക്കുന്നതായി കർത്താവു കണ്ടു. സഭയ്ക്കു ഇതു എല്ലായ്പ്പോഴും ഒരു അപകടസൂചനയാണ്. (൧൨ വാ). യോഹ. ൯. ൪൧ താരതമ്യപ്പെടുത്തുക. ഈ ഭയങ്കരമായ സ്ഥിതിയിൽ നാം അകപ്പെടാതിരിക്കുവാൻ കർത്താവിനെ നല്ല പ്രിയത്തോടെ സ്വീകരിക്കാം.

൫൭. (വെ) മത്താ. ൬൨. ൧൩—൨൨. യെഹൂദജനത്തെക്കുറിക്കുന്നതിനാണ് ഈ ഉപമയും പറഞ്ഞിരിക്കുന്നതു. ദൈവജനത്തിന്റെ മദ്ധ്യത്തിൽ ദൈവം തന്റെ ദാസന്മാരെ അയച്ചു. എന്നാൽ ദൈവജനമോ അവരെ ഉപദ്രവിക്കയും, നിന്ദിക്കയും കൊല്ലുകയും ചെയ്തു. (യെശ. ൫൩ വായിക്കുക). കൂടിയാന്മാരെ കൂട്ടുവിലായി ദൈവം പരിശുദ്ധിക്കുവാൻ സ്വന്തം പുത്രനെ അയച്ചു. യേശുക്രിസ്തുവിൽ ഇതു നടന്നുകൊണ്ടിരിക്കയാണ്. പക്ഷെ അവർ തിര

സ്ഥരിച്ചതായ യേശുക്രിസ്തു തന്നെ മൂലക്കല്ലായി തിന്നിരിക്കയാണ്. യെഹ്രൂജനം കത്താവി നെ തിരസ്കരിച്ചതിനാൽ തകർന്നുപോകാൻ ഭാവിക്കയാണ്.

ഫനു. (ശ.) മത്താ. ൧൩, ൫—൨൪. ൫—൫൦ വാ. കല്യാണവിരുന്നിന്റെ ഉപമ. ദൈവം തന്റെ ദാസന്മാരേയും യോഹന്നാൻ സ്നാപകനുൾപ്പെടെയുള്ള പ്രവാചകന്മാരേയും അയച്ചു മശിഹായും ദൈവത്തിന്റെ ജനവും തമ്മിലുള്ള സമ്മേളനം ആഗ്രഹിക്കുവാൻ, ജനങ്ങളെ ക്ഷണിച്ചു. എന്നാൽ അവരാകട്ടെ അതു നിരസിച്ചു. അവർക്കായി ദൈവത്തിനു നല്ലാതണ്ടായിരുന്ന സുവിശേഷത്തെ അവർ തള്ളികളഞ്ഞു. ൫൧—൫൮ വാ. കല്യാണവസ്ത്രത്തിന്റെ ഉപമ. ദൈവത്തിന്റെ ക്ഷണം സ്വീകരിച്ചു വരുന്നവർ ദൈവം നല്കുന്നതായ യോഗ്യത സ്വീകരിച്ചുകൊണ്ടാണ് സഭയിൽ ജീവിക്കുകയും വർത്തിക്കുകയും ചെയ്യേണ്ടതു്. ദൈവമേ, ഞങ്ങളെ രക്ഷിപ്പാൻ അവിടുന്നു സ്നേഹത്തോടെ അയച്ചുതന്ന കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ കൈക്കൊള്ളുന്നു. സകലരുടെയും രക്ഷയ്ക്കായി അവനെപ്പോലെ ശുശ്രൂഷ ചെയ്യും പീഡകൾ സഹിച്ചും ജീവിക്കുവാൻ അവിടുത്തെ ആത്മാവിനെ ഞങ്ങളിൽ പകരേണമെ. ആമെൻ.

ആർ. എസ്സ്. സി. എം. ഡയറക്ടർ മി. ജെറാൾഡ് നൈറിന്റെ കോട്ടയം സന്ദർശനം

ഇംഗ്ലണ്ടിലെ റോയൽ സ്ക്രൂൾ ഓഫ് ചർച്ച് മ്യൂസിക്ക് എന്ന ഗായകസംഘ പരിശീലനസംഘടനയുടെ ഡയറക്ടരും ഒരു സുപ്രസിദ്ധ സംഗീതജ്ഞനും കാൻറർബറി കത്തീഡ്രലിലെ ഒഫിക്ഷ്യൽ ഓർഗനിസ്റ്റുമായ മി. ജെറാൾഡ് നൈറ്റ് എന്ന മഹാൻ ഡിസംബർ 21-നു കോട്ടയത്തു എത്തുകയും 23-നു വരെ ബിഷപ്പുതിരുമേനിയോടുകൂടെ താമസിച്ചു പ്രസ്തുത സംഘടനയുടെ അംഗമായ കത്തീഡ്രൽ ഗായകസംഘത്തിനു വേണ്ട പരിശീലനം നൽകുകയുണ്ടായി. 21-നു ഉച്ചയ്ക്കു കൊച്ചി വിമാനത്താവളത്തിൽ വന്നെത്തിയ മി. നൈറിനെ കത്തീഡ്രൽ കപ്യർ മാസ്റ്റർ മി. ജോർജ്ജ് എം. കോശിയും കപ്യർ സെക്രട്ടറി മി. മാണി കെ. മാണിയുംചേർന്നു സ്വീകരിച്ചു. അന്നു വൈകുന്നേരം കോട്ടയം കത്തീഡ്രലിൽവച്ചു മി. നൈറ്റ് ഗായകസംഘത്തിന്റെ പാട്ടു കേൾക്കുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. 22-നു രാവിലെ ഗായകസംഘങ്ങളുമായി ഒരു മോട്ടോർബോട്ടിൽ മി. നൈറ്റ് കായലിലേക്കു വിനോദയാത്ര പോകുകയുണ്ടായി. നമ്മുടെ കായൽപ്രദേശങ്ങളുടെ ഭംഗി മി. നൈറിനെ അത്യധികം ആകർഷിച്ചു. കത്തീഡ്രൽ വികാരി റവ. സി. ഐ. ഏബ്രഹാമിനോടുകൂടെ ഉച്ചഭക്ഷണം കുഴിച്ചശേഷം വൈകുന്നേരം നടന്ന ചായസൽക്കാരത്തിലും ഗ്രൂഫ്ഫോട്ടോയിലും മി. നൈറും സംബന്ധിച്ചു. പിന്നീടു ഗായകസംഘത്തിന്റെ ഇംഗ്ലീഷിലുള്ള ക്രിസ്തുമസ്സ് ഗാനങ്ങൾ കേൾക്കുകയും അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തു. 23-നു വെള്ളിയാഴ്ച പ്രഭാതഭക്ഷണം മി. എ. വി. ജോർജ്ജിന്റെകൂടെ പങ്കുകൊണ്ടശേഷം കൊച്ചിയിലേക്കും, അവിടെനിന്നും വിമാനമാർഗ്ഗം മദ്രാസിലേക്കും പോയിരിക്കുന്നു. സിലോൺ, ചൈനാ, മലയാ, ഇൻഡോനേഷ്യാ, ആസ്ത്രേലിയാ മുതലായരാജ്യങ്ങൾ മി. നൈറിന്റെ സന്ദർശന പരിപാടിയിൽ ഉൾപ്പെട്ടതുന്നു. തെക്കേഇന്ത്യയിൽ കോട്ടയം കത്തീഡ്രൽ ഗായകസംഘം മാത്രമേ റോയൽസ്ക്രൂൾ ഓഫ് ചർച്ച് മ്യൂസിക്ക എന്ന സംഘടനയുടെ അംഗമായിട്ടുള്ളു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രേ.

M. K. M.

മല്ലപ്പള്ളി ഡി. സണ്ടേസ്ക്കൂൾ അദ്ധ്യാപകസമ്മേളനം

മല്ലപ്പള്ളി ഡിസ്ട്രിക്ടിലെ സണ്ടേസ്ക്കൂൾ അദ്ധ്യാപകർക്കായി ഒരു സമ്മേളനം 1955 ഡിസംബർ 27-നു ചൊവ്വാഴ്ച വൈകിട്ട് 7.30 മുതൽ 29-നു വ്യാഴാഴ്ച രാവിലെ 9 മണിവരെ മല്ലപ്പള്ളി ഹൈസ്ക്കൂളിൽവച്ചു നടന്നു. ക്യാമ്പിൽ താമസിച്ച 48 പേരുൾപ്പടെ 60-ൽ പരം അദ്ധ്യാപകർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. പ്രസംഗകരായി ലഭിച്ച റവ. സി. കെ. ജോൺ, റവ. സി. ററി. മാത്യു, മി. ഡബ്ലിയു. ജെ. ചെറിയാൻ എന്നിവർ മാർത്തോമ്മാസണ്ടേസ്കൂളിന്റെ ആവശ്യം, സണ്ടേസ്ക്കൂളിന്റെ ഉദ്ദേശ്യം, അദ്ധ്യാപകയോഗ്യതകൾ, ശിശുമനശാസ്ത്രം, ആരാധനകഷ്ഠം ഒരുക്കം, അദ്ധ്യാപനരീതികൾ ആദിയായ വിഷയങ്ങളെക്കുറിച്ചു പ്രസംഗിച്ചു. ബുധനാഴ്ച ഉച്ചകഴിഞ്ഞു നടന്ന കോൺഫ്രൻസിൽ സണ്ടേസ്ക്കൂൾ ക്രമമായ നടത്തുന്നതിനു വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ നല്കപ്പെട്ടു. വ്യാഴാഴ്ച രാവിലെ വിശുദ്ധസംസർഗ്ഗ ശുശ്രൂഷയും ആചരിക്കപ്പെട്ടു.

K. C. C.

Licence No. 446. 12-7-'45.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 2 ഫെബ്രുവരി 1956

എരുമപ്ര അരിക്കൽ ജോസഫ് റോസമ്മയുടെ ഒരു കത്തു

മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളും ഉണ്ട്. യഹോവയുടെ ആലോചനയോ നിവർത്തിയാകും സദൃ. 19. 21. പ്രിയ വായനക്കാരേ കഴിഞ്ഞ ലക്കത്തിൽ രണ്ടാം പേജിൽ എഴുതിയിരുന്ന എന്റെ അനുഭവം സത്യം തന്നെ.

എന്റെ ജീവിതം കർത്താവിൽ ഞാൻ സമർപ്പിക്കുമെന്നോ അവിടത്തെ മഹിമനങ്ങൾ കാണുമെന്നോ പ്രാർത്ഥനയും വേദഭാഗവായനയും ഞാൻ പിന്തുടരുമെന്നോ ക്ഷമിക്കാനും വഹിക്കാനും മറ്റുമുള്ള ആത്മിയ വരങ്ങൾ എനിക്ക ലഭിക്കുമെന്നോ ഞാൻ വിചാരിച്ചില്ല. എങ്കിലും യഹോവയുടെ ആലോചന നിവർത്തിയായതിനാൽ എന്നോടുകൂടി നിങ്ങളും യഹോവയെ സ്തുതിക്കണമേ. കല്യാണങ്ങൾ കൺവൻഷൻ യോഗങ്ങൾ ഭർത്താവിന്റെയും 5 മക്കളുടെയും കൊച്ചുമക്കളുടെയും മറ്റു പല രോഗികളുടെയും പലവിധ ശുശ്രൂഷകളുടെയും മറ്റു ജോലികളുടെയും ആളിയായവകളുടെ മദ്ധ്യത്തിൽ 13 വർഷം ആയിട്ട ഒരു ദിവസം പോലും മുടങ്ങാതെ ദിവസത്തിൽ ഏഴു പ്രാവശ്യം ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനു എന്നെ ഉണർത്തിയ ദൈവത്തിനു സ്തോത്രം. എന്റെ ബാല്യകാലജീവിതത്തെ സ്മരിക്കുന്നു. എന്റെ ഇളയസഹോദരി സഹോദരന്മാരെ ശുശ്രൂഷിക്കുന്നതും വീട്ടുജോലികൾ എന്റെ അമ്മച്ചി എന്നെ ഏല്പിച്ചു ജോലിക്കുപോയതിനാലും ഒരു ദിവസംപോലും പഠിക്കുന്നതിനു സ്കൂളിൽ പോകാൻ എനിക്ക സാധിച്ചില്ലല്ലോ എന്നവിഷാദം എനിക്ക ഉണ്ടായിരുന്നതോടുകൂടി പട്ടക്കാർ, ഉപദേശിമാർ, ധനവാന്മാർ, വിദ്യാഭ്യാസമുള്ളവർ ബസ് ക്യാമ്മ ആശാട്ടി എന്നിത്യാദി ഉള്ളവർ മാത്രമെ സ്വർഗ്ഗരാജ്യത്തിൽ പോകയുള്ളൂ എനിക്കും എന്നെ പോലുള്ളവർക്കും സ്വർഗ്ഗം ഇല്ല എന്നായിരുന്നു 42 വയസ്സുവരെ എന്റെ അന്ധവിശ്വാസം ഇങ്ങനെ വിചാരിക്കുവേ 42-ാ മത്തെ വയസ്സിൽ (118-ാ മാണ്ട) മകരം 23നു- വെള്ളിയാഴ്ച രാത്രി നമ്മുടെ കർത്താവിനെ ഞാൻ മഹിമനത്തിൽ കണ്ടു. കുലിക്കാരി അല്ല നിയേശുവിന്റെ സ്ഥാനാപതി നിതെരഞ്ഞെടുക്കപ്പെട്ടവൾ നി എന്നു കർത്താവു എന്റെ നേരേ കൈ നീട്ടി പാടി പറഞ്ഞു. ഞാൻ ലജ്ജിച്ചു തല താഴ്ത്തി. ഞാൻ ഒരു ചെറുപ്പം എന്നു എനിക്ക തോന്നി. ഞാൻ യേശുവിന്റെ സ്ഥാനാപതിയോ ഒരിക്കലും അല്ല. എനിക്ക പ്രാപ്തിയില്ല എന്നെ തെരഞ്ഞെടുക്കരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു. കർത്താവു എന്നോടു യിരെ. 1. 5 വായിക്കുക എന്നു പറഞ്ഞു. ഞാൻ എഴുന്നേറ്റു പുസ്തകം തുറന്നു. എന്റെ അപ്പച്ചൻ എന്നെ നിലത്തെഴുത്തു പഠിപ്പിച്ച അക്ഷരങ്ങൾ എന്റെ കാമ്മയിൽ വന്നു ഞാൻ വായിച്ചു. നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. നി ഗർഭപാത്രത്തിൽ നിന്നു പുറത്തു വരുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, എന്നു വായിച്ചു. അന്നു മുതൽ ഇന്നുവരെ വേദഭാഗം വായിക്കാനുള്ള തോൽവി എനിക്ക വന്നിട്ടില്ല ദൈവത്തിനു സ്തോത്രം. (തുടരും)

യുവതീസമാജം

Girls' Camp

ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്കായുള്ള ക്യാമ്പു് തോലശ്ശേരി പള്ളിയിൽ വച്ചു ഡിസംബർ 27നു- ചൊവ്വാഴ്ച മുതൽ 30നു- വെള്ളിയാഴ്ച വരെയുള്ള ദിവസങ്ങളിലായി നടത്തപ്പെട്ടു. മേലേടം കഞ്ഞിക്കുഴി, കുമരകം, പാമ്പാടി, അയിരൂർ, കുമ്മണ്ണൂർ, തോലശ്ശേരി എന്നീസ്ഥലങ്ങളിൽ നിന്നുമായി ഇരുപത്തിനാലു യുവതികൾ ക്യാമ്പിൽ ക്രമമായി സംബന്ധിച്ചിരുന്നു. അംഗങ്ങളുടെ എണ്ണം

പ്രതിക്ഷിച്ചതിൽ കുറവായിരുന്നെങ്കിലും, അതിൽ പങ്കെടുത്ത എല്ലാ യുവതികൾക്കും ഈ ദിനങ്ങൾ കർത്താവിൽ സന്തോഷിക്കുന്നതിനുള്ള ഒരവസരമായിരുന്നു എന്നു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

27നു- ചൊവ്വാഴ്ച വൈകിട്ട മിസ്സ് ഡോൾട്ടൻ സ്നേഹനാഥസിന്റെ രക്തസാക്ഷിമരണത്തെ അടിസ്ഥാനമാക്കി ഏറ്റം പ്രയോജനകരമായ വിധത്തിൽ തിരുവചന രഹസ്യങ്ങളെ തെളിയിച്ചു തരികയുണ്ടായി. ബുധനാഴ്ച രാവിലത്തെ ആരാധനയിൽ ബഹുമാനപ്പെട്ട തോമസ് ചെറിയാനച്ചൻ ഫിലിപ്പ്യാലേഖനം 1-ം അദ്ധ്യായം 9 മുതൽ 11 വരെയുള്ള വാക്യങ്ങളെ ആധാരമാക്കി ഉദ്ബോധനങ്ങൾ നല്കിയതു അനുഗ്രഹപ്രദമായിരുന്നു. മിസ്സ് സാറാതോമസ് യോഗയുടെ പുസ്തകം വിശദമായി പഠിപ്പിച്ചു. പ്രസ്തുത വേദ പഠനം യുവതികൾക്ക് സ്വയപരിശോധനയ്ക്കുള്ള ഒരവസരം തന്നെയായിരുന്നു. ഒരു നല്ല സ്നേഹിതനായി കർത്താവായ യേശുവിനെ ഉയർത്തിക്കാണിച്ചുകൊണ്ടുള്ള മിസ്സസ്സ് എം. കെ. തോമസ്സിന്റെ പ്രബോധനം വരണ്ട നിലത്തെ നീരുറവുപോലെ എല്ലാവരുടെയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആശ്വസിപ്പിക്കുന്നതും ആയിരുന്നു.

ബുധനാഴ്ച ഉച്ചകഴിഞ്ഞു മിസ്സ് സാറാതോമസ് യുവതീസമാജത്തിന്റെ ഉദ്ദേശം, സമാജാംഗങ്ങളുടെ ചുമതലകൾ മുതലായവ വിശദമാക്കി. അതിനുശേഷം സി. എസ്സ്. എ. സഭയിലുള്ള മഹായിടവകകൾ, നമ്മുടെ മഹായിടവക മുഖാന്തിരമായി നടത്തപ്പെടുന്ന സുവിശേഷപ്രസ്ഥാനങ്ങൾ ആദിയായവയെക്കുറിച്ചും, സംസാരിയ്ക്കുണ്ടായി. വൈകിട്ട മിസ്സസ്സ്. കെ. ഐ. കോശി, യേശുക്രിസ്തു നിക്കോദേമോസുമായി നടത്തിയ സംഭാഷണത്തെ അടിസ്ഥാനമാക്കി, ക്രിസ്തീയ ജീവിതത്തിന്റെ ആരംഭം, വളർച്ച, ഇവയെക്കുറിച്ചു ഉൽബോധിപ്പിച്ചതു എല്ലാവർക്കും തങ്ങളുടെ ഹൃദയങ്ങളെ കർത്താവിനായി സമർപ്പിക്കുന്നതിനു ഒരവസരം കൂടെയായിരുന്നു. വ്യാഴാഴ്ച രാവിലത്തെ ആരാധനയിൽ, ആത്മിക വളർച്ചയ്ക്കു സഹായമായിരിക്കുന്ന ദൃഷ്ടാന്തങ്ങൾ സംസാരിയ്ക്കുണ്ടായി. അമേരിക്കയിലെ കൂട്ടികളുടെ ആരാധനാരീതി, ജീവിതരീതികൾ മുതലായവയെക്കുറിച്ചും മിസ്സസ്സ് കോശി നടത്തിയ സംഭാഷണം രസപ്രദവും, അതേ അവസരത്തിൽ നമ്മുടെ കൂട്ടികളിലുള്ള ചില കുറവുകളെ ഓർപ്പിക്കുന്നതുമായിരുന്നു. വ്യാഴാഴ്ച വൈകിട്ടത്തെ ആരാധനയിൽ ബഹുമാനപ്പെട്ട സി. ഐ. മത്തായി അച്ചൻ യഥാർത്ഥ കേന്ദ്രം എന്താണെന്നു വിശദമാക്കിയതു ഏറ്റവും പ്രയോജനകരമായിരുന്നു.

മുകളിൽ പറഞ്ഞ പരിപാടികൾ കൂടാതെ ഇടയ്ക്കിടെ രസപ്രദമായ പാട്ടുകളും കളികളും നടത്തുന്നതിനു സാധിച്ചു. അവസാനമായി, പഠിച്ച പാഠങ്ങളിൽനിന്നും മറ്റുമായി ഒരു പരീക്ഷ നടത്തി കൂടുതൽ മാർക്കു ലഭിച്ച മിസ്സ് അന്നമ്മ ചാക്കോയ്ക്കു ഒരു സമ്മാനവും കൊടുത്തു വെള്ളിയാഴ്ച രാവിലത്തെ വിശുദ്ധ സംസ്ക്കാരശുശ്രൂഷാനന്തരം എല്ലാവരും വീടുകളിലേക്കു തിരിച്ചുപോരുകയും ചെയ്തു.

C. S. ANNAMMA.

സ്ത്രീജനസഖ്യ വാർത്തകൾ

സ്ത്രീജനസഖ്യ കൈനൺസിൽ. ആണ്ടുതോറും നടന്നുവരുന്ന മഹായിടവക സ്ത്രീജനസഖ്യ കൈനൺസിൽ ഈ പ്രാവശ്യം ഫെബ്രുവരിമാസം 17-ാം തിയതി വെള്ളിയാഴ്ച വൈകിട്ടു മുതൽ 18-ാം തീയതി ശനിയാഴ്ച ഉച്ചവരെയുള്ള സമയം 'സെൻറ് മോനിക്കാസിൽ' വെച്ചു നടത്തുവാനിരിക്കുന്ന വിവരം എല്ലാ ഇടവകകളെയും അറിയിച്ചിട്ടുള്ളതിനാൽ എല്ലാ ഭാഗത്തുനിന്നുമുള്ള പ്രതിനിധികൾ വന്നു സംബന്ധിക്കുമെന്നു വിശ്വസിക്കുന്നു.

നമ്മുടെ മഹായിടവക സ്ത്രീപ്രവർത്തനം സംബന്ധിച്ച പല കാര്യങ്ങൾ അറിയുന്നതിനും ആത്മിക പുരോഗതിക്കും സഹായമാകുന്ന ഒരു സന്ദർഭമാണ്. ഇതുവരെയും പ്രതിനിധികളെ അയക്കാത്ത ചില ഇടവകകൾ ഉണ്ടെന്നുള്ളതു ദുഃഖകരമാണല്ലോ. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഈ പ്രാവശ്യം ലഭിക്കുമെന്നു ആശിക്കുന്നുണ്ട്. നമ്മുടെ ബിഷപ്പു തിരുമേനിയെ കൂടാതെ മറ്റു ചിലരെയും യോഗനടത്തിപ്പിലേക്കു ലഭിക്കുമെന്നതും ആശിക്കുന്നു.

സഭാപ്രവർത്തകരുടെ ഭാഗ്യമാക്കായുള്ള യോഗം

1955-മാണ്ടിന്റെ അവസാനത്തെ രണ്ടു ദിവസങ്ങൾ തെക്കൻ ഇടവകകളിലെ സഭാപ്രവർത്തകരുടെ ഭാഗ്യമാക്കായി മാറ്റിവെച്ചു ഒരു പ്രത്യേക യോഗം ക്രമീകരിച്ചതനുസരിച്ചു ബുധനൂർ, കുട്ടപ്പേരൂർ പള്ളികൾ, തോണിക്കാവു് വേണാടനി, കല്ലമല, ചെറുവല്ലൂർ, വെൺപുഴശ്ശേരി മുതലായ സ്ഥലങ്ങളിലെ സഭാപ്രവർത്തക സഹധർമ്മിണിമാരും സ്ത്രീപ്രവർത്തക നായകത്വം വഹിക്കുന്ന മറ്റുചിലരും വന്നുചേരുകയും അങ്ങനെ അനുഗ്രഹകരമായ വിധം ആണ്ടവസാനം

ചെലവിടുന്നതിനു ഇടയാകയും ചെയ്തു. ചേച്ചയായ ഉത്തുകൽ, മെച്ചമായ ക്ഷേണം എന്നിവയെല്ലാം നല്കി പിന്തുണച്ചിന്ന ബഹുമാനപ്പെട്ട ഇട്ടി അച്ചൻ അവർകളുടെയും മിസ്സസ്സ് അച്ചിന്റെയും സേവനസന്നദ്ധത നന്ദിയോടുകൂടെ പ്രസ്താവിക്കേണ്ടതാണ്. സിസ്റ്റർ ഈഡിത്ത് മിസ്സസ്സ് മറിയമ്മ ജോൺസൻ, മിസ്സസ്സ് പി. ഏം. മത്തായി എന്നിവരുടെ പ്രബോധനങ്ങളും ക്രിസ്തീയ കൂട്ടുബന്ധുവേ സാക്ഷ്യങ്ങളും ഏത്രയോ സഹായമായിത്തീന്നു. ബഹുമാനപ്പെട്ട പി. ഏം. ഈശോ അച്ചൻ അവർകൾ ഉല്പത്തി പുസ്തകത്തിൽനിന്നും വിഭക്കയുടെ ജീവിതം അടിസ്ഥാനമാക്കി ക്രിസ്തീയ പ്രവർത്തകർ, ക്രിസ്തീയ കൂട്ടുബക്കാർ എന്നിവർ ശ്രദ്ധിക്കേണ്ട ചില പാഠങ്ങൾ രസകരമായി പഠിപ്പിച്ചതു സമാപനയോഗത്തിനു ഉചിതമായതുതന്നെ ആയിരുന്നു. അങ്ങനെ രണ്ടു പട്ടക്കാരുടെ സാന്നിദ്ധ്യത്തോടുകൂടി യോഗം അവസാനിച്ചു.

ഇങ്ങനെയുള്ള ക്ലാസ്സുകളിൽ സംബന്ധിപ്പാൻ അവസരം ഉണ്ടാക്കിക്കൊണ്ടിട്ട് അതു ഉപയോഗിക്കാതിരുന്നവർ പലരുണ്ടെന്നുള്ളതും ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. സഭയുടെ ആത്മിക വളർച്ചയ്ക്കു തങ്ങളുടെ ചുമതല മാത്രമാത്രമെന്നു ചിന്തിക്കാത്തതിന്റെ ഫലമായിരിക്കാം.

ബഥേൽ വാർത്തകൾ

മൈലേഷ്ടമായാൽ കല്ലട ബഥേലിനും 1956 ഫെബ്രു. 11നു 10 മുതൽ 1. 30 മ. വരെ നടത്തപ്പെടുന്നതാകുന്നു. കല്ലട ബഥേലിന്റെ വേലയ്ക്കു സഹായിക്കേണമെന്നു ആഗ്രഹിക്കുന്നവർ തങ്ങളുടെ സംഭാവനകൾ അയച്ചു തരുമല്ലോ. സിസ്റ്റർ റേച്ചൽ, ബഥേൽ ആശ്രമം, മൺറോ തുരുത്തു പി. ഒ. എന്ന മേൽവിലാസത്തിൽ അയച്ചാട്ടെ.

മിസ്സ് അക്ക ഏബ്രഹാമിനെ സി. എസ്സ്. ഐ. വിമൻസ് ഓർഡറിലെ ഒരു സിസ്റ്റർ ആയി പ്രവേശിപ്പിക്കുന്ന ശുശ്രൂഷ ഫെബ്രു. 19നു ഞായറാഴ്ച ഉച്ചതിരിഞ്ഞു 5 മണിക്കു പള്ളം കുമ്പാലയത്തിൽവച്ചു ബിഷോപ്പു തിരുമേനിയാൽ നടത്തപ്പെടുന്നതാകുന്നു. എല്ലാവരും പ്രാർത്ഥനയിൽ ഓർക്കുകയും വന്നു ചേരാൻ കഴിയുന്ന അസ്സോക്കിയറുസ് അംഗങ്ങൾ ഹാജരാകുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

ബഥേൽ പൂർവ്വവിദ്യാർത്ഥിനികളുടെ ഒരു യോഗം 1956 മാർച്ചുമാസം 3നു വാരിക്കാട്ട ബഥേലിൽവച്ചു 10 മണി മുതൽ നടത്തപ്പെടുന്നതാകുന്നു. വിശുദ്ധസംസർഗ്ഗശുശ്രൂഷയോടുകൂടെ ആരംഭിച്ചു ഒരു പൊതുയോഗവും ഉച്ചഭക്ഷണവും കഴിഞ്ഞു പിരിഞ്ഞു പോകാവുന്നതാകുന്നു. ഇതു വായിക്കുന്നവർ മറ്റുപൂർവ്വവിദ്യാർത്ഥികളെയും അറിയിക്കുകയും കൂട്ടിക്കൊണ്ടു വരുകയും ചെയ്യുമല്ലോ. കഴിഞ്ഞ 34 സംവത്സരങ്ങളിൽ ഇവിടെ പഠിച്ചു പോയിട്ടുള്ള എല്ലാവരെയും ക്ഷണിച്ചുകൊള്ളുന്നു. സ്ഥാപനയോടുള്ള ബന്ധം പുലർത്തുന്നതിനും ജീവിതോദ്ദേശങ്ങൾ പുതുക്കി പ്രതിഷ്ഠിക്കുന്നതിനും ഇതു ഒരു പ്രത്യേക അവസരവും ആയിരിക്കുമല്ലോ.

യെഹെസ്കേൽ പ്രവാചകന്റെ പുസ്തകം

യെഹെസ്കേൽ—പ്രവാചകനും പുരോഹിതനും

പഴയനിയമഗ്രന്ഥകർത്താക്കളിൽ പ്രവാചകനും പുരോഹിതനും കൂടെ ആയിരുന്ന ഒരാൾ എഴുതിയ ഏകപുസ്തകം ഇതാകുന്നു. പൊതുവെ പറയുന്നതായാൽ പഴയനിയമത്തിൽ ഇവ രണ്ടും തമ്മിൽ വൈപരീത്യവും ചിലപ്പോൾ ഏറ്റു മുട്ടലും കാണാവുന്നതാണു. പല പ്പോഴും പ്രവാചകൻ പുരോഹിതന്റെ കർമ്മാചാരങ്ങൾ കൃത്രിമ എന്നിവയെക്കുറിച്ചു സഹിഷ്ണുതയില്ലാത്തവനായി കാണാം. പുരോഹിതൻ പ്രവാചകന്റെ തിരക്കും അതിബഹുപ്പാട്ടും ഉള്ളവനെന്നു കരുതിയിരുന്നു.

യെഹെസ്കേൽ ഒരു പുരോഹിതകുടുംബത്തിൽ പെട്ടവനായിരുന്നു. ബാബേൽ പ്രവാസത്തിൽ 22 വർഷം ആയിരുന്ന തന്റെ ശുശ്രൂഷാകാലം. (ബി. സി. 592—570) അങ്ങനെ അവൻ യിരെമ്യാവിന്റെ പ്രായം കുറവുള്ള ഒരു സഹജീവിയായിരുന്നു. ദേശത്തു എളിയ ജനം മാത്രം ശേഷിക്കുമാറു നെബുഖദ്നേസർ പ്രവാസത്തിലേക്കു ആളും കൊണ്ടുപോയവരുടെ കൂ

ത്തിൽ യെഹൊസ്സേലും ഉൾപ്പെട്ടിരുന്നു. 2 രാജാ. 24. 10—16. 586 ബി. സി. യിൽ—11 വർഷം കഴിഞ്ഞു യെരുശലേം വീണ്ടും ആക്രമിക്കപ്പെടുകയും പൂർണ്ണമായി നശിപ്പിക്കപ്പെടുകയും ചെയ്തു. ശേഷിപ്പുണ്ടായിരുന്ന യിസ്രായേല്യരെയും പ്രവാസത്തിലേക്കു കൊണ്ടുപോയി. പുസ്തകത്തിന്റെ പൊരുളുടക്കം യെഹെസ്കേൽ കേബാർ നദിതീരത്തു ബാബേലിന്റെ തെക്കേഭാഗത്തു പ്രവാസികളുടെ ഇടയിൽ പാർത്തിരുന്നു (തെൽ-അബുബബിൽ) പാർത്തിരുന്നു.

1. അദ്ധ്യായം 1—3 യെഹെസ്കേലിനെ വിളിച്ചു വേലയ്ക്കു നിയമിച്ചാക്കുന്നതും ഒരു കേലും.

2. അദ്ധ്യായം 4—24. യെരുശലേമിന്റെ നാശത്തിനു മുമ്പു യെരുശലേമിലേക്കു തിരിച്ചുപോകാമെന്നു പ്രവാസികൾക്കുണ്ടായിരുന്ന പ്രത്യാശ വ്യർത്ഥം എന്നു അവരെ ബോധപ്പെടുത്തുവാനുള്ള പ്രവാചകന്റെ ശ്രമങ്ങളുടെ വിവരണം. യെരുശലേം നഗരത്തിൻ മീതെ ഭയങ്കര നാശം വരുന്നതും ദൈവത്തിന്റെ ന്യായവിധി പൂർണ്ണമാകണം.

3. 25—32. ജാതികൾക്കു നേരെയുള്ള പ്രവചനങ്ങൾ. പുറമെയുള്ള ലോകകാര്യങ്ങളിൽ പ്രവാചകനുള്ള താല്പര്യമാണു ഇതിലേ വിവരങ്ങൾ കാണിക്കുന്നതു.

4. അദ്ധ്യായം 33—39. യെരുശലേമിന്റെ നാശത്തിനു പിമ്പു പ്രവാചകന്റെ ഗതിയ്ക്കു കുറച്ചു സ്വരഭേദം കാണുന്നു. സ്വജനത്തിന്റെ പ്രത്യാശ ഉണർത്തുവാൻ താൻ തന്നെ ഒന്നു പരിശ്രമിക്കുന്നു. താൻ യഥാസ്ഥാനത്തിന്റെ പ്രവാചകനായി മാറുന്നു.

5. അദ്ധ്യായം 40—48. പുതിയ ഒരു യുഗത്തെപ്പറ്റി പ്രവാചകന്റെ ദർശനം ആലയം വീണ്ടും പണിയുന്നു പൌരോഹിത്യം പുനഃസ്ഥാപിതമായി. യാഗമുറകൾ ക്രമീകരിക്കപ്പെട്ടു. 12 ഗോത്രങ്ങൾക്കു പുതിയ പ്രമാണങ്ങളിൽ അടിസ്ഥാനമായി വിശുദ്ധ നാടു വിതരണം ചെയ്യപ്പെടുന്നു. പുതിയ യിസ്രായേലിന്റെ ചിത്രീകരണം.

പുസ്തകത്തിന്റെ പ്രത്യേക ലക്ഷണങ്ങൾ

(1) യെഹെസ്കേൽ ദർശിച്ച ദർശനപരമ്പര.

(2) ദൈവത്തെപ്പറ്റിയുള്ള അതിഗോചരമായ ആശയം. ദൈവത്തിന്റെ മഹിമയും മനുഷ്യന്റെ ഉച്ഛാദ്യമുള്ള ഹൃദയത്തെ തൊട്ടു പുതിയ ആത്മാവിനെ കൊടുക്കുന്ന തന്നെറരാജകീയ കൃപയും.

(3) ദൈവമുമ്പാകെ തന്റെ ആത്മാവിനെപ്പറ്റി വ്യക്തികളുടെ ചുമതല വ്യക്തിസ്വാതന്ത്ര്യം ഇവയെപ്പറ്റിയുള്ള ഉപദേശം.

(4) യിസ്രായേലിന്റെ തികവുള്ളതും അന്ത്യവുമായ ചിത്രീകരണം. യഹോവ തന്റെ ആലയത്തിലും തന്റെ ജനത്തിൻ മദ്ധ്യേയും വസിക്കുന്നു.

യെഹെസ്കേലിന്റെ ശക്തിയേറിയതും ഉന്നതവുമായ സങ്കല്പശക്തി സൂക്ഷ്മമായ ഭാഷാരീതി, വിശദവിവരങ്ങൾ പറയുക, പ്രത്യേക ശൈലികൾ ആവർത്തിച്ചുപയോഗിക്കുക എന്നി സംഗതികൾ ഈ പുസ്തകം വായിച്ചു ഗ്രഹിക്കുന്നതിനു വിഷമകരമാക്കുന്നു. എന്നാൽ വ്യക്തിയുടെ വിലയെപ്പറ്റി അസന്ദിഗ്ദ്ധമായി സ്ഥാപിക്കുക, മാനസാന്തരത്തിന്റെ പ്രയോജനം, പാപം നമ്മിൽ കേടുണ്ടാക്കുന്നുള്ള തന്റെ നിശ്ചയം, ദൈവത്തിന്റെ പ്രമാണം നിവൃത്തിക്കുന്നതിനു പുതിയ ഹൃദയത്തിന്റെ ആവശ്യം, ദൈവം കരുണയുള്ളവനും ക്ഷമിപ്പാൻ ഒരുക്കമുള്ളവനും എന്നു സ്ഥാപിക്കുക എന്നീ സംഗതികൾ ആത്മിക സത്യങ്ങളായ രത്നങ്ങൾ.

പെരുന്നാരുത്തി ഇടവകയിലെ സ്ത്രീ പ്രവർത്തക നായികമാരുടെ യോഗം

പെരുന്നാരുത്തി, മേപ്രം; പെട്ടിക്കാട്ട്, അടൂർക്കാട്ട് താമര, എന്നിങ്ങനെ പെരുന്നാരുത്തി ഇടവകയിലെ സ്ത്രീകളെ എല്ലാവരെയും ഉദ്ദേശിച്ചു താമര, അടൂർക്കാട്ട് ഈ സങ്കേതങ്ങളിൽവെച്ചു ഓരോ ദിവസത്തെ യോഗങ്ങൾ നടത്തുകയും അവരിൽ സ്ത്രീപ്രവർത്തകനായകത്വം വഹിപ്പാൻ കഴിവും

മനസ്സും ഉള്ളവർക്കായി ജനുവരിമാസം ആദ്യംതന്നെ ഒരു പ്രത്യേക ക്ലാസ്സു നടത്തി 1956—ാമാണ്ടത്തെ സ്ത്രീപ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിനു ബഹുമാനപ്പെട്ട ഇടവകപ്പട്ടക്കാരൻ എം. എം. ആൻഡ്രൂസ് അച്ചൻ അവർകൾ ചെയ്ത പ്രയത്നം അനുകരണീയമത്രേ.

നായികമാർക്കായി പെരുന്തുരുത്തിയിൽ വെച്ചു നടത്തപ്പെട്ട യോഗങ്ങളിൽ പ്രസ്തുത ഇടവകപ്പട്ടക്കാരൻ, സിസ്റ്റർ ഈഡിത്തു് എന്നിവരുടെ ദൂതുകൾ കൂടാതെ കാനഡായിൽനിന്നും വന്ന സന്ദർശകരായ റവ. കാനൻ ഡേവിസും പത്നിയും യാദൃച്ഛികമായിവന്ന ക്രിസ്തീയസാക്ഷ്യം വഹിക്കേണ്ട ഒന്നാമത്തെ സ്ഥാനം തങ്ങളുടെ കുടുംബങ്ങളിൽ കൂടെ ആയിരിക്കണം എന്നു ചൂണ്ടിക്കാണിച്ചു നല്കിയ പ്രബോധനം വളരെ ആകർഷണീയമായിരുന്നു.

നായകത്വം വഹിച്ചു പ്രവർത്തിപ്പാൻ കഴിവുള്ള ഏതു യോ സ്ത്രീജനങ്ങൾ അങ്ങിങ്ങായി തങ്ങളുടെ പല താലന്തുകളെ നിരുപയോഗമാക്കി കാലം കളയുന്നു. അങ്ങനെയുള്ളവരെ ഉണർത്തുന്നതിനുള്ള സന്ദർഭങ്ങൾ എല്ലായിടങ്ങളിലും സൃഷ്ടിച്ചാൽ ഏതു നന്നായിരുന്നു.

S. T.

മേലുകാവു ഡിസ്ട്രിക്ട് യുവതീസമാജ കോൺഫറൻസ്

മേലുകാവു ഡിസ്ട്രിക്ടിലെ യുവതീസമാജത്തിന്റെ ഒരു കോൺഫറൻസു 1955 സെപ്തംബർ 7 മുതൽ 12 വരെയുള്ള തിയതികളിൽ മേലുകാവു സ്ത്രീപ്രവർത്തന കേന്ദ്രത്തിൽവെച്ചു നടത്തപ്പെട്ടു. മിസ്സ് ജെ. ജി. ചാപ്മൻ, മഹായിടവക യുവതീസമാജ സെക്രട്ടറി മിസ്സ് സാറാ തോമസ്സ്, മഹായിടവക മാതൃസംഘ സെക്രട്ടറി മിസ്സസ്സ് സാറാമ്മ തോമസു എന്നിവർ നടത്തിപ്പുകാരായിരുന്നു. മേലുകാവു ഇടവകപ്പട്ടക്കാരൻ റവ. ജേക്കബ്ബ് വറുഗീസ് അച്ചനെ കൂടാതെ ഈ ഡിസ്ട്രിക്ടിലെ മറ്റു ഇടവകപ്പട്ടക്കാരായ റവ. പി. ഇ. മത്തായി, റവ. പി. എം. കോശി, റവ. ജോൺ ചാണ്ടി എന്നീ അച്ചന്മാരും യോഗങ്ങളിൽ വന്നു സംബന്ധിക്കയും ആരാധനയും പ്രസംഗങ്ങളും നടത്തുകയും ചെയ്തു. മിസ്സ് ജെ. ജി. ചാപ്മൻ, ആരോഗ്യപഠനക്ലാസ്സു നടത്തി. മിസ്സ് സാറാ തോമസു ട്രെക്ഷിണോന്ത്യൻസഭ, മിഷ്യൻവയലുകൾ, യുവതീസമാജം എന്നീ വിഷയങ്ങളെ പുരസ്കരിച്ചു ശ്രേഷ്ഠമായ ക്ലാസ്സുകൾ നടത്തി. തിമൊഥെയോസിന്റെ ചരിത്രം അടിസ്ഥാനപ്പെടുത്തിയായിരുന്നു ബൈബിൾക്ലാസ്സു നടത്തിയതു്. മേലുകാവു്, എരുമപ്ര, ശ്രുവപ്പള്ളി, കണ്ണിക്കൽ, മങ്കുഴി, എള്ളുംപുറം, കോലാനി, വാളകം, വെള്ളറ, മേച്ചാൽ, മുതിയാമല, അട്ടർ മല എന്നീ സ്ഥലങ്ങളിൽ നിന്നും ആകെ 130 യുവതികൾ പേരു രജിസ്റ്റർ ചെയ്തു യോഗങ്ങളിൽ സംബന്ധിച്ചു. അതിൽ 50 പേരും ഇവിടെ ക്യാമ്പു ചെയ്തുകൊണ്ടു യോഗങ്ങളിൽ സംബന്ധിച്ചവരാണ്. 12—ാം തീയതി തിങ്കളാഴ്ച രാവിലെ റവ. ജോൺ ചാണ്ടി അച്ചനവർകൾ നടത്തിയ വിശുദ്ധസംസ്കാരശുശ്രൂഷയോടുകൂടി കോൺഫ്രൻസു അവസാനിച്ചു. ഈ സമ്മേളനം എല്ലാവിധത്തിലും അനുഗ്രഹകരമായിരുന്നു. ഓരോരുത്തരുടെയും ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട വിത്തുകൾ മുപ്പതും അറുപതും നൂറും മേനിയായി വിളഞ്ഞു ഫലം പുറപ്പെടുവിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ റിപ്പോർട്ട അവസാനിപ്പിച്ചുകൊള്ളുന്നു.

P. S. Mary

ബ്രിട്ടീഷ കുട്ടികളുടെ ഒന്നാഴ്ച

ഇൻഡ്യയിൽ ജലപ്രളയം കൊണ്ടു ദുരിതമനുഭവിക്കുന്നവരുടെ സഹായാർത്ഥം ഇംഗ്ലണ്ടിൽ നോട്ടിങ്ങാമിലെ സണ്ടെസ്ക്കൂൾ കുട്ടികളിൽ എട്ടും പത്തും വയസ്സിനു മദ്ധ്യേയുള്ളവർ അവരുടെ ട്രാംവണ്ടിയാത്രയ്ക്കും ഉച്ചഭക്ഷണത്തിനും ചില്ലറച്ചെലവുകൾക്കും മാതാപിതാക്കന്മാർ കൊടുക്കുന്ന പണത്തിൽനിന്നു മിച്ചിച്ചുണ്ടാക്കിയ ഒരു നല്ല തുക ഇൻഡ്യൻ മൈക്രമീഷ്യനറിയ മിസ്സസ്സ് വിജയലക്ഷ്മി പണ്ഡിറിനേ ഏല്പിക്കയുണ്ടായി. പ്രസ്തുത സംഭാവന കൈക്കൊണ്ടയവസരത്തിൽ അതിൽ പങ്കെടുത്ത ഓരോ കുട്ടിക്കും നന്ദിപറഞ്ഞുകൊണ്ടിപ്രകാരം കമ്മീഷ്യനർ പ്രസ്താവിച്ചു. ഇങ്ങനെയുള്ള നടപടികളാണു ജനങ്ങളേയും രാജ്യങ്ങളേയും തമ്മിൽ അധികമധികം അടുപ്പിക്കുന്നതു്.

LICENCE No. 445 12-7-'45

സുവിശേഷഭാക്ഷിണി

പുസ്തകം 48. ലക്കം 2 ഫെബ്രുവരി 1956

പറ്റ്പാറാമിഷ്യൻ

പ്രിയ സ്നേഹിതരേ,

ആനന്ദത്തിന്റെയും ഉല്ലാസത്തിന്റെയും നാളുകളായ ക്രിസ്തുമസ്സും പുതുവത്സര ദിനവും നമ്മുടെ ഇടവകയിൽനിന്നു കടന്നുപോയി എങ്കിലും ഇപ്പോഴും നാം നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനു നല്കുവാൻ കഴിയുന്ന പുതുക്കത്തെക്കുറിച്ചുള്ള ധ്യാനത്തിൽത്തന്നെയാണല്ലോ ഇരിക്കുന്നതു്. ഈ ക്രിസ്തുമസ്സിനും ഞങ്ങൾക്ക്, യേശുക്രിസ്തുവിന്റെ ജനനത്തിൽ സന്തുഷ്ടരായ ഇടയന്മാരെപ്പോലെ ഒപ്പിക്കുകൂടാവുന്നതും ഒന്നുരണ്ടു അവസരം ലഭിച്ചു. ക്രിസ്തുമസ്സിന്റെ തലേദിവസം വൈകുന്നേരം സന്താനങ്ങൾ എല്ലാവരും ചേർന്നു ചായസല്ക്കാരം നടത്തി. അതിനുള്ള ചെലവു ഓരോ അംഗങ്ങളും വഹിച്ചു. പള്ളി അലങ്കരിക്കുന്നതിനും ചായസല്ക്കാരത്തിനായി ഒരുക്കുന്നതിനുംമറ്റും എല്ലാവരും കാണിച്ച താല്പര്യം സന്തോഷിക്കുന്നതു തന്നെയായിരുന്നു. 24-ാം തീയതി രാവിലെ സ്ക്കൂൾകുട്ടികൾക്കായി സ്പോർട്സ് നടത്തി. വൈകുന്നേരം ക്രിസ്തുമസ്സ് ട്രീ വച്ചു് എല്ലാവർക്കും സമ്മാനങ്ങൾ നല്കുന്നതിനും സാധിച്ചു. ക്രിസ്തുമസ്സ് ദിവസത്തെ ആരാധനയിൽ പറ്റ്പാറ സഭയിലെ എല്ലാ അംഗങ്ങളും പുതിയ വസ്ത്രങ്ങൾ ധരിച്ചു സംബന്ധിക്കുകയും അഹ്നയുള്ള എല്ലാവരും വിശുദ്ധസംസർഗ്ഗശുശ്രൂക്ഷയിൽ പങ്കെടുക്കുകയും ചെയ്തു. അതുപോലെയുള്ള ഉത്സാഹവും സന്തോഷവും എല്ലാവരും എപ്പോഴും കാണിച്ചിരുന്നെങ്കിൽ എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ക്രിസ്തുമസ്സ് ഗാനങ്ങൾ പാടുന്നതിനു അന്നു രാത്രിയിലെ അതിശൈത്യകരമായ തണുപ്പിനെ ജയിച്ചുകൊണ്ടു പുരുഷന്മാർ ഇറങ്ങി.

പുതുവത്സര ശുശ്രൂക്ഷയിലും എല്ലാവരുംതന്നെ പള്ളിശുശ്രൂക്ഷയിൽ സംബന്ധിച്ചു. പലതിൽനിന്നും ഞങ്ങൾക്കു ലഭിച്ച ക്രിസ്തുമസ്സ് ദാനങ്ങളിൽ സഭാംഗങ്ങൾക്കും പങ്കു കൊള്ളുന്നതിനു ഒരവസരമായി തിരഞ്ഞെടുക്കുവാനും ശുശ്രൂക്ഷ കഴിഞ്ഞ ഉടനെ ഒരു ലഘുഭക്ഷണം എല്ലാവർക്കും നല്കി.

പറ്റ്പാറ സഭയ്ക്കു നേരിട്ട ഒരു സങ്കടവാർത്ത ഈ സമയം അറിയിച്ചുകൊള്ളട്ടെ. ഇവിടത്തെ പ്രൈമറിസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ ഭാര്യ, ശ്രീമതി" ക്രിസ്തുമസ്സിനു ഏതാനും ദിവസങ്ങൾക്കു മുമ്പു അത്യാസന്നനിലയിലാകുകയും, ജനുവരി 8-ാം തീയതി കർത്താവിൽ നിദ്ര പ്രാപിക്കുകയും ചെയ്തു. എപ്പോഴും ഉത്സാഹത്തോടുകൂടെ പ്രയത്നിക്കുകയും, മാതാവില്ലാത്ത തന്റെ സഹോദരിയുടെ കുഞ്ഞിനേയും തന്റെ ചെറുപൈതലിനെയും ഒരുപോലെ വളർത്തി വീഴ്ചകൂടാതെ പള്ളിശുശ്രൂക്ഷകളിലെല്ലാം പങ്കെടുത്തുപോരുകയും ചെയ്തിരുന്ന അവരുടെ പെട്ടെന്നുള്ള വേർപാടു ഹൃദയഭേദകമായ ഒന്നുതന്നെ ആയിരുന്നു. മാതാവില്ലാത്ത മൂന്നു പൈതങ്ങളെയും മാസ്റ്ററേയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്തുകൊള്ളുന്നു.

പലപ്രകാരത്തിലുള്ള ദാനങ്ങൾ നല്കി ഞങ്ങളെ ഈ ക്രിസ്തുമസ്സിനും സന്തോഷിപ്പിച്ച ഏവരോടുമുള്ള ഞങ്ങളുടെ നന്ദിയെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഈ പുതുവത്സരത്തിൽ സുവിശേഷം അധികം ഏരിവോടും ശക്തിയോടുംകൂടെ ഘോഷിക്കുവാൻ ഞങ്ങൾക്കു കൃപ ലഭിക്കുന്നതിനായി ഞങ്ങളെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

ഏവരും

Mission House,
Patpara P. O.,
Mandla, 20th.
January 1956.

പറ്റ്പാറമിഷ്യനറിമാർ.

പറക്കാൽമിഷ്യൻ

ഇവിടെ പണിയുവാൻപോകുന്ന പ്രൈമറിസ്ക്കൂളിന്റെ ശിലാസ്ഥാപനകർമ്മം ജനുവരി 26-ാംതീയതി 12 മണിക്കു വളരെ ഭംഗിയായി നടത്തപ്പെട്ടു. പറക്കാൽ തഹശിൽദാർ ശ്രീ

എ. ബി. എൻ. റെഡ്ഡി ബി. എ. യുടെ കൃത്യം വളരെ സന്തോഷപൂർവ്വം നിർവ്വഹിച്ചു. 26-ാംതീയതി രാവിലെ 7 മണിക്കു പള്ളിയിൽ ആരാധനയും വിശുദ്ധസംസ്കാരശുശ്രൂഷയും നടത്തപ്പെട്ടു. 11½ മണിക്കു ഒരു പൊതു മീറ്റിംഗു നടത്തിയതിൽ തഹസിൽദാർ അവർകൾ അദ്ധ്യക്ഷത വഹിക്കുകയും, റവ. കെ. ഇ. ഈപ്പൻ, പറക്കാൽ മുനിസിപ്പാലിറ്റി പ്രസിഡണ്ടു ശ്രീ രങ്കാചാരി, ഗവ. മെൻറു ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മി. ലക്ഷ്മിനരസയ്യഗാരു എന്നിവർ ക്രൈസ്തവപാഠശാലകളെക്കുറിച്ചും ക്രിസ്ത്യാനർ ചെയ്യുന്ന സേവനങ്ങളെക്കുറിച്ചും പുകഴ്ത്തി പ്രസംഗിച്ചു. 90 ശതമാനം സാക്ഷരതപുലർത്തുള്ള തിരുവിതാംകൂറിൽനിന്നും മിക്ക്യൻ ഇവിടെയുള്ളവരുടെ വിദ്യാഭ്യാസപുരോഗതിക്കു ചെയ്യുന്ന സേവനങ്ങളെ പ്രകീർത്തിച്ചു തഹസിൽദാരും പ്രസംഗിച്ചു. മീറ്റിംഗു കഴിഞ്ഞു എല്ലാവരും പാട്ടുപാടി പുതിയ സ്കൂൾചണി ചെയ്യുന്നതിനുദ്ദേശിക്കുന്ന സ്ഥലത്തു പോയി റവ. ഈപ്പനച്ചൻ പ്രാർത്ഥന നടത്തി തഹസിൽദാരു അടിസ്ഥാനകല്ലു പിടിച്ചിടുകയും അതിനു മുകളിൽ കുമ്മായം ഇടുകയും ചെയ്തു. തഹസിൽദാർ, പോലീസു ഇൻസ്പെക്ടർ, ടൌൺ കുമ്മട്ടി പ്രസിഡണ്ടു, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മുതലായി ഇരുപതിൽപരം ഉദ്യോഗസ്ഥന്മാരുടെ സന്തോഷപൂർവ്വം ഈ ചടങ്ങിൽ പങ്കുകൊണ്ടതിനുശേഷം ലക്ഷ്മീക്ഷണം കഴിഞ്ഞു പോകുകയും ചെയ്തു. സ്കൂൾപണി വളരെ വേഗത്തിൽ നടക്കുന്നതിനു എല്ലാവരുടെയും പ്രാർത്ഥനയെ അഭ്യർത്ഥിച്ചുകൊള്ളുന്നു.

താഴെപ്പറയുന്നവർ അയച്ചുതന്നിട്ടുള്ള സംഭാവനകൾക്കു വളരെ നന്ദിപറയുന്നു.
ക്രിസ്മസു സംഭാവനയായി മി. റവി. വി. ജോസപ്പു, സേലം അയച്ച 10 രൂപയ്ക്കു നന്ദിപറയുന്നു.

1.	മിസ്സ് കുഞ്ഞമ്മ മാത്യു, ഒളശ്ശ	10 രൂ.
2.	ഡോ. മിസ്സ് ഇ. എം. ഫിലിഫ്സു, സെക്കന്തറാബാദ്	24 ,,
3.	മി. ജി. എം. തരകൻ, ബാംഗ്ലൂർ	15 ,,
4.	മിസ്സസ്സ് മറിയാമ്മ ജോസപ്പു, നെന്മാറ	5 ,,
5.	റവ. ജേക്കബു വറുഗീസു, മേലുകാവു	30 ,,
6.	മി. ജോർജ്ജ് ചാണ്ടി, ബോംബെ	5 ,,
7.	മി. പി. ഫിലിപ്പു, കോയമ്പത്തൂർ	5 ,,

ഇവിടെയുള്ള വേലയെ നിങ്ങളുടെ പ്രാർത്ഥനയിൽ സമർപ്പിച്ചുകൊള്ളുന്നു.

Parkal എന്നു
26 Jan. 1956 (Rev.) T. J. Joseph

പരേതനായ ഒരദ്ധ്യാപകവിരുതൻ

കോട്ടയത്തു ചെട്ടിത്തെരുവു പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർ മി. എ. കെ. ജോൺ 1956 ജനുവരിമാസം 9-ാംതീയതി 1. 30 മണിക്കു പെട്ടെന്നു നിര്യാതനായി. 12. 30 മണിവരെയും സ്കൂളിൽ പഠിപ്പിക്കുകയും, ഉച്ചഭക്ഷണത്തിനായി സ്കൂളിൽനിന്നും 4 ഫർലോങ്ങു അകലെയുള്ള മകളുടെ താമസസ്ഥലത്തു പോകുകയും ക്ഷീണം കഴിക്കുന്നതിനു മുമ്പായി ഒന്നു ഛർദ്ദിക്കുകയും ഉടൻ ബോധരഹിതനായിത്തീർന്നു ചരമംപ്രാപിക്കുകയും അത്രെ ചെയ്തുള്ളൂ. മൂന്നു ദിവസം മുമ്പു ഏതോ അസഹ്യസ്ഥിതിയുണ്ടായതു ഡോക്ടരെ സമീപിക്കുകയും ചെയ്തിരുന്നതായി അറിയുന്നു. വിവരം അറിഞ്ഞഉടനുടൻ കുട്ടികളും അദ്ധ്യാപകരും വിദൂരത്തെ പട്ടണക്കാരും എന്നു മാത്രമല്ല ചുറ്റുപാടുമുള്ള വിവിധജാതിമതസ്ഥരും വന്നുചേരുകയും പ്രാർത്ഥനയ്ക്കുശേഷം ഭൗതികശരീരം ചെങ്ങളത്തിലുള്ള തന്റെ സ്വവേനമായ ആമ്പക്കഴിയിലേക്കു കൊണ്ടുപോകുകയും ചെയ്തു. അടുത്തദിവസം രാവിലെ 10 മണിക്കു ദേവാസനപ്പള്ളി ശ്മശാനസ്ഥലത്തു വലിയ ഒരു ജനസമൂഹമദ്ധ്യേ സംസ്കാരശുശ്രൂഷ നടന്നു. ശവക്കോട്ടയിലേക്കു പോകുംവഴി പരേതൻ പഠിപ്പിച്ചിരുന്ന സ്കൂളിന്റെ മുമ്പിൽ വണ്ടി നിറുത്തുകയും, പരേതപ്രണാമാടനന്തരം വിവിധക്ലാസുകളിലെ കുട്ടികൾ തയ്യാർ ചെയ്തിരുന്നതും സ്കൂൾദിനാഘോഷികൾ കരുതിയിരുന്നതുമായ പുഷ്പചക്രങ്ങൾ കണ്ണുനിറഞ്ഞുകൊണ്ടു അർപ്പിക്കുകയും ചെയ്തതു രംഗം ഹൃദയഭേദകമായിരുന്നു.

പരേതനു 57 വയസ്സു പ്രായമായിരുന്നു. തന്റെ സേവനകാലമായ 38 വർഷവും ഈ സ്കൂളിൽതന്നെയാണു കഴിച്ചതു. അദ്ദേഹം സമർത്ഥനായ ഒരദ്ധ്യാപകനായിരുന്നു. ഒരു ദിവസമെങ്കിലും താമസിച്ചു സ്കൂളിൽ ഹാജരായിട്ടില്ലെന്നതു സഹപ്രവർത്തകരുടെ സാക്ഷ്യം. കുട്ടികളോടു വാത്സല്യപൂർവ്വം പെരുമാറുന്നതിനും, സഹപ്രവർത്തകരുടെ സഹകരണം സമ്പാദിച്ചു അദ്ധ്യയനം നടത്തുന്നതിനും അതേസമയം ശിക്ഷണം പാലിക്കുന്നതിനും തനിക്കു കഴിയുമായിരുന്നു. സ്കൂളിന്റെ അഭ്യുന്നതിക്കായി തന്റെ ദൃഷ്ടാന്തവും ഉപദേശവുംമൂലം നിരന്തരം പരിശ്രമിച്ചുപോന്നു. വേതനപുനരുദ്ധാരണത്തിനും മിക്ക്യനദ്ധ്യാപകർക്കും കുട്ടികളെ ഉത്സാഹിപ്പിച്ചു ധനശേഖരം ചെയ്യുന്നതിനു താൻ ശ്രമിച്ചുവന്നു. അവസാനമായി ബില്ലിഗ്രഹാം മിക്ക്യനവേണ്ടി കുട്ടികളോടു പണം പിരിച്ചു തന്റെ അംശവും ചേർത്തു 5 രൂപ ഭാരവാഹികളെ ഏല്പിച്ചതായി അറിയു

ന്നും. താഴത്തങ്ങാടിയിൽ മാത്തമ്മ യാക്കോബായ നേതൃത്വത്തിൽ നടത്തിവന്ന സണ്ടേസ്ക്കൂളിന്റെ പ്രഥമാദ്ധ്യാപകസ്ഥാനം ഭീർഘകാലം താൻ കയ്യേറ്റു നടത്തിവന്നു. നമ്മുടെ സഭയുടെ വിവിധകാര്യങ്ങളിൽ അദ്ദേഹം ഉത്സാഹപൂർവ്വം പ്രവർത്തിച്ചുപോന്നും. താമസംവിനാ ആയിരുന്നെങ്കിലും മുടക്കംകൂടാതെ പള്ളി ആരാധനകളിൽ സംബന്ധിക്കുന്നതിൽ തല്പരത്വം പ്രകാശിപ്പിച്ചിരുന്നു. പകലുള്ളപ്പോൾതന്നെ നമ്മുടെ വേല ചെയ്യുന്നതിനപ്പാൻ വിശ്വസ്തനും ഉത്തമനുമായ ഈ ദൈവദാസന്റെ ദൃഷ്ടാന്തം നമുക്കു പ്രേരകമായി ഭവിക്കട്ടെ.

ഡോ. ബില്ലിഗ്രഹാമും പാർട്ടിയും യാത്രപറഞ്ഞു

നാലുദിവസത്തെ അദ്ധ്വാനപരമായ പ്രവർത്തനത്തിന്റെ ശേഷം ജനു 30-ന് രാവിലെ ഏഴു മണിക്കു ബിഷപ്പുതിരുമേനിയുടെ അരമനയിൽനിന്നവർ യാത്രപറഞ്ഞു പുറപ്പെട്ടു. മി. എ വി. ജോർജ്ജിന്റെ വസതിയിൽ താമസിച്ചവരും മിക്കവാറും മിഷ്യൻ കമ്മറ്റിമാരിൽ പലരും അരമണിക്കു അരമനയിൽ കൂടുകയും പാർട്ടിയുടെ സാമാനങ്ങളെല്ലാം കാറുകളിൽ കയറ്റി യാത്രയ്ക്കു തയ്യാറാകയും ചെയ്തു. 7 മണിക്കു എല്ലാവരും കൂടെ അരമന ചാപ്പലിൽ ചേന്നു ആദ്യം God be with you till we meet again (കാണുംവരെ ഇനി നാം തമ്മിൽ) എന്നയാത്രാകീർത്തനം പാടിയതിന്റെ ശേഷം, ഡോ. ബില്ലിഗ്രഹാമിനെയും പാർട്ടിയെയും ദൈവത്തിന്റെ വല്ലഭകരങ്ങളിൽ ഭരമേല്പിച്ചും ഈ മിക്ഷ്യൻ മംഗളമായും ഫലപ്രദമായും നടത്തപ്പെട്ടതിനുവേണ്ടി സ്തോത്രംചെയ്തും ഡോ. ചപ്മൻവാർഡ്, ഇവിടെ ലഭിച്ച സൌകര്യങ്ങൾക്കും യോഗങ്ങളുടെ അനുഗ്രഹകരമായ നടത്തിപ്പിനും സ്തോത്രം ചെയ്തും ഫലങ്ങളുടെ നിലനില്പിനും പ്രത്യേകം കർത്താവായ ക്രിസ്തുവിനെ കൈക്കൊണ്ടവരുടെ സ്ഥിരതയ്ക്കുംവേണ്ടി ഡോ. ബില്ലിഗ്രഹാമും പ്രാർത്ഥിച്ചു. പുറത്തിറങ്ങി ഓരോരുത്തർക്കും കൈകൊടുത്തു യാത്ര പറഞ്ഞു കാറുകളിൽ കയറി പുറപ്പെടുകയും ചെയ്തു. ബിഷപ്പുതിരുമേനിയോടുകൂടെ നമ്മുടെ മഹായിടവക അതുത്തിയായ പത്തനാപുരത്തെത്തി പുതുവൽ പള്ളിയങ്കണത്തിൽ സജ്ജീകരിച്ചിരുന്ന ലഞ്ചിൽ പങ്കുകൊണ്ടതിന്റെ ശേഷം അവിടെ വന്നുകൂടിയിരുന്ന 600-ൽപരം ആളുകളോടു ദൈവ വചനം പ്രസംഗിച്ചു അവരെ ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉറപ്പിച്ചു പ്രാർത്ഥിച്ചു ബിഷപ്പു തിരുമേനിയോടും യാത്ര പറഞ്ഞു പാളയം കോട്ടേക്കു പോകയും ചെയ്തു. "അതിശയമുള്ളവനെ സ്തുതിച്ചീടുന്നേൻ ; അളവില്ലാ വല്ലഭനെ സ്തുതിച്ചീടുന്നേൻ."

ഹോസ്പിറ്റൽ ഞായറാഴ്ച

പതിവുപോലെ ഫെബ്രു. 12-ന് ഞായറാഴ്ച ആസ്പത്രി ഞായറാഴ്ചയായി ആചരിക്കുന്നതിനുള്ള ക്ഷണം ക്രൈസ്തവ മെഡിക്കൽ സമിതി പുറപ്പെടുവിച്ചിരിക്കുന്നു. അന്നേദിവസം പള്ളികളിലൊ കൂട്ടങ്ങളിലൊ ഉപയോഗിക്കുന്നതിനായി ഒരു ശ്രുശ്രൂക്ഷക്രമവും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രഴിപാടും മറ്റു സംഭാവനകളും ലൂഡിയാന മെഡിക്കൽ കോളജിന്റെ വിപുലീകരണത്തിനായി മുൻവർഷത്തെപോലെ ഇപ്രാവശ്യവും നൽകണമെന്നപേക്ഷിച്ചിരിക്കുന്നു. അവിടെ ഇപ്പോൾ പരിശീലനത്തിലിരിക്കുന്ന 235 വിദ്യാർത്ഥികളും 85 പരിചാരികമാരുമുണ്ട്. രോഗശാന്തി ശ്രുശ്രൂക്ഷയുടെ വിവിധ വശങ്ങളെപ്പറ്റി ഒരു കൂടിയാലോചന നടത്തുന്നതിലേക്കു ഒരേക്ഷ്യൻ സമ്മേളനം അടുത്ത കാലത്തു കൂടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു.

ഈ മാസത്തെ മറ്റു പ്രാർത്ഥനകൾ—ഫെബ്രു. 17 തിയ്യതി വെള്ളിയാഴ്ച സ്ത്രീകളുടെയും കുട്ടികളുടേയും പേർക്കു പ്രത്യേകം പ്രാർത്ഥിക്കുന്നതിനായി വേർതിരിച്ചിരിക്കുന്നു. ലോകത്തിലെ 120 രാജ്യങ്ങളിൽ അതാചരിച്ചുവരുന്നു.

ഫെബ്രു. 19 തിയ്യതി ഞായറാഴ്ച അഖിലലോക വിദ്യാർത്ഥികൾക്കായി വിദ്യാർത്ഥിക്രൈസ്തവ ഫെഡറേഷൻ നിശ്ചയിച്ചിരിക്കുന്ന ദിനമാണ്. ഇന്ത്യയിലുള്ള സർവ്വവിദ്യാർത്ഥികളേയും നമ്മുടെ പ്രാർത്ഥനയിൽ സ്മരിക്കും—ഇന്ത്യൻ, യൂറോപ്യൻ, അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ എന്നീ ദേശക്കാരെല്ലാം, ഫെഡറേഷന്റെ ഇന്ത്യയിലുള്ള ശാഖയാണ് എസ്സ്. സി. എം. അതിന്റെ ശാഖകൾ ഇന്ത്യയിലിപ്പോൾ 175 യൂണിയനുണ്ട്. അതിലെല്ലാംകൂടെ 8000 അംഗങ്ങളുമുണ്ട്.

ഇന്ത്യയിലെ സുവിശേഷൈക്യസമിതി. ഇവാഞ്ചെലിക്കൽ ഫെലോഷിപ്പു എന്നൊരു സംഘടനയുടെ ആഭിമുഖ്യത്തിലാണല്ലൊ ഡോക്ടർ ബില്ലിഗ്രഹാമിന്റെ മിക്ഷ്യൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെട്ടതു. അതിന്റെ ഒരു പ്രാദേശിക സമ്മേളനം സിംലായിൽവെച്ചു ഫെബ്രുവരി 3, 4 തീയതികളിൽ നടത്തപ്പെടുകയുണ്ടായി. അതിലെ പ്രധാന ചർച്ചാ

വിക്ഷയം ഇന്ത്യയിലെ ക്രൈസ്തവസഭയുടെ ആത്മിക ഉണർവ്വ് ഏന്നായിരുന്നു. ഡോ. ബില്ലി ഗ്രഹാം ഫെബ്രുവരി 5, 6 തീയതികളിൽ നടത്തിയ മിക്ക്യൻയോഗങ്ങളിൽ പ്രതിനിധികൾക്ക സംബന്ധിപ്പാൻ സൌകര്യപ്പെടത്തുകയുണ്ടായി. ആ അവസരത്തിൽ നടത്തിയതു്.

നാഷ്യനൽ ക്രിസ്ത്യൻ കൌൺസിലിന്റെ പതിമൂന്നാമത്തെ പ്രൈവർക്കിക സമ്മേളനം അടുത്ത ഒക്ടോബർ 11—16 തീയതികളിൽ അലഹബാദ് അഗ്രികൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചു നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. സമ്മേളനത്തിലെ പൊതു ചിന്താവിഷയം "ഉത്തരവാദിത്വമുള്ള ശിക്ഷ്യത്വം" എന്നാണ്. വിവിധ വിഷയങ്ങളെപ്പറ്റി പഠിച്ചു ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു നാലു കമ്മീഷനെ ഏർപ്പെടുത്തിട്ടുണ്ട്. (1) ഓരോ സ്ഥലത്തെ സഭായോഗങ്ങളുടെയും ജീവിതവും പ്രവർത്തനവും. (2) ക്രിസ്തീയ സേവനം. (3) സഭയും രാഷ്ട്രവും. (4) ദേശീയവും പ്രാദേശികവുമായ കൌൺസിലുകൾ. ഇതു സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ ഏപ്രിൽ. സി. സി. ഈ മാസത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നതാണ്.

കൂവൈറ്റ് മലയാളി ക്രൈസ്തവ സഭായോഗം

കുവൈറ്റിൽ ജോലിക്കായി പോയി താമസിക്കുന്ന ക്രൈസ്തവ മലയാളികളുടെ ഒരു സംയുക്ത സഭായോഗത്തിന്റെ ആദ്യം വാർഷിക റിപ്പോർട്ടിന്റെ ഒരു പ്രതി നമ്മിപ്പുവ്വും കൈപ്പറ്റിയിരിക്കുന്നു. 1955 ആരംഭത്തിലുണ്ടായിരുന്ന അംഗസംഖ്യ 111 അവസാനത്തിൽ 102 ആയി കുറഞ്ഞു. ആണ്ടുതോറും തെരഞ്ഞെടുക്കപ്പെടുന്ന 12 പേരുള്ള ഒരു മാനേജിംഗ് കമ്മറ്റിയാണ് കാര്യനിർവ്വഹണം നടത്തുന്നതു്. അതിന്റെ അദ്ധ്യക്ഷൻ അവിടെയുള്ള ഒരംഗ്ലോ ഇന്ത്യൻ പട്ടാക്കാരൻ റവ. ആർ. ഡി. ജി. പിയേഴ്സനാണ്. അദ്ദേഹം ഒക്ടോബറിൽ സ്ഥലം വിട്ടതിനാൽ താൽസ്ഥാനത്തേക്ക് റവ. ഡി. ആർ. ആക്ഷ്ടറൻ എന്നയാളെ തെരഞ്ഞെടുത്തു. ആഴ്ചതോറുമുള്ള ദിവ്യാരാധന ശനിയാഴ്ച വൈകുന്നേരം അമ്മാടിയിലുള്ള സെന്റ് പോൾസ് ദേവാലയത്തിൽവെച്ചാണ് പതിവായി നടത്തപ്പെടുന്നതു്. സാമാന്യമായി റവ. പിയേഴ്സനാണ് അതിൽ സംബന്ധിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നതു്. തിരുവത്താഴശുശ്രൂഷ രണ്ടു പ്രാവശ്യം റവ. പി. ജെ. തോമസിന്റെ സന്ദർശനവേളയിൽ നടത്തപ്പെട്ടു. രണ്ടു വിവാഹങ്ങൾ ഒന്നു റവ. പിയേഴ്സനും മറ്റേതു റവ. പി. ജെ. തോമസും നടത്തി. ഗായകസംഘം മുമ്പുണ്ടായിരുന്നതു നിന്നുപോയെങ്കിലും പുതുവർഷത്തിൽ വീണ്ടും രൂപീകരിക്കപ്പെടുമെന്നറിയിക്കുന്നു.

സന്ദർശകരുടെ കൂട്ടത്തിൽ പ്രസ്താവ്യം അങ്കോല ആശ്രമത്തിലെ മദർതോമ്മ വൈദികൻ റവ. പി. ജെ. തോമസവർകളായിരുന്നു. അവിടെ 17 ദിവസം താമസിക്കുകയും പല ശുശ്രൂകളും പ്രസംഗങ്ങളും നിർവ്വഹിക്കുകയും ചെയ്തു. വേറൊരു സന്ദർശകൻ ഇറാക്കിനിന്നും വെന. ആർച്ച് ഡീക്കൻ സി. വി. റോബർട്ട്സവർകളായിരുന്നു. സഭായോഗം വക ഒരു ലൈബ്രറിയുള്ളതു അംഗങ്ങൾ ക്രമമായി ഉപയോഗിച്ചുവരുന്നു.

ഓരോ വക്കുത്തെയും ചെലവുകൾ അംഗങ്ങളുടെ വരിസംഖ്യയും ആരാധനയിലെ ധർമ്മശേഖരവുംകൊണ്ടാണ് നടത്തപ്പെട്ടതു്. സഹായധനമായി വെണ്ണിക്കുളത്തെ സാധുജന സഹായ സംഘത്തിനും തിരുവല്ലായിലെ ഉമ്മബധിര സ്കൂളിനും ത്രിശ്ശൂർ ചേതൽ ആശ്രമത്തിനും കൂടെ 86 കു. യും അങ്കോല ആശ്രമത്തിനും മറ്റുമായി റവ. പി. ജെ. തോമസിനു 850 കു. യും നൽകിയിട്ടുണ്ട്. മിഷ്യനറി പ്രയത്നം നേരിട്ടു ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം അവിടെ അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഒരു വായനശാലയും ലൈബ്രറിയുമുള്ള ഒരു സ്ഥാപന നടത്തിക്കൊണ്ടു പോകുന്നതിനെപ്പറ്റി സാദ്ധ്യതയെപ്പറ്റി ആലോചിച്ചു വേണ്ടതു ചെയ്യുന്നതു ആശാസ്യമായിരിക്കും. ആവതു ചെയ്യുന്നതിന്റെ ആവശ്യമാണല്ലോ ക്രൈസ്തവധർമ്മം.

സുവിശേഷീകരണം

ഡോ. ബില്ലിഗ്രഹാം

സുവിശേഷയത്നത്തിനു വിവിധ രീതികളുണ്ട്. അവയിൽ പ്രധാനമായതൊന്നു ചലച്ചിത്രമാണു. ചലച്ചിത്രപ്രദർശനംമൂലം രണ്ടുലക്ഷം ആളുകൾ മാനസ്സാന്തരപ്പെട്ടിട്ടുണ്ടു. വേറൊന്നു വർത്തമാനപ്പത്രങ്ങളാണു. അമേരിക്കയിൽ 26 പത്രങ്ങൾ മുഖേന സുവിശേഷോപന്യാസം നടത്തുന്നുണ്ടു. മറ്റൊരു നൂതനമാർഗ്ഗം ടെലിവിഷനാണു. പ്രസംഗിക്കുന്നയാളിന്റെ പടം കണ്ടുകൊണ്ടു പ്രസംഗം കേൾക്കുന്നതു വെറും കേൾവിയേക്കാൾ ശക്തിമത്തും ഫലകരവുമാകയാൽ അതിന്റെ പ്രയോഗാഭിവൃദ്ധി ആഗ്രഹിക്കത്തക്കതും പ്രോത്സാഹിപ്പിക്കേണ്ടതു

തുമാണ തന്നെ. ഇവയെല്ലാം ആത്മാക്കളെ നേടുന്നതിനുള്ള നവിനമാർഗ്ഗങ്ങളാണ. ശക്തി യേറിയതും കൂടുതൽ ഫലപ്രദവുമായ ഈ നൂതനമാർഗ്ഗങ്ങളെ ഒരുപയോഗപ്പെടുത്താതെ ഉത്തമോദ്ദേശനിവൃത്തിക്കായി അധികമധികം ഉപയോഗപ്രദമാക്കുകയാണ നാം ചെയ്യണ്ടത്.

അടുത്ത മെയ്മാസത്തിൽ പ്യൂയോക്കു നഗരത്തിൽ നടത്താനുദ്ദേശിക്കുന്ന സുവിശേഷസംരംഭത്തിനു വേണ്ടി നിങ്ങളുടെ പ്രാർത്ഥനയും ആവശ്യമാണ ഈ യോഗങ്ങൾക്കുവേണ്ടി ലോകത്തിന്റെ നാനാഭാഗത്തും പ്രാർത്ഥനകൾ നടന്നുകൊണ്ടിരുന്നതു പോലെ അതിനുവേണ്ടിയും ലോകമെങ്ങുമുള്ള പ്രാർത്ഥനയാവശ്യമാണ്.

ഇവാൻസ്റ്റൻ സമ്മേളനത്തിൽ നിന്നു അഖിലലോകസുവിശേഷീകരണത്തിനൊരാഹ്വാനമുണ്ടായിട്ടുണ്ട്. ഫലപ്രാപ്തിയിലെത്തുന്നതുവരെ സുവിശേഷയത്നം തുടർന്നു ചെയ്യുകൊണ്ടിരിക്കണം. സുവിശേഷോദ്ഘോഷണത്തെ ശക്തിപ്പെടുത്തത്തക്കവണ്ണം വേദശാസ്ത്രം ശ്രുഷ്ത രപ്പെട്ടുവരുന്നുണ്ട്. സുവിശേഷപരിശ്രമങ്ങൾ സഭയെ കേന്ദ്രീകരിച്ചു ചെയ്യണ്ടതാണ. ഓരോ സഭാംഗവും ഒരു സുവിശേഷകനായിരിക്കണം. കർത്താവിന്റെ ആജ്ഞ ഏവർക്കുമുള്ളതാണ. ക്രിസ്തുവിനെ സ്നേഹിക്കുന്നവരെല്ലാം അങ്ങനെ ചെയ്യേണ്ടതാണ. മാത്രമല്ല ക്രിസ്തുവിലല്ലാത്തവരെല്ലാം ന്യായവിധിയിൽ അകപ്പെടുകയും ചെയ്യും. ലോകാവസ്ഥ നോക്കിയാൽ സുവിശേഷീകരണയത്നം അത്യാസന്നാപേക്ഷിതമായിട്ടാണിരിക്കുന്നതു. ലോകവിപത്തായി തീർന്നിരിക്കുന്ന മാരകായുധങ്ങളുടെ ശീഘ്രനിർമ്മാണഗതിയാലുളവായിരിക്കുന്ന വിശമപ്രശ്നത്തിനുള്ള ഏകപരിഹാരം ക്രിസ്തുതന്നെ.

സുവിശേഷകനെന്താണ. കൃപയെക്കുറിച്ചുള്ള ക്ലാസിനു മുമ്പായി ന്യായപ്രമാണം പ്രസംഗികണം. നാം എല്ലാവരും പാപികളാണ. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപം ചെയ്യുന്ന ആത്മാവു മരിക്കും. അവനു ദൈവവുമായിട്ടുള്ള ബന്ധമില്ല. അവനു രക്ഷയില്ല. എന്നാൽ അനുതപിച്ചു ഏറ്റു പറയുന്നവനു പാപമോചനം ലഭിക്കും. അവൻ ക്രിസ്തുവിൽവിശ്വസിക്കുകയും ക്രിസ്തോപദേശം അനുസരിക്കുകയും വേണം. സുവിശേഷസത്യങ്ങളെ പ്രതിദിനജീവിതത്തിൽ പ്രായോഗികമാക്കണം ആത്മാവിനെ പ്രാപിച്ചു ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകണം. സഭയുടെ കൂട്ടായ്മയിൽ പ്രവർത്തിച്ചു സഭയെ ശക്തിപ്പെടുത്തണം. ക്രിസ്തുയ ചൈതന്യം ജീവിതത്തിൽ വിളങ്ങണം. പ്രസന്നതയും ദയയും പരിചിന്തയും പ്രശാന്തതയുമുള്ളവരായിരിക്കണം.

സുവിശേഷകനോദ്ഘോഷണകൃത്യം ഏതു സാഹചര്യത്തിലും ചെയ്യണ്ടതാണ, എവിടെയും ആരോടും പറയണം. ഒരുമിച്ചു വരുമ്പോൾ ഇതരകാര്യങ്ങളെക്കുറിച്ചാണ സാധാരണ സംസാരം. ഓരോ പ്രസംഗവും ഓരോ തീരുമാനത്തിലേക്ക എത്തിക്കുന്നതായിരിക്കണം. തീരുമാനത്തിന്റെ ശേഷമുള്ള കരുതലും പുലർത്തലും അത്യാവശ്യമാണ പുതുജീവൻ പ്രാപിച്ചവൻ ശിശുവിനെപ്പോലെയാണ്. നിരന്തരശ്രദ്ധയും കരുതലും പോഷണവും ആവശ്യമാണെന്നു മറക്കരുതു.

ഏതാനും പൊതുപ്രമാണങ്ങൾ സുവിശേഷകനോദ്ഘോഷണത്തിൽ പാലിക്കുന്നതിനുണ്ട. (1) നിനക്കൊരു സുവിശേഷം പ്രസംഗിക്കുന്നതിനുണ്ടെന്നു നിശ്ചയമായി ഓർത്തുകൊൾക. (2) അധികൃതപ്രസ്താവനയായി ബഹുനിശ്ചയത്തോടെ പ്രസംഗിക്ക. സംശയാസ്പദമായി ഒന്നും ജനങ്ങളുടെ മുമ്പാകെ വെക്കരുതു. (3) സുവിശേഷസത്യങ്ങൾ ലളിതമായി വെളിപ്പെടുത്തുക. (4) അടിയന്തരഭാവത്തായി പ്രസ്താവിക്ക. (5) ഒരു തീരുമാനത്തിൽ എത്തിക്കാതെ പ്രസംഗം അവസാനിപ്പിക്കരുതു. സുവിശേഷം നമ്മുടെ പ്രധാനകൃത്യമായി സ്വീകരിച്ചു ഈ യോഗത്തിൽനിന്നു പിരിയാം. ദൈവം അനുഗ്രഹിക്കട്ടെ.

ബില്ലിഗ്രഹാം മിഷ്യൻ സമാപനയോഗം

ഡോ. ബില്ലിഗ്രഹാം ഞായറാഴ്ച വൈകുന്നേരമുണ്ടായിരുന്ന സമാപനയോഗത്തിൽ രണ്ടു പ്രസംഗങ്ങൾ ചെയ്തു. പ്രാരംഭമായി നമ്മുടെ ബിഷപ്പുതിരുമേനി എല്ലാവരുടെയും പേർക്കായി ഡോ. ബില്ലിഗ്രഹാമിനു നന്ദിപറകയും എല്ലാവരിനുമായി മൈത്രിനു സ്തോത്രം ചെയ്യുകയും ചെയ്തു. തനിക്കും പാർട്ടിയിലുള്ള മറ്റുള്ളവർക്കും അവർക്കു ലഭിച്ച സ്വാഗതത്തിനും

സല്ലാരത്തിനും മയാപൂവ്വമായ സഹകരണത്തിനും വിശിഷ്യ ബിഷോപ്പുതിരുമേനിക്കും കമ്മറ്റി ക്കാർക്കും നന്ദിപറകയും എല്ലാവരുടെയും പ്രാർത്ഥനയോടുകൂടെ പറഞ്ഞയക്കുന്നതിനപേക്ഷി കയും ചെയ്യുന്നു. ഇത്ര മനോഹരമായ പരിതസ്ഥിതിക്കും വമ്പിച്ച ആൾക്കൂട്ടത്തിനും ശ്രദ്ധാ പൂവ്വമായ വചനകേൾവിക്കും വലുതായ ഫലപ്രാപ്തിക്കുംവേണ്ടി ദൈവത്തെ സ്തുതിക്കുന്നു. കർത്താവായ ക്രിസ്തുവിനെ കൈക്കൊളുന്നതിനുള്ള വിളിയനുസരിച്ചു വന്നിരുന്ന ആയിരങ്ങ ളുടെ കൂട്ടത്തിൽ ഒരു മുഹമ്മദീയനും നാല്പതോളം ഹിന്ദുക്കളും ഏതാനും റോമൻ കത്തോലിക്കരും ഉൾപ്പെട്ടിരുന്നു. ഇതെല്ലാം ലോകത്തിന്റെ നാനാഭാഗത്തുനിന്നും ദൈവത്തിങ്കലേക്കയയ്ക്ക പ്പെട്ട പ്രാർത്ഥനകളുടെ ഫലമാണെന്നു അദ്ദേഹം പ്രസ്താവിച്ചു. എന്റെ ആഗ്രഹവും അഭ്യർ ത്ഥനയോടുള്ള ഉദ്ദേശവും അനേകർ ക്രിസ്തുവിങ്കലേക്കു വരണമെന്നുള്ളതാണ്. അതിൽ കൂടുതലായ പ്രതി ഫലമൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തുവാകുന്ന സത്യവും, അതാകുന്ന ഏറ്റവും മനോ ഹരം. ഇപ്പോൾ ഇവിടെ എടുക്കുന്ന ചലച്ചിത്രം ഫിലിമാക്കി ഇവിടെ അയച്ചുതരുമ്പോൾ നിങ്ങൾക്കു കാണാവുന്നതാണ്.

ആദ്യം സുവിശേഷപരമായി കുരുടനായിരുന്ന ബാത്തീമായിക്കു യേശുവിനെ സമീപി ച്ചതിനാൽ കാഴ്ച കിട്ടിയതുപോലെ ആത്മിക കുരുടരായിരിക്കുന്ന ഏവരേയും ക്രിസ്തുവിങ്കലേക്കു ആഹ്വാനം ചെയ്തുകൊണ്ടു പ്രസംഗിച്ചു. തൽഫലമായി ആയിരത്തിലധികം സ്ത്രീപുരുഷന്മാർ എഴുന്നേറ്റു വന്നു അവർക്കായി നിശ്ചയിച്ചിരുന്ന സ്ഥലത്തു കൂടുകയും തങ്ങളെത്തന്നെ പ്രതി ഷ്ഠിക്കുയും ചെയ്തു. കൌൺസല്ലറന്മാർ അവരെ സമീപിച്ചുപദേശിക്കയും വിവരങ്ങൾ ഒരു കാർഡിൽ അവരോടു ചോദിച്ചെഴുതി ഒപ്പിട്ടു വാങ്ങിക്കയും ചെയ്തു. അവരവർ ചേർന്നിരി ക്കുന്ന സഭകളിലെ പട്ടക്കാർക്കോ പ്രവർത്തകർക്കോ കാർഡുകൾ അയച്ചുകൊടുത്തു അവരുമായിട്ടു ള്ള ബന്ധത്തിലും ഇടപാടിലും ഏർപ്പെട്ട അവരുടെ ക്രിസ്തീയ ജീവിതഗതിക്കു സഹായമായിത്തീ രുന്നതാണ്. മൂന്നു ദിവസങ്ങളിലും പ്രസംഗശേഷം ക്ഷണിക്കപ്പെട്ടവരുടെ എണ്ണം ആകെ മൂവായിരത്തിലധികമായിരുന്നു. പെന്തക്കോസ്തു ദിനം യരുശലേമിൽ എന്നപോലെ കാലാ ന്തരത്തിൽ കോട്ടയത്തു ആവർത്തിക്കപ്പെട്ടതായി കരുതാവുന്നതാണ്. മാത്രവുമല്ല അവരിൽ 40 ഹിന്ദുക്കളും, ഒരു മുഹമ്മദീയനും, 34 റോമൻ കത്തോലിക്കരുണ്ടായിരുന്നെന്നു പ്രസ്താവ്യ മാണ്. അവരുടെ സുസ്ഥിരമായ നിലനില്പിനുവേണ്ടി ഏവരുടെയും പ്രാർത്ഥന അപേക്ഷിച്ചു കൊളുന്നു.

പ്രോട്ടസ്റ്റന്റു മിഷ്യന്റെ കാൽ സഹസ്രാബ്ദജൂബിലി യുടെ സമാപന പരിപാടികൾ

ട്രാൻകിബാറിലെ ആഭ്യന്തരക്ഷങ്ങൾ അവസാനിച്ചശേഷം ജൂബിലിയുടെ സമാപന പരി പാടികൾ മദ്രാസിൽവെച്ചു നടത്തപ്പെട്ടു. വിദേശ പ്രതിനിധികളും സന്ദർശകരുമെല്ലാം ജനുവരി 14-ാം തീയതി മദ്രാസിലേക്കു പോയി 15-ാം തീയതി ഞായറാഴ്ച മദ്രാസു നഗരത്തിലെ പ്രോട്ട സ്റ്റന്റു പള്ളികളിലെല്ലാം വിദേശ സന്ദർശകരുടെ പ്രസംഗങ്ങളുണ്ടായിരുന്നു. 16-ാം തീയതി തിങ്കളാഴ്ച തമിഴ്നാട്ടു ക്രൈസ്തവ കൌൺസിലിന്റെ വകയായി വിദേശ പ്രതിനിധികൾക്കും സന്ദർ ശകർക്കുമായി ഒരു സ്വീകരണയോഗം നടത്തുകയുണ്ടായി. 600 പേർ അതിഥികളായിരുന്നു. മദ്രാസ് ബിഷോപ്പു റൈറ്റ് റവ. ഡി. ചെല്ലപ്പാ ആയിരുന്നു അദ്ധ്യക്ഷം വഹിച്ചതു്. സ്ഥാനമൊഴിഞ്ഞ ബിഷോപ്പിനും പുതിയ ബിഷോപ്പിനും മംഗളപത്രങ്ങൾ തദവസരത്തിൽ സമർപ്പിച്ചു. സഭാ യോജിപ്പിനുള്ള ഒരു ശക്തിമത്തായ ആഹ്വാനം നൽകിയതിന്റെ ശേഷം ഇന്ത്യയിൽ മിഷ്യനറി സമൂഹങ്ങൾ ഇതുപര്യന്തം നിവ്വഹിച്ചിട്ടുള്ള സേവനങ്ങളെ അനുസ്മരിപ്പിക്കയും ചില കണക്കുകൾ മൂലം അവയുടെ വിവിധതരവും വിപുലതരവും വെളിപ്പെടുത്തുകയും ചെയ്തു. 26000 വിദ്യാർത്ഥിക ളുള്ള 43 പ്രൊട്ടസ്റ്റന്റു ക്രിസ്ത്യൻ കോളജുകളും, 345 ഹൈസ്കൂളുകളും 512 മിഡിൽ സ്കൂളുക ളും ആയിരങ്ങളായ പ്രാഥമിക സ്കൂളുകളുമുണ്ട്. 108 ട്രെയിനിങ്ങു സ്കൂളുകളും 64 കൈത്ത സെറിൽമെന്റുകളും 40 സഹകരണ സംഘങ്ങളും 44 അച്ചടിശാലകളും 139 അനാഥശാലകളും 10 അന്ധബധിര സ്കൂളുകളും 123 സാമൂഹ്യ ക്ഷേമ സംഘടനകളും 89 വ്യവസായ ശാലകളും 266 മിക്ച്വനറിസ്ത്രീകളും 223 ഡിസ്പെൻസറികളും 13 ക്ഷയരോഗ മന്ദിരങ്ങളും 3 മെഡിക്കൽ

വിദ്യാലയങ്ങളുമുണ്ട്. ഇന്ത്യയിൽ ആകെയുള്ള പരിചാരികമാരിൽ 75 ശതമാനവും ക്രിസ്ത്യാനികളാണ്.

ഡോ. സാൻഡിഗ്രൻ ബിഷപ്പിന്റെ പ്രസംഗത്തിൽ ഏഷ്യൻ രാജ്യങ്ങളുടെയും സഭകളുടെയും ഏതല്പംവരെ ഉണർച്ചയെപ്പറ്റിയും ഏഷ്യയിലെങ്ങും ജീവിതരൂപാന്തരം വരുത്തുന്ന സമാധാനസുവാർത്ത പ്രചരിപ്പിക്കുന്നതിൽ ഇന്ത്യയിലെ ക്രൈസ്തവ സഭയ്ക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും പ്രസ്താവിച്ചു. സമ്മേളനാദ്ധ്യക്ഷം വഹിച്ച രാജകുമാരി അമൃതകൗർ ചെയ്ത പ്രസംഗത്തിൽ ഇന്ത്യൻ ദേശീയനിർമ്മാണത്തിൽ മിഷനറിമാർ നിർവ്വഹിച്ച മഹത്തായ പങ്കിനെ അഭിനന്ദിക്കുകയും അവരുടെ അദ്ധ്വാനങ്ങൾക്കു പ്രേരകമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സൂക്തങ്ങളെ പുകഴ്ത്തുകയും ചെയ്തു. ഹിന്ദുമതം പരസഹിഷ്ണുതയുള്ളതെങ്കിലും ചിലടത്തു മിഷനറിമാരുടെ മതപരിവർത്തനയത്നങ്ങളെ അപലപിച്ചു തുടരുന്നുണ്ടെന്നുള്ളതും വെളിപ്പെടുത്തി. വാക്കുകൊണ്ടു മാത്രമല്ല ജീവിതനടപടികൾകൊണ്ടും ക്രിസ്തുപദേശത്തിന്റെ മാഹാത്മ്യത്തിനു സാക്ഷ്യം വഹിക്കണമെന്നും വ്യക്തമാക്കി. ഒരു സമുദായത്തിന്റെ മേന്മയും ശക്തിയും അതിന്റെ സംഖ്യാബലത്തിലല്ല അതിന്റെ ഗുണവിശേഷത്തിലാണ് സ്ഥിതി ചെയ്യുന്നതു്. വിശ്വാസമാണു വിജയത്തിനു മുഖ്യമെന്നും സ്നേഹമാണു എല്ലാറിനെയും ജയിക്കുന്നതെന്നും വിദ്വേഷത്തിനു പകരം സ്നേഹവും നൈരാശ്യത്തിനു പകരം പ്രത്യാശയും വ്യാകുലത്തിനു പകരം സന്തുഷ്ടിയും പുലർത്തണമെന്നുള്ള അസ്സീസ്സിയിലെ ഫ്രാൻസിസിന്റെ പ്രാർത്ഥനയെ അനുസ്മരിപ്പിച്ചവസാനിപ്പിച്ചു.

അമേരിക്കയിലെ ഐക്യ ലൂഥറൻ സഭയുടെ പ്രസിഡണ്ട് ഡോ. ഫ്രൈ, സ്വീഡൻ രാജാവിന്റെ പ്രതിനിധി മിസ്സസ്സ് അൽവാമിർമാർ, ജർമ്മനിയിലെ ലൂഥറൻ ബിഷപ്പു ഡോ. ലിൽജി എന്നീ വിദേശീയരുടെയും മി. തമ്പുരാൽ സി. എസ്സ്. ഐ. മോഡറേറ്റർ സുമിത്ര ബിഷപ്പു എന്നീ സ്വദേശീയരുടെയും വിലയേറിയ ഉദ്ബോധനങ്ങൾ പ്രസംഗങ്ങൾ കഴിഞ്ഞശേഷം സമ്മേളനം സമാപിക്കയും ചെയ്തു.

സണ്ടെസ്കൂൾ കത്ത്

പ്രിയ സ്നേഹിതരേ,

കഴിഞ്ഞ മൂന്നു മാസങ്ങളിലായി കോട്ടയം, അപ്പുക്കര, പള്ളം, പൂവത്തൂർ, മുണ്ടകയം, എറികാട്ട, കുഴിക്കാല, എന്നീ ഇടവകകളിലെ സണ്ടെസ്കൂൾ അദ്ധ്യാപകയോഗങ്ങളിൽ എനിക്കു സംബന്ധിപ്പാൻ സാധിച്ചു. എല്ലാ സ്ഥലങ്ങളിലും അദ്ധ്യാപകരിൽ ഭൂരിഭാഗവും അവയിൽ സംബന്ധിക്കയും ചെയ്തു. അവിടവിടങ്ങളിലെ അദ്ധ്യാപകരെയും, ഇടവകാധികാരികളേയും അവരുടെ ഈ ഉത്സാഹത്തിൽ അഭിനന്ദിക്കുന്നു. എന്നാൽ അനേക നാളുകളായി ഇപ്രകാരമുള്ള സമ്മേളനങ്ങൾ നടക്കാത്ത സ്ഥലങ്ങൾ കുറവല്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ കഴിയുന്നതും വേഗത്തിൽ അദ്ധ്യാപകയോഗങ്ങൾ നടത്തുന്നതിനു താല്പര്യപ്പെടണമെന്നു അപേക്ഷിക്കുന്നു. സാധാരണഗതിയിൽ എല്ലാ മാസങ്ങളിലും രണ്ടാമത്തേയും നാലാമത്തേയും ആഴ്ചകളിൽ ശനിയാഴ്ചയോ ഞായറാഴ്ചയോ അങ്ങനെയുള്ള യോഗങ്ങളിൽ സംബന്ധിക്കുന്നതിനു എനിക്കു സൌകര്യം ഉണ്ട്. വിവരം നേരത്തെ അറിയിക്കണമെന്നു മാത്രമെയുള്ളൂ.

ക്രമമായി ആണ്ടുതോറും ഡിസ്ട്രിക്ടിന്റെ വകയായി അദ്ധ്യാപകസമ്മേളനം നടത്തുന്ന ഒരു ഡിസ്ട്രിക്ട് ആണ് മല്ലപ്പള്ളി. ഈയാണ്ടിലും ക്രിസ്തുമസ്സു അവധിക്കാലത്തു അതു നടക്കുന്നതാണ്. ഈ നല്ല മാതൃക മറെറല്ലാവരും അനുകരിച്ചെങ്കിൽ എത്ര നല്ലതായിരുന്നു. ഇപ്രകാരം ഡിസ്ട്രിക്ട് സമ്മേളനങ്ങൾ നടത്തുന്ന മറെറാരു ചില ഡിസ്ട്രിക്ടുകളുമുണ്ടെന്നുള്ളതു വിസ്മരിക്കുന്നില്ല. നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി സഭകളായിട്ടും, ഇടവകകളായിട്ടും, ഡിസ്ട്രിക്ടുകളായിട്ടും എത്ര കുറച്ചു മാത്രമെ നാം പ്രയത്നിക്കുന്നുള്ളൂ എന്നുള്ളതു ചിന്തിക്കുമ്പോൾ മനസ്സിലാക്കാം.

ഈയാണ്ടത്തെ സണ്ടെസ്കൂൾ ദിനം എല്ലാ സ്ഥലങ്ങളിലും ഭംഗിയായും പ്രയോജനകരമായും ആഘോഷിച്ചു എന്നു വിശ്വസിക്കുന്നു. ചില സ്ഥലങ്ങളിൽ പൊതുയോഗങ്ങളും, അനേകം പ്രസംഗങ്ങളും നടത്തിയതായും അറിയുന്നു. അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. കുട്ടികൾക്കുവേണ്ടി അന്നു ദിവസം മത്സരകളികൾ നടത്തി സമ്മാനങ്ങൾ കൊടുത്തതായും അറിയുന്നു. അതു എല്ലായും തെറ്റായ ഒരു സംഗതിയാണ്. ശാബ്ബതിനെ വിശുദ്ധമായി ആചരിക്കണമെന്നു പഠിപ്പിക്കുന്ന നാം അതിനെ ലംഘിച്ചു കാണിക്കുന്നതു കരികുലും ശരിയല്ല. ഈ നടപടി ആവർത്തിക്കാതിരിപ്പാൻ ശ്രദ്ധിക്കണമേ.

[ശേഷം കവർ 2-ാം പേജിൽ]